www.facebook.com/samakalikajanapadham/

# സമകാലിക ജനപഥം

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

2021 നവംബർ 1 ₹ 12 പുസ്തകം 8 ലക്കം 4




ഗുരുവായൂർ സത്യാഗ്രഹനവതി

സിൽവർലൈനിൽ ആശങ്കവേണ്ട

വാക്സിനെടുത്ത കേരളം

പി. വത്സലയുമായി മുഖാമുഖം

മലയാളം അച്ചടിക്ക് 200 വയസ്സ്

മലയാളത്തിന്റെ പൂർവ്വകാന്തികൾ

# അഭിമാനമാണ് കേരളം

# സാമൂഹ്യ
# സുരക്ഷാപെൻഷൻ
## നിരാലംബരായ മനുഷ്യരുടെ
# അതിജീവനോപാധി



ഇൻഫർമേഷൻ
പബ്ളിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

എഡിറ്റർ
**എസ്. ഹരികിഷോർ ഐ.എ.എസ്**
അഡീഷണൽ എഡിറ്റർ
**കെ. അബ്ദുൽ റഷീദ്**
ഡപ്യൂട്ടി എഡിറ്റർ
**വി. പി. അശ്വതി**
എഡിറ്റർ-ഇൻ-ചാർജ്
**കെ.എസ്. ഇന്ദുശേഖർ**
അസിസ്റ്റന്റ് എഡിറ്റർ
**മെർലിൻ ജെ.എൻ**
**സതികുമാർ റ്റി.എസ്.**
സർക്കുലേഷൻ ഓഫീസർ
**അഭിലാഷ് എ.സി.**
കവർ & ലേഔട്ട്
**ദീപക് മൗത്താട്ടിൽ**
ടൈപ്പ് സെറ്റിങ്
**വിനിത വി.എസ്.**
എഡിറ്റോറിയൽ അസിസ്റ്റന്റ്സ്
**സഞ്ജന സുനിൽ**
**സംഗീത ഒ.**

November1, 2021, Volume 8, Issue 4
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

പ്രതികരണങ്ങൾ അയക്കേണ്ട വിലാസം

എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
prdmalayalam@gmail.com
0471-2518171

വാർഷിക വരിക്കാരാകാൻ
120 രൂപയുടെ മണി ഓർഡർ,
ഡയറക്ടർ,
ഇൻഫർമേഷൻ പബ്ളിക്
റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ
വിഭാഗം, 1-ാം നില, സെക്രട്ടേറിയറ്റ്
അനക്സ്-1, തിരുവനന്തപുരം-1
എന്ന വിലാസത്തിൽ അയയ്ക്കുക.

0471-2517036



ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.



സമകാലിക
ജനപഥം

2021 നവംബർ1
പുസ്തകം 8 ലക്കം 4




# ഒന്നാമതാണ് കേരളം

കേരളത്തിന് ഇത് അഭിമാനോജ്ജ്വലനിമിഷങ്ങളാണ്. പബ്ളിക് അഫയേഴ്സ് സെന്റർ പ്രസിദ്ധീകരിച്ച പബ്ളിക് അഫയേഴ്സ് ഇൻഡക്സിൽ (2021) വലിയ സംസ്ഥാനങ്ങളിൽ ഏറ്റവും മികച്ച ഭരണം കാഴ്ചവെച്ച സംസ്ഥാനമായി കേരളം തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. സെന്റർ 2016 മുതൽ പ്രസിദ്ധീകരിക്കുന്ന ഇൻഡക്സിലെല്ലാം കേരളം പ്രഥമസ്ഥാനം നിലനിർത്തുകയാണെന്നത് സവിശേഷതയാണ്.

സമത്വം, വളർച്ച, സുസ്ഥിരത എന്നീ മൂന്ന് മാനകങ്ങളെ അടിസ്ഥാനമാക്കിയാണ് ഇൻഡക്സ് തയ്യാറാക്കിയിരിക്കുന്നത്. ഈ മാനകങ്ങൾ വിലയിരുത്തുന്നതിൽ സർക്കാരുകളുടെ ഉത്തരവാദിത്വം, ഫലപ്രദമായ ഇടപെടൽ, നിയമപാലനം, അഴിമതി നിയന്ത്രണം എന്നിങ്ങനെ പല ഘടകങ്ങളും ഉൾപ്പെടുന്നുണ്ട്.

ദേശീയ തൊഴിലുറപ്പ് പദ്ധതി, ദേശീയാരോഗ്യദൗത്യം, സമഗ്ര ശിക്ഷാ അഭിയാൻ തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പിലെ മികവ് തിരഞ്ഞെടുപ്പിന് മാനദണ്ഡമായിട്ടുണ്ട്. സംസ്ഥാനം കോവിഡിനെ നേരിട്ട രീതിയും പ്രഥമ സ്ഥാനത്തിനർഹമാക്കി. മഹാമാരിയെ നേരിടുന്നതിലുള്ള തയാറെടുപ്പ്, രോഗനിയന്ത്രണം എന്നിവയാണ് റാങ്കിങ്ങിന് പരിഗണിച്ചിരിക്കുന്നത്. ഡോക്ടർമാരുടെയും ആശുപത്രികിടക്കകളുടെയും എണ്ണം, ആരോഗ്യത്തിനായുള്ള ബജറ്റ് വിഹിതം എന്നിവയും കോവിഡ് പ്രതിരോധത്തിൽ കേരളത്തിന്റെ പ്രകടനം വിലയിരുത്തുന്നതിന് ആധാരമായിട്ടുണ്ട്.

സുസ്ഥിരവും സർവതലസ്പർശിയുമായ വികസനം, എല്ലാ വിഭാഗം ജനങ്ങളേയും ചേർത്തുപിടിക്കുന്ന ക്ഷേമസങ്കല്പം എന്നിവയിലൂന്നുന്ന സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾ കഴിഞ്ഞ അഞ്ചുവർഷവും ദേശീയ, അന്തർദേശീയ തലങ്ങളിൽ ശ്രദ്ധ നേടുകയും നിരവധി തവണ പുരസ്കൃതമാവുകയും ചെയ്തിട്ടുണ്ടെന്ന് കാണാം. പ്രകൃതിദുരന്തങ്ങളും ഇനിയും അവസാനിക്കാത്ത കോവിഡ് ഭീഷണിയും ഉൾപ്പെടെ അതിജീവിച്ച് കേരളം നേടിയ അംഗീകാരങ്ങളാണ് ഇത്തവണ ചർച്ച ചെയ്യുന്നത്. സിൽവർ ലൈൻ റെയിൽ പദ്ധതിയുടെ അനിവാര്യത, വാക്സിനേഷനിലെ സംസ്ഥാനത്തിന്റെ മുന്നേറ്റം എന്നിവയെപ്പറ്റിയും അറിയാം. ഒപ്പം എഴുത്തച്ഛൻ പുരസ്കാരം നേടിയ സാഹിത്യകാരി പി.വത്സലയുമായുള്ള അഭിമുഖവും വായിക്കാം.

**എസ്. ഹരികിഷോർ ഐ.എ.എസ്**
എഡിറ്റർ




**ചിത്രങ്ങൾ**
ഐ. പി. ആർ. ഡി.
ഫോട്ടോഗ്രാഫി വിഭാഗം


## പ്രതികരണങ്ങൾ

ഒക്ടോബർ ജനപഥം എന്നെന്നും സൂക്ഷിച്ചു വയ്ക്കാവുന്നതും പൊതുജനങ്ങൾക്ക് ഏറെ പ്രയോജനപ്രദവുമായിരുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ വിവിധ വകുപ്പുകളുടെ 500 ലധികം സേവനങ്ങൾ ഏകികൃത പോർട്ടലിലൂടെ ലഭ്യമാക്കിയ സർക്കാരിനും സ്പെഷ്യൽ കൈപുസ്തകമാക്കി അവതരിപ്പിച്ച ജനപഥത്തിനും അഭിനന്ദനങ്ങൾ.

രജിത എം വി
തൃശൂർ

കോവിഡ് പ്രതിസന്ധിയെത്തുടർന്ന് അടഞ്ഞു കിടന്ന സ്കൂളുകളിൽ അധ്യയനം വീണ്ടും ആരംഭിക്കുന്ന സാഹചര്യത്തിൽ സർക്കാർ മാർഗരേഖയും, വിവിധ തലങ്ങളിലെ പ്രതികരണങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയ ജനപഥം ശ്രദ്ധേയമായി. സ്കൂളുകൾ എന്നും തുറന്ന് പ്രവർത്തിക്കാൻ കഴിയട്ടെ.

ബിജു കുമാർ കെ
ചിറയിൻകിഴ്



# ജനപഥം


**06**
അഭിമാനമാണ് കേരളം

**10**
തലയുയർത്തി നവകേരളം

**11**
സുതാര്യവും ആധുനികവുമായ ദുരിതാശ്വാസം
48 മണിക്കൂറിനുള്ളിൽ സഹായം

**12**
വാക്സിനെടുത്ത കേരളം
വീണാ ജോർജ്, ആരോഗ്യ വകുപ്പ് മന്ത്രി

**15**
മലയാളത്തിന്റെ പൂർവകാന്തികൾ
പ്രൊഫ. വി. മധുസൂദനൻ നായർ

**18**
വിശദമായ പഠനം നടത്തിയേ
ഭൂമി ഏറ്റെടുക്കൂ
മന്ത്രി വി. അബ്ദുറഹ്മാനുമായി അഭിമുഖം

**22**
മലയാളം അച്ചടിക്ക് 200 വയസ്സ്
ഡോ. പി.എസ്. രാധാകൃഷ്ണൻ

**24**
പ്രതിലോമ പ്രവർത്തനങ്ങൾക്കുള്ള
താക്കീത്
പിണറായി വിജയൻ, മുഖ്യമന്ത്രി

**26**
KAS: സിവിൽ സർവീസിലെ
പുതിയ പടവുകൾ
എം.കെ. സക്കീർ

**30**
ഇനി പീപ്പിൾസ് റസ്റ്റ്ഹൗസ്
പി.എ. മുഹമ്മദ് റിയാസ്

**32**
മണ്ണിനോടും മനുഷ്യനോടുമുള്ള
എന്റെ ബന്ധം ദൃഢമാണ്
പി. വത്സലയുമായി അഭിമുഖം

**34**
736 പേർക്ക് വയനാട്ടിൽ പുതുജീവൻ
ആർ. ശ്രീലക്ഷ്മി ഐ.എ.എസ്.

**36**
മാറണം യുക്തിക്കു നിരക്കാത്ത
കള്ളകഥകൾ
ആർ. ശരത്

**38**
ജാനകി അമ്മാൾ എന്ന പൂമരം
അജിത് വെണ്ണിയൂർ

**40**
റാണിപുരത്തെ മരതകപ്പച്ച
വി വി പ്രഭാകരൻ

**42**
പറന്നുയർന്ന പക്ഷിക്കൂട്ടം

**44**
സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്

**46**
പുതിയ പ്രവാസം പുത്തൻ സുരക്ഷ
പ്രദീപ് കുമാർ



# അഭിമാന

ഇന്ത്യയിൽ ഏറ്റവും മികച്ച ഭരണം കാഴ്ചവച്ച സംസ്ഥാനമാകുകയാണ് 2021ലും കേരളം

വികസന നേട്ടങ്ങളുടെ ആകാശത്ത് ഇന്ത്യക്ക് മാതൃകയായി കേരളം വളരുകയാണ്. പൊതുഭരണം, വികസനം, ആരോഗ്യസംരക്ഷണം, കാർഷിക സമൃദ്ധി, സ്ത്രീസംരക്ഷണം, ക്രമസമാധാനം, വിദ്യാഭ്യാസം തുടങ്ങി എല്ലാ രംഗങ്ങളിലും ജനകീയ സർക്കാർ മുന്നേറ്റം ഉറപ്പാക്കുന്നു. പ്രകൃതി ദുരന്തങ്ങളും മഹാമാരിയും ഉൾപ്പെടെയുള്ള വെല്ലുവിളികൾക്കിടയിലും വികസന സങ്കല്പങ്ങൾ യാഥാർഥ്യമാക്കിയാണ് സർക്കാരിന്റെ പ്രയാണം.

കഴിഞ്ഞ അഞ്ചു വർഷവും പുതിയ കാലത്തിന്റെ വികസന വെല്ലുവിളികൾ ഏറ്റെടുത്ത് നവകേരളം പടുത്തുയർത്താനുള്ള പരിശ്രമത്തിലായിരുന്നു സർക്കാർ. അതിനിടയിൽ പ്രളയം ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങളെയും കോവിഡ് മഹാമാരിയെയും കേരളം അതിജീവിച്ചു. ആ മുന്നേറ്റത്തിന് ഒട്ടേറെ അംഗീകാരങ്ങൾ ഇതിനകം നമുക്ക് ലഭിച്ചിട്ടുണ്ട്. മാതൃ-ശിശു മരണ നിരക്ക് കുറഞ്ഞ സംസ്ഥാനം, അഴിമതി കുറവുള്ള സംസ്ഥാനം (സെന്റർ ഫോർ മീഡിയ സ്റ്റഡീസ്), മികച്ച ക്രമസമാധാനമുള്ള സംസ്ഥാനം (ഇന്ത്യാ ടുഡേ പുരസ്കാരം)സ്ത്രീ സുരക്ഷ ഉറപ്പാക്കുന്ന പദ്ധതികൾ ഉള്ള സംസ്ഥാനം (പ്ലാൻ ഇന്ത്യ), വയോ ശ്രേഷ്ഠ പുരസ്കാരം, എക്സ്പ്രസ്സ് ഹെൽത്ത് കെയർ അവാർഡ്, സ്വസ്ത് ഭാരത് ഗോൾഡ് അവാർഡ്, കേന്ദ്ര സർക്കാരിന്റെ മികച്ച ഉത്തരവാദിത്വ ടൂറിസം പുരസ്കാരം, ടൂറിസം രംഗത്തെ സമഗ്ര വികസന പുരസ്കാരം, സിവിക് മാനേജ്മെന്റ് അവാർഡ്, മികച്ച വിദ്യാഭ്യാസ പരിപാടിക്കുള്ള എൻസിഇആർടി അംഗീകാരം തുടങ്ങിയവയെല്ലാം അതിൽ ഉൾപ്പെടുന്നുണ്ട്.

# ...മാണ് കേരളം

ഏറ്റവുമൊടുവിൽ പബ്ലിക് അഫയേഴ്സ് സെന്റർ പ്രസിദ്ധീകരിച്ച പബ്ലിക് അഫയേഴ്സ് ഇൻഡക്സ് 2021 (PAI) ൽ വലിയ സംസ്ഥാനങ്ങളിൽ ഏറ്റവും മികച്ച ഭരണം കാഴ്ചവച്ച സംസ്ഥാനമായി കേരളം തിരഞ്ഞെടുക്കപ്പെട്ടു. രാജ്യത്തെ 18 വലിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ നിന്നുമാണ് കേരളം ഒന്നാമതെത്തിയത്. 1.618 ആണ് കേരളത്തിന്റെ പി എ ഐ സ്കോർ. സമത്വം, വളർച്ച, സുസ്ഥിരത എന്നീ മാനകങ്ങളെ അടിസ്ഥാനമാക്കിയ ഇൻഡക്സിൽ സമത്വത്തിലും പുരോഗതിയിലും രണ്ടാമതും സുസ്ഥിരതയിൽ ഒന്നാമതും എത്തിയാണ് കേരളം ഏറ്റവും മികച്ച ഭരണമികവുള്ള സംസ്ഥാനമായത്. ദേശീയ തൊഴിലുറപ്പു പദ്ധതിയും നാഷണൽ ഹെൽത്ത് മിഷനും പോലുള്ള പദ്ധതികളുടെ നടത്തിപ്പും കോവിഡ് പ്രതിരോധവും ഉൾപ്പെടെ വിവിധ മേഖലകളിൽ കേരളം എത്രമാത്രം മികവ് പുലർത്തി എന്നും ഇതിൽ വിലയിരുത്തിയിട്ടുണ്ട്.

അടിസ്ഥാന സൗകര്യവികസനം, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, പ്രകൃതിസൗഹൃദവും സർവതലസ്പർശിയുമായ വികസനം തുടങ്ങി നിരവധി പ്രധാന സൂചകങ്ങളിൽ കേരളം മികച്ച പ്രവർത്തനം കാഴ്ചവച്ചതായാണ് പഠനത്തിൽ കണ്ടെത്തിയിട്ടുള്ളത്. കോവിഡ് പ്രതിരോധം, ദേശീയ തൊഴിലുറപ്പ് പദ്ധതി, ദേശീയ ആരോഗ്യദൗത്യം, സമഗ്രശിക്ഷാ അഭിയാൻ എന്നിവയിലും കേരളം 2020 ലെ പോലെ ഇത്തവണയും മുന്നിലാണ്. ഈ സർവേയിൽ ഉത്തർപ്രദേശിനാണ് ഏറ്റവും താഴ്ന്ന റാങ്ക്. തമിഴ്നാടാണ് കേരളത്തിന് തൊട്ടു പിന്നിലുള്ളത്.

വികസനം വെറും വായ്ത്താരിയോ അവകാശവാദങ്ങളോ അല്ലെന്ന് ജനകീയ സർക്കാർ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ തെളിയിച്ചു കഴിഞ്ഞു. അതിനുള്ള അംഗീകാരമായി ഒട്ടേറെ പുരസ്കാരങ്ങൾ നമുക്ക് ലഭിച്ചിട്ടുണ്ട്. അവയെല്ലാം തുടർഭരണത്തിൽ സർക്കാരിന് പ്രചോദനവും ഓരോ കേരളീയനും അഭിമാനവുമാണ്. അഞ്ചു വർഷത്തിനിടെ കേരളം സ്വന്തമാക്കിയ ദേശീയവും അന്തർദേശീയവുമായ പ്രധാന പുരസ്കാരങ്ങളുടെ പട്ടിക ചുവടെ.

## പുരസ്കാര നിറവിലെ കേരളം 2021 (നവംബർ വരെ)

- പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ വലിയ സംസ്ഥാനങ്ങളിൽ ഏറ്റവും മികച്ച ഭരണം കാഴ്ചവച്ച സംസ്ഥാനം
- വയോജന പരിപാലനത്തിലെ രാജ്യത്തെ മികച്ച മാതൃകയ്ക്ക് കേന്ദ്ര സർക്കാരിന്റെ വയോ ശ്രേഷ്ഠ പുരസ്കാരം.
- രാജ്യത്തെ ഏറ്റവും മികച്ച കോവിഡ് വാക്സിനേഷൻ ഡ്രൈവിന് ഇന്ത്യാ ടുഡേയുടെ ഹെൽത്ത് ഗിരി അവാർഡ്
- കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ മികവിന്റെ സൂചികയിൽ ഒന്നാം സ്ഥാനം
- രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള അവാർഡ്
- ആയുഷ്മാൻ ഭാരത് പ്രധാൻമന്ത്രി - ജൻ ആരോഗ്യ യോജന കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി പ്രകാരം ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ ലഭ്യമാക്കിയ സർക്കാർ ആശുപത്രിക്കുള്ള അവാർഡ് കോട്ടയം സർക്കാർ മെഡിക്കൽ കോളേജിന്
- ഇന്ത്യയിലെ പ്രമുഖ റേറ്റിങ് കമ്പനിയായ 'ക്രിസിലി'ന്റെ പട്ടികയിൽ തിരുവനന്തപുരം ടെക്നോപാർക്കിന് ഉയർന്ന സ്ഥാനം
- ഇ-സഞ്ജീവനി, കാരുണ്യ ബെനവലൻ ഫണ്ട് സംരംഭങ്ങൾക്ക് ഗവേർണൻസ് നൗവിന്റെ ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ പുരസ്കാരം.

## പുരസ്കാര നിറവിലെ കേരളം 2020

- പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ ഏറ്റവും മികച്ച ഭരണം കാഴ്ചവച്ച സംസ്ഥാനം. കോവിഡ് പ്രതിരോധം, ദേശീയ തൊഴിലുറപ്പ് പദ്ധതി, ദേശീയ ആരോഗ്യദൗത്യം, സമഗ്രശിക്ഷാ അഭിയാൻ എന്നിവയിൽ മുൻപന്തിയിൽ.
- ശിശുമരണ നിരക്കും അഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണ നിരക്കും ഏറ്റവും കുറവ്



കേരളത്തിൽ
- സ്കൂൾ വിദ്യാഭ്യാസത്തിൽ മികവിന്റെ സൂചികയിൽ കേരളം ഒന്നാമത്.
- മികച്ച പ്രതിരോധ കുത്തിവെയ്പ്പ് നൽകുന്ന സംസ്ഥാനം കേരളം
- എം ടി എ നടപ്പാക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനം
- ലോകാരോഗ്യ സംഘടനയുടെ വേൾഡ് ഹിയറിങ് ഫോറത്തിൽ കേരളവും
- വയോജന സംരക്ഷണത്തിന് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ അവാർഡ്
- പെൺകുട്ടികൾക്ക് പഠന സൗകര്യം ഉറപ്പാക്കുന്നതിൽ ദേശീയ തലത്തിൽ ഒന്നാമത്
- സമഗ്ര ശിക്ഷാ അഭിയാൻ പ്രവർത്തന സൂചികയിൽ കേരളം ഒന്നാം ഗ്രേഡിൽ
- പ്രധാനമന്ത്രി സ്വച്ഛ്ഭാരത് പദ്ധതിയിൽ കേരളം ഒന്നാമത്
- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മികച്ച നേട്ടം

## പുരസ്കാര നിറവിലെ കേരളം 2019

- കേരള സ്റ്റാർട്ട്അപ്പ് മിഷൻ മികച്ച പബ്ലിക് ബിസിനസ് ആക്സിലറേറ്റർ
- ട്രാൻസ്പരൻസി ഇന്റർനാഷണൽ ഇന്ത്യയും ലോക്കൽ സർക്കിൾസും ചേർന്നു നടത്തിയ ഇന്ത്യാ കറപ്ഷൻ സർവേയിൽ രാജ്യത്തെ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനം
- ഏറ്റവും മികച്ച ഭിന്നശേഷി പുനരധിവാസ പ്രവർത്തനങ്ങൾ നടത്തിയ സർക്കാരിനുള്ള ദേശീയ പുരസ്കാരം
- രാജ്യത്തെ മികച്ച കടുവസങ്കേതത്തിനുള്ള ദേശീയ കടുവ സംരക്ഷണ അതോറിറ്റി അവാർഡ് പെരിയാർ കടുവ സങ്കേതത്തിന്
- കൊച്ചിയിലെ പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിന് ആരംഭിച്ച അനസ്യൂതയാത്ര കൊച്ചി എന്ന പദ്ധതിക്ക് കേന്ദ്ര നഗര-വന മന്ത്രാലയത്തിന്റെ മികച്ച നഗര ബസ് സേവന പദ്ധതിയ്ക്കുള്ള പുരസ്കാരം.
- സംസ്ഥാനത്ത് 13 ആശുപത്രികൾക്ക് കൂടി നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ് (എൻ.ക്യൂ.എ.എസ്) അംഗീകാരം
- കേന്ദ്ര സർക്കാരിന്റെ ഗ്രാമ പഞ്ചായത്ത് ഡെവലപ്മെന്റ് പ്ലാൻ - 2019 അവാർഡിൽ പ്രഥമസ്ഥാനം പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്, ദേശീയ ജല അവാർഡ് കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിന്, ചൈൽഡ് ഫ്രണ്ട്‌ലി ഗ്രാമപഞ്ചായത്ത് അവാർഡ് (കോലഴി ഗ്രാമപഞ്ചായത്ത്) ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് ശാക്തീകരൺ പുരസ്കാർ തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്
- ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് ശാക്തീകരൺ പുരസ്കാരവും നാനാജി ദേശ്മുഖ് രാഷ്ട്രീയ ഗൗരവ് ഗ്രാമസഭ പുരസ്കാരവും (തിരുനാവായ ഗ്രാമ പഞ്ചായത്ത്) സ്വച്ഛ് ഭാരത് പുരസ്കാരം(പടിയൂർ-കല്യാട് ഗ്രാമപഞ്ചായത്ത്) കാലടി ഗ്രാമപഞ്ചായത്ത് സ്വച്ഛ് ഐക്കൺ പഞ്ചായത്ത്.
- രാജ്യത്തെ ഗ്രാമങ്ങളിലെ ശുചിത്വ നിലവാരം വിവിധ ശുചിത്വ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി റാങ്ക് നിർണയിക്കുന്ന സ്വച്ഛ് സർവ്വേക്ഷൺ (ഗ്രാമീൺ) പുരസ്കാരം.
- കോവിഡ് പ്രതിരോധം, ദേശീയ തൊഴിലുറപ്പ് പദ്ധതി, ദേശീയ ആരോഗ്യദൗത്യം, സമഗ്രശിക്ഷാ അഭിയാൻ എന്നിവയിലെ പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ ഒന്നാമത്

## പുരസ്കാര നിറവിലെ കേരളം 2018

- ഭരണനിർവഹണത്തിൽ ഒന്നാം സ്ഥാനം കേരളം (പബ്ലിക് അഫയേഴ്സ് ഇൻഡക്സ് പട്ടിക)
- ക്രമസമാധാനപാലനത്തിനുള്ള ഇന്ത്യാടുഡേ പുരസ്കാരം, അഴിമതി കുറവുള്ള സംസ്ഥാനം കേരളം (സെന്റർ ഫോർ മീഡിയ സ്റ്റഡീസ്)
- മികച്ച വിദ്യാഭ്യാസ പരിപാടിക്കുള്ള NCERT യുടെ ദേശീയ പുരസ്കാരം
- ഏറ്റവുംകുറവ് വർഗീയകലാപം കേരളം (നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ)

മികച്ച കടൽതീര ടൂറിസ്റ്റ് കേന്ദ്രത്തിനുള്ള ഔട്ട് ലുക്ക് ട്രാവലർ അവാർഡ് നേടിയ കോവളം കടൽത്തീരം



- പൊലീസ് എക്സലൻസ് അവാർഡ് 2017 ജനമൈത്രി പൊലീസ് (കോപ്റ്റുഡെ ഇന്റർ നാഷണൽ)
- രാജ്യത്തെ മികച്ച പത്ത് പൊലീസ് സ്റ്റേഷനുകളിൽ ഒന്ന് വളപട്ടണം. ഐഎസ്ഒ സർട്ടിഫിക്കേഷൻ ഉള്ള രണ്ടാമത്തെ ജില്ലാപൊലീസ് ഓഫീസ് കൊല്ലം സിറ്റി പൊലീസ് കമ്മീഷണർ ഓഫീസ് (സൈബർ കുറ്റാന്വേഷണം കേരളം നാസ്കോം-ഡാറ്റാസെക്യൂരിറ്റി കൗൺസിൽ )
- റോഡ് സുരക്ഷിതത്വ പരിശ്രമത്തിനും ട്രാഫിക് സുരക്ഷിതത്വത്തിനുള്ള സോഫ്റ്റ് പദ്ധതി (കേന്ദ്ര നഗരകാര്യവകുപ്പ് ), സ്ത്രീസുരക്ഷ ഉറപ്പാക്കിയതിൽ രണ്ടാം സ്ഥാനം (പ്ലാൻ ഇന്ത്യ)
- ബ്ലുവെയിൽ ഗെയിം ഭീഷണിയുടെ പശ്ചാത്തലത്തിൽ സൈബർ സുരക്ഷക്കായി സ്വീകരിച്ച നടപടിക്ക് കേന്ദ്രത്തിന്റെ പ്രശംസ.
- ദേശീയ ആരോഗ്യരംഗത്ത് കേരളം ഒന്നാമത്. നീതി ആയോഗ് റിപ്പോർട്ട് പ്രകാരം 76.55 മുതൽ 8000 സ്കോർ നേടിയാണ് കേരളം ഈ നേട്ടം കൈവരിച്ചത്.
- മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും നിയമനിർമ്മാണം, ക്ഷേമം എന്നിവ നടപ്പിലാക്കുന്നതിൽ ഏറ്റവും മികച്ച സംസ്ഥാനം എന്ന നിലയിൽ വയോശ്രേഷ്ഠ സമ്മാൻ പുരസ്കാരം.
- സങ്കീർണമായ ഹൃദ്രോഗങ്ങളുമായി ജനിക്കുന്ന കുട്ടികൾക്ക് സാജന്യചികിത്സ ലഭ്യമാക്കുന്ന ആരോഗ്യവകുപ്പിന്റെ ഹൃദ്യം പദ്ധതിക്ക് ദേശീയതലത്തിൽ ശ്രദ്ധേയമായ എക്സ്പ്രസ് ഹെൽത്ത് കെയർ അവാർഡ്.
- ഹൃദ്യം പദ്ധതിക്ക് ദേശീയതലത്തിൽ ശ്രദ്ധേയമായ സ്കോച്ച് സ്വസ്ത് ഭാരത് ഗോൾഡ് അവാർഡ്
- ശിശുമരണ നിരക്ക് വികസിതലോകത്തിനു തുല്യമായി കുറച്ചു കൊണ്ടുവന്ന സംസ്ഥാനമെന്ന നിലയിൽ കേന്ദ്ര സർക്കാർ അംഗീകാരം
- കാർഷികമേഖലയിലെ എറ്റവും മികച്ച പുരോഗതി നേടിയ സംസ്ഥാനത്തിനുള്ള ഇന്ത്യാടുഡേ അവാർഡ്
- മികച്ചവിദ്യാഭ്യാസ പരിപാടിക്കുള്ള NCERT യുടെ ദേശീയ പുരസ്കാരം
- 2018 ലെ എറ്റവും മികച്ച ഫേയ്സ്ബുക്ക് പേജിനുള്ള അംഗീകാരം ടൂറിസം വകുപ്പിന്
- ബിനാലെ പ്രിന്റ് ക്യാമ്പയിൻ, പോസ്റ്റൽ ക്യാമ്പയിൻ എന്നിവയ്ക്ക് 2018 ലെ ദാസ് ഗോൾഡൻ സ്റ്റാഡറ്റർ പുരസ്കാരം
- ബെസ്റ്റ് ഡെസ്റ്റിനേഷൻ ഫോർ ഫാമിലീസ്, റൊമാൻസ് എന്നിവയ്ക്ക് 2018 ലെ ലോൺലി പ്ലാനറ്റ് അവാർഡ്
- ഇന്ത്യയിലെ മികച്ച വാട്ടർഫ്രണ്ട് ഡെസ്റ്റിനേഷനുള്ള ബെറ്റർ ഹോളിഡേ അവാർഡ്
- വെൽനസ്സ് &സ്പിരിച്ചാലിറ്റി ഡെസ്റ്റിനേഷന് ഔട്ട് ലുക്ക് ട്രാവലർ അവാർഡ്
- മികച്ച കടൽതീര ടൂറിസ്റ്റ് കേന്ദ്രത്തിനുള്ള ഔട്ട് ലുക്ക് ട്രാവലർ അവാർഡ് (കോവളം)
- ടൂറിസംരംഗത്തെ സമഗ്രവികസനത്തിന് ദേശീയ തലത്തിൽ മൂന്നാംസ്ഥാനം, മികച്ച ഉത്തരവാദിത്വ ടൂറിസം പദ്ധതിക്കുള്ള പുരസ്കാരം
- നാഷണൽ എനർജി കൺസർവേഷൻ അവാർഡ്, എനർജി മാനേജ്മെന്റ് സെന്റർ കാമ്പസ് ഗ്ലോബൽ സ്റ്റാറ്റസ് റിപ്പോർട്ടിൽ
- ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ഭാരതസർക്കാർ പഞ്ചായത്ത് മന്ത്രാലയം ഏർപ്പെടുത്തിയ ഇ-പഞ്ചായത്ത് പുരസ്കാരം (കാറ്റഗറി 1)
- ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ അക്കൗണ്ടുകൾ ആധാറുമായി ബന്ധിപ്പിച്ച് കൂലിവിതരണം നടത്തിയതിനു ആധാർലിങ്കിങ് ആന്റ് കൺവർഷൻ ദേശീയ പുരസ്കാരം
- ഡി.ഡി.യു.ജി.കെ.വൈ പദ്ധതിയുടെ നിർവഹണത്തിൽ ദേശീയതലത്തിൽ ദേശീയ ഗ്രാമവികസന മന്ത്രാലയം നൽകുന്ന പുരസ്കാരം-2017 ൽ മൂന്നാംസ്ഥാനം, 2018 ൽ രണ്ടാംസ്ഥാനം
- ദേശീയ നഗര ഉപജീവന പദ്ധതി മികച്ച പ്രകടനത്തിന് ദേശീയ നഗര മന്ത്രാലയം നൽകുന്ന പുരസ്കാരം
- ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ അയൽക്കൂട്ടം ഉപജീവന പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് കുടുംബശ്രീക്ക് കേന്ദ്ര പുരസ്കാരം. കുടുംബശ്രീ മാതൃകേന്ദ്രങ്ങൾ രാജ്യത്ത് നടപ്പിലാക്കിയതിന് ഉഗാണ്ട സർക്കാരിന്റെ പ്രശസ്തി പത്രം
- ഹാർബർ എൻജിനീയറിങ് കശുവണ്ടി വ്യവസായ വകുപ്പ്മന്ത്രിയ്ക്ക് ദി ബെസ്റ്റ് മിനിസ്റ്റർ ഓഫ് ദി ഇയർ എക്കണോമിക് ഡെവലപ്മെന്റ് അവാർഡ്.
- ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന് സ്കോച്ച് ഓർഡർ ഓഫ് മെറിറ്റ് പുരസ്കാരം ▪

# തലയുയർത്തി നവകേരളം

## ഭരണമികവിൽ കേരളം വീണ്ടും ഒന്നാമത്

നൈസർഗികവും നൈതികവുമായ ഭരണകൂട പൗരാവലി ബന്ധമാണ് കേരള സർക്കാരിനെ വ്യത്യസ്തമാക്കുന്നത്

**ഡോ.ജോസുകുട്ടി സി.എ**
**അസോ.പ്രൊഫസർ, പൊളിറ്റിക്കൽ സയൻസ് വകുപ്പ്, കേരള സർവകലാശാല**

ജനക്ഷേമം ഉറപ്പുവരുത്താനുള്ള ഒരു സർക്കാരിന്റെ പ്രതിബദ്ധതയാണ് ഭരണമികവിന്റെ അടിസ്ഥാന പ്രമാണം. നീതിയിലും സമത്വത്തിലും സ്വാതന്ത്ര്യത്തിലും അധിഷ്ഠിതമായി ജനനന്മ ലക്ഷ്യമാക്കി നയങ്ങൾ രൂപീകരിച്ച് വിവേചനരഹിതമായി നടപ്പിലാക്കുന്നതാണ് സദ്ഭരണം. ഓരോ വ്യക്തിയുടേയും പ്രത്യേകിച്ചും പാർശ്വവത്കരിക്കപ്പെട്ടവരുടേയും ദുർബലരുടേയും ന്യൂനപക്ഷത്തിന്റേയും അന്തസ്സും സംതൃപ്തിയും സദ്ഭരണം. ഉറപ്പാക്കുന്നു. പ്രകൃതി ദുരന്തങ്ങളും പകർച്ചവ്യാധികളും സാമ്പത്തിക ഞെരുക്കവും സൃഷ്ടിച്ച പ്രതികൂല സാഹചര്യത്തിലും സംസ്ഥാനസർക്കാർ സദ്ഭരണം ഉറപ്പാക്കി എന്നത് എന്തുകൊണ്ടും ശ്ലാഘനീയമാണ്.

സർവരേയും തുല്യതയോടെ ഭരണത്തിൽ പങ്കാളികളാക്കുകയും ജനക്ഷേമം ഉറപ്പാക്കുകയുമാണ് പങ്കാളിത്തത്തിലെ തുല്യത ലക്ഷ്യമിടുന്നത്. ഇതിൽതന്നെ ഏറ്റവും പാവപ്പെട്ടവന്റേയും പിന്നോക്കകാരന്റേയും വളർച്ചയ്ക്കും ക്ഷേമത്തിനും തുല്യ അവസരങ്ങൾ അനിവാര്യമാണ്. പാർശ്വവത്കരിക്കപ്പെട്ടവർക്ക് വിവേചന രഹിതമായി പ്രഥമപരിഗണന നൽകുന്നതും നയങ്ങളിലും പരിപാടികളിലും അവരെ ഉൾപ്പെടുത്തുന്നതുമാണ് കേരള സർക്കാരിന്റെ മുഖമുദ്ര. പരിമിതമായ വിഭവങ്ങൾ ഏറ്റവും ഫലപ്രദമായി സാമ്പത്തിക വളർച്ചയ്ക്കും വികസനത്തിനും പ്രത്യേകിച്ചും വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനുമായി ഉപയോഗിക്കുന്നു. സാമ്പത്തിക ഞെരുക്കം ഈ സുപ്രധാനമേഖലകളിലെ നിക്ഷേപത്തെ പ്രതികൂലമായി ബാധിക്കാതെ സർക്കാർ ശ്രദ്ധിക്കുന്നുണ്ട്. വിഭവങ്ങളുടെ സുസ്ഥിരവും സന്തുലിതവുമായ ഉപയോഗത്തിനു സർക്കാർ നൽകുന്ന ഊന്നൽ പരിസ്ഥിതിക്കും സാമ്പത്തിക വളർച്ചയും സർവ്വോപരി മനുഷ്യവർഗത്തിന്റെ നിലനിൽപിനും ആവശ്യമാണെന്നു കണ്ടറിഞ്ഞുള്ളതാണ്.



സർക്കാരിന്റെ എല്ലാ വികസന, ക്ഷേമപ്രവർത്തനങ്ങളും വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, വാർദ്ധക്യകാല പെൻഷൻ തുടങ്ങിയ സാമൂഹികസുരക്ഷാപദ്ധതികൾക്ക് പ്രത്യേക പരിഗണന നൽകുന്നത് ശ്രദ്ധേയമാണ്. ലൈഫ് മിഷൻ പദ്ധതിയിൽ മൂന്ന് ലക്ഷത്തിൽപ്പരം വീടുകൾ നിർമ്മിച്ച് നൽകി. സർക്കാർ സ്കൂളുകളിൽ 45000 പരം ക്ലാസ്സ്റൂമുകൾ ഇന്ന് ഹൈടെക് ആണ്. അതുപോലെ സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിൽ വന്ന മാറ്റം കോവിഡിനെ നേരിടുന്നതിൽ വലിയ പങ്കു വഹിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാർ പദ്ധതികളായ നാഷണൽ ഹെർത്ത് മിഷൻ, ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സർവീസ് സ്കീം, മഹാത്മാ ഗാന്ധി സമഗ്ര ശിക്ഷ അഭിയാൻ, മിഡ് ഡേ മീൽ സ്കീം, നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗാരന്റി സ്കീം (MGNREGS) എന്നിവയൊക്കെ നടപ്പാക്കുന്നതിൽ കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മുന്നിലാണ്. ഇതിൽതന്നെ ഗ്രാമീണതൊഴിൽ ഉറപ്പാക്കുന്നതിൽ കേരളം ഒന്നാമതാണ്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലും കേരളം ഒന്നാമതാണ്. കോവിഡ് പ്രതിരോധത്തിനുള്ള തയാറെടുപ്പിലും പകർച്ചവ്യാധി നിയന്ത്രണത്തിലും മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയായി. കോവിഡ് കാലത്ത് ഭക്ഷണ വിതരണത്തിലൂടെയും കമ്മ്യൂണിറ്റി കിച്ചൻ നടത്തിപ്പിലൂടെയും അന്യസംസ്ഥാന തൊഴിലാളികൾക്ക് ഏർപ്പെടുത്തിയ സൗകര്യങ്ങളും ഏറെ പ്രശംസ പിടിച്ചു പറ്റിയിട്ടുണ്ട്.

രാഷ്ട്രപിതാവായ ഗാന്ധിജി ഉദ്ബോധിപ്പിച്ചതു പോലെ എല്ലാ നയനങ്ങളിലേയും കണ്ണുനീർ തുടയ്ക്കുന്ന നയമാണ് കേരളസർക്കാർ നടപ്പിലാക്കിയത്, പ്രത്യേകിച്ചും കോവിഡ് കാലത്ത്.

വളരെ നൈസർഗികവും നൈതികവുമായ ഭരണകൂട-പൗരാവലി ബന്ധമാണ് യഥാർത്ഥത്തിൽ കേരള സർക്കാരിനെ വ്യത്യസ്തമാക്കുന്നത്. സർക്കാരിന്റെ രാഷ്ട്രീയവും സാമ്പത്തികവുമായ സർവ്വശേഷിയും ജനക്ഷേമത്തിനും വികസനത്തിനുമാണ് ഉപയോഗിക്കുന്നത്. അതുകൊണ്ടുതന്നെയാണ് പങ്കാളിത്തം, ഉത്തരവാദിത്വം, സുതാര്യത, തുല്യത, സർവാശ്ലേഷിയായ വികസന,ക്ഷേമരംഗങ്ങൾ തുടങ്ങിയ എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്ന മികച്ച പ്രകടനം കാഴ്ചവെക്കാനാകുന്നതും. അതായത് ഇന്ത്യൻ ഭരണഘടനയുടെ എല്ലാ ധാർമ്മികമൂല്യങ്ങളും പ്രയോഗത്തിൽ വരുത്തുകയും അത് ജനങ്ങൾക്ക് അനുഭവവേദ്യമാക്കുകയുമാണ് സംസ്ഥാന സർക്കാർ ചെയ്തത്. ▪

## സുതാര്യവും ആധുനികവുമായ ദുരിതാശ്വാസം

# 48 മണിക്കൂറിനുള്ളിൽ സഹായം




ലക്ഷക്കണക്കിന് ജനങ്ങളുടെ കണ്ണീരൊപ്പുകയും ആശ്വാസം പകരുകയും ചെയ്യുന്ന മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി കൂടുതൽ സുതാര്യവും ആധുനികവുമാക്കി മുന്നേറുകയാണ് ജനകീയസർക്കാർ.

സിഎംഡിആർഎഫിലേക്കുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കാനും അക്ഷയ കേന്ദ്രങ്ങൾ വഴി അപേക്ഷിക്കാനും സൗകര്യമൊരുക്കിയ സർക്കാർ ഇതിനകം ഏഴുലക്ഷത്തിലധികം അപേക്ഷകൾക്കാണ് തീർപ്പു കൽപ്പിച്ചത്. 48 മണിക്കൂറിനുള്ളിൽ അപേക്ഷകന് ധനസഹായം ലഭ്യമാക്കിയാണ് സർക്കാർ ദുരിതാശ്വാസനിധിയിലൂടെ നിരാലംബർക്ക് തണലൊരുക്കുന്നത്. ലോകത്തിന്റെ ഏതു കോണിലിരുന്ന് അപേക്ഷിച്ചാൽ പോലും ലഭ്യമാകുന്ന ഈ സഹായം മാരക രോഗങ്ങൾക്ക് മികച്ച ചികിത്സ തേടുന്ന കേരളീയർക്ക് നൽകിവരുന്നത് വലിയ ആശ്വാസവും മികച്ച പ്രതീക്ഷയുമാണ്.

ലളിതമായ നടപടിക്രമങ്ങളിലൂടെയാണ് 2016 മുതൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലൂടെയുള്ള ധനസഹായം ഗുണഭോക്താവിന് ലഭിക്കുന്നത്. cmo.kerala.gov.in എന്ന വെബ്പോർട്ടലിലൂടെ നേരിട്ട് ഏതൊരു വ്യക്തിക്കും ഇടനിലക്കാരുടെ സഹായമില്ലാതെ അപേക്ഷിക്കാം. അതിനൊപ്പം അക്ഷയ കേന്ദ്രങ്ങൾ വഴിയും തപാൽ മുഖേനയും നിയമസഭ സാമാജികർ, പാർലമെന്റ് അംഗങ്ങൾ എന്നിവരിലൂടെയും ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായത്തിനായി അപേക്ഷിക്കാൻ സാധിക്കും.

സംസ്ഥാനത്തെ റേഷൻ കാർഡിൽ പേരുൾപ്പെട്ടവർക്കും, രണ്ട് ലക്ഷം രൂപവരെ വാർഷിക കുടുംബവരുമാനമുള്ളവർക്കുമാണ് ധനസഹായം നൽകുന്നത്. മാരകമായ രോഗങ്ങൾക്കുള്ള ചികിത്സാധന സഹായം, അപകടമരണം നേരിട്ടവരുടെ ആശ്രിതർക്കുള്ള സമാശ്വാസ ധനസഹായം, വാസഗൃഹങ്ങൾ, ഇൻഷുറൻസ് പരിരക്ഷയില്ലാത്ത ചെറുകിട കച്ചവട സ്ഥാപനങ്ങൾ എന്നിവയ്ക്ക് തീപിടുത്തം മൂലമുണ്ടാകുന്ന നാശനഷ്ടം, ഇടിമിന്നൽ, കടൽക്ഷോഭം എന്നിവയിലൂടെ വള്ളം, ബോട്ട്, വല, കട്ടമരം തുടങ്ങിയവയ്ക്കുള്ള നാശനഷ്ടങ്ങൾ എന്നിവയ്ക്കുമാണ് ദുരിതാശ്വാസ നിധിയിൽ നിന്നും സഹായ ധനം ലഭിക്കുന്നത്. അർഹതയുള്ള ധനസഹായം നേരിട്ട് ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കാണ് നൽകുക.

### അപേക്ഷകൾക്ക് തത്സമയം പരിഹാരം

മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്ന അപേക്ഷകൾ തത്സമയം തന്നെ ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് കൈമാറുന്നു എന്നതാണ് ദുരിതാശ്വാസ നിധിയുടെ

ഏറ്റവും വലിയ സവിശേഷത. വില്ലേജ് ഓഫീസറുടെ പ്രാഥമിക പരിശോധനക്ക് ശേഷം തഹസിൽദാർ മുഖേന അപേക്ഷകൾ ജില്ലാ കളക്ടറിൽ എത്തുന്നു. പതിനായിരം രൂപ വരെയുള്ള സഹായധനം ജില്ലാ കളക്ടർ തന്നെയാണ് അനുവദിക്കുക. കൂടുതൽ സഹായധനം അർഹിക്കുന്ന അപേക്ഷകൾ തുടർനടപടിക്കായി റവന്യൂ വകുപ്പിന് കൈമാറുന്നു. 15,000 വരെയുള്ള ധനസഹായം റവന്യൂ സ്പെഷ്യൽ സെക്രട്ടറിയും, 25,000 വരെയുള്ള തുക റവന്യൂ മന്ത്രിയും, 3,00,000 രൂപ വരെയുള്ള തുക മുഖ്യമന്ത്രിയും അനുവദിക്കുന്നു. മൂന്ന് ലക്ഷത്തിൽ അധികം വരുന്ന സഹായധനം മന്ത്രിസഭയുടെ അനുമതി ലഭിച്ച ശേഷമാവും വിതരണം ചെയ്യുന്നത്.

മതിയായ രേഖകളോടെ സമർപ്പിക്കുന്ന അപേക്ഷ ലഭിച്ചാൽ നൂറു മണിക്കൂറിനുള്ളിൽ തന്നെ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് സഹായം കൈമാറുന്നു. അതിലൂടെ അടിയന്തിര ചികിത്സയ്ക്ക് സാമ്പത്തിക പ്രയാസം നേരിടുന്ന രോഗികൾക്ക് അടിയന്തിര സഹായമായി ദുരിതാശ്വാസനിധി മാറുകയാണ്. അപേക്ഷ സ്വീകരിക്കുന്നതു മുതൽ സഹായം കൈമാറുന്നതുവരെയുള്ള എല്ലാ നടപടികളും ഇലക്ട്രോണിക് രൂപത്തിൽ നിർവ്വഹിക്കുന്നതിനാൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനുള്ള കാലതാമസം പൂർണമായും ഒഴിവാകുന്നു. അർഹരായവർക്ക് മാത്രമാണ് സഹായം ലഭിക്കുന്നതെന്ന് ഈ സംവിധാനത്തിലൂടെ ഉറപ്പുവരുത്താനും സാധിക്കുന്നു.

## അപേക്ഷകരുടെ ശ്രദ്ധയ്ക്ക്

അപേക്ഷയോടൊപ്പം ഗുണഭോക്താവിന്റെ/ അപേക്ഷകന്റെ പേര് ഉൾക്കൊള്ളുന്ന റേഷൻ കാർഡിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യ പേജ് എന്നിവയ്ക്ക് പുറമെ ചികിൽസാ സഹായത്തിനാണെങ്കിൽ ചികിൽസിക്കുന്ന ഡോക്ടർ നൽകിയ ആറു മാസത്തിനകമുള്ള അസൽ മെഡിക്കൽ സർട്ടിഫിക്കറ്റും (ചികിത്സിക്കുന്ന ഡോക്ടറുടെ പേരും, രജിസ്ട്രേഷൻ നമ്പറും, ആശുപത്രിയുടെ സീലും, രോഗ വിവരങ്ങളും, ചികിത്സയ്ക്ക് ചെലവഴിച്ച തുകയും, തുടർ ചികിത്സയ്ക്ക് ആവശ്യമായ തുകയും രേഖപ്പെടുത്തിയിരിക്കണം) അപേക്ഷയോടൊപ്പം സമർപ്പിക്കണം.

അപകട മരണം സംഭവിച്ചവരുടെ ആശ്രിതർക്കുള്ള സമാശ്വാസ ധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം മരണമടഞ്ഞ വ്യക്തിയുടെ പേര് ഉൾക്കൊള്ളുന്ന റേഷൻ കാർഡിന്റെ പകർപ്പ്, പ്രഥമ വിവര റിപ്പോർട്ടിന്റെ (FIR) പകർപ്പ്, പോസ്റ്റ് മാർട്ടം റിപ്പോർട്ടിന്റെ പകർപ്പ്, മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, അപേക്ഷകന്റെ ആധാർ കാർഡിന്റെയും, ബാങ്ക് പാസ്സ് ബുക്കിന്റെയും പകർപ്പ് എന്നിവ ഉൾക്കൊള്ളിക്കേണ്ടതാണ്. അപകട മരണം സംഭവിച്ച് ഒരു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ചിരിക്കണം. തീപിടുത്തം, കടൽക്ഷോഭം മൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് അപേക്ഷയോടൊപ്പം ഉടമയുടെ പേര് ഉൾക്കൊള്ളുന്ന റേഷൻ കാർഡിന്റെ പകർപ്പ്, ഉടമയുടെ ആധാർ കാർഡിന്റെ പകർപ്പ്, ഉടമയുടെ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ്, തീപിടുത്തം മൂലമുള്ള നാശനഷ്ടമാണെങ്കിൽ പ്രഥമ വിവര റിപ്പോർട്ടിന്റെ (FIR) പകർപ്പ്, അഗ്നിശമന സേനയുടെ റിപ്പോർട്ട്, വാസഗൃഹത്തിനുണ്ടായ നഷ്ടമാണെങ്കിൽ റവന്യു അധികാരികളുടെ റിപ്പോർട്ട് എന്നിവയും ഉള്ളടക്കം ചെയ്യേണ്ടതാണ്. ■




കേരളത്തിലെ ആരോഗ്യരംഗം ലോകത്തിന് തന്നെ മാതൃകയാണ്. ആരോഗ്യ സൂചികയുടെ കാര്യത്തിലും ജനങ്ങളുടെ ആരോഗ്യ നിലവാരത്തിന്റെ കാര്യത്തിലും ലോകത്തിലെ വികസിത രാജ്യങ്ങളുടെ നിലവാരത്തിലാണ് കേരളം. കോവിഡ് എന്ന മഹാമാരിയെ നേരിടുമ്പോഴും നാം ആരോഗ്യമേഖലയിലെ ആ കരുത്ത് തെളിയിക്കുകയാണ്. നിയന്ത്രണങ്ങൾ ഘട്ടംഘട്ടമായി നീക്കിയതോടെ കേരളം സാധാരണ ജീവിതത്തിലേക്ക് തിരിച്ചുവരികയാണ്. ഈ ഘട്ടത്തിൽ കേരളത്തിന് ആത്മവിശ്വാസം പകരുന്നതാകട്ടെ നൂറു ശതമാനത്തിനോട് അടുക്കുന്ന കോവിഡ് ആദ്യ ഘട്ട വാക്സിനേഷൻ തന്നെയാണ്




# വാക്സിനെടുത്ത കേരളം

**വീണാ ജോർജ്**
**ആരോഗ്യ വകുപ്പ് മന്ത്രി**

കേരളത്തിലെ ആരോഗ്യരംഗം ലോകത്തിന് തന്നെ മാതൃകയാണ്. ആരോഗ്യ സൂചികയുടെ കാര്യത്തിലും ജനങ്ങളുടെ ആരോഗ്യ നിലവാരത്തിന്റെ കാര്യത്തിലും ലോകത്തിലെ മികച്ച വികസിത രാജ്യങ്ങളുടെ നിലവാരത്തിലാണ് കേരളം. കോവിഡ് 19 മഹാമാരിയെ നേരിടുമ്പോഴും നാം ആരോഗ്യമേഖലയിലെ ആ കരുത്ത് തെളിയിക്കുകയാണ്.

സർക്കാരിന്റെ ഫലപ്രദമായ ഇടപെടലുകളിലൂടെയും പൊതുജനാരോഗ്യ മേഖലയുടെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെയുമാണ് നാം ഒന്നാം തരംഗത്തിൽ കോവിഡ് രോഗവ്യാപനവും മരണവും നിയന്ത്രിച്ചത്. രണ്ടാംതരംഗം വരുന്നത് പരമാവധി നീട്ടിക്കൊണ്ടുപോകാനും നമുക്ക് സാധിച്ചു. ആശുപത്രികളിൽ അടിസ്ഥാനസൗകര്യങ്ങൾ വർധിപ്പിക്കുന്നതിനാണ് ഈ ഇടവേള വിനിയോഗിച്ചത്. എല്ലാ കോവിഡ് രോഗികൾക്കും ആശുപത്രികളിൽ ചികിത്സ ഉറപ്പുവരുത്തി എന്നത് കേരളത്തിന്റെ മാത്രം നേട്ടമാണ്. വൈകിവന്ന രണ്ടാം തരംഗത്തിൽ രോഗികളുടെ പ്രതിദിന എണ്ണം വർധിച്ചപ്പോൾ വീണ്ടും നാം അടച്ചിടലിന് നിർബന്ധിതരായി. എന്നാൽ നിയന്ത്രണങ്ങൾ ഘട്ടംഘട്ടമായി നീക്കിയതോടെ കേരളം സാധാരണ ജീവിതത്തിലേക്ക് തിരിച്ചുവരികയാണ്. ഈ ഘട്ടത്തിൽ കേരളത്തിന് ആത്മവിശ്വാസം പകരുന്നതാകട്ടെ നൂറു ശതമാനത്തിനോട് അടുക്കുന്ന കോവിഡ് ആദ്യ ഘട്ട വാക്സിനേഷൻ തന്നെയാണ്.

## ഒരു തുള്ളി വാക്സിൻ പോലും പാഴാക്കാതെയുള്ള മുന്നേറ്റം

സംസ്ഥാനത്തെ ആദ്യ ഡോസ് കോവിഡ് 19 വാക് സിനേഷൻ ഏതാണ്ട് ലക്ഷ്യത്തോടടുക്കുകയാണ്. 96 ശതമാനത്തോളം പേർക്ക് ഇതിനകം ആദ്യ ഡോസ് വാക്സിൻ നൽകാൻ സാധിച്ചു. 60 ശതമാനത്തോളം പേർക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്. ദേശീയ ശരാശരി 80 ശതമാനത്തിലെത്തുമ്പോഴാണ് കേരളം 96 എന്ന കണക്കിലേക്കു ഉയർന്നു എന്നത്

ആരോഗ്യകേരളത്തിന്റെ അഭിമാനം വർധിപ്പിക്കുകയാണ്. വാക്സിനേഷനെ ഒരു യജ്ഞമാക്കി സമീപിക്കാൻ നമുക്ക് സാധിച്ചു. ഒരു തുള്ളി വാക്സിൻ പോലും പാഴാക്കാതെയും അധികമായി ലഭിച്ച വാക്സിൻ ഉപയോഗപ്പെടുത്തിയും ദേശീയ തലത്തിൽ നാം മാതൃക തീർത്തു.

2021 ജനുവരി 16 മുതലാണ് കൃത്യമായ ആക്ഷൻപ്ലാനിന്റെയും ട്രയലിന്റെയും അടിസ്ഥാനത്തിൽ വാക്സിനേഷൻ ആരംഭിച്ചത്. രാജ്യത്ത് ആദ്യമായി കിടപ്പ് രോഗികൾക്ക് വീട്ടിൽ പോയി വാക്സിൻ നൽകിയ ആരോഗ്യപ്രവർത്തകർ 60 വയസിന് മുകളിലുള്ളവർക്കും ആദ്യ ഡോസ് വാക്സിൻ നൽകുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചു. വാക്സിനേഷനായി രജിസ്ട്രേഷൻ നടത്താനറിയാത്തവർക്ക് വേവ് ക്യാമ്പയിൻ നടപ്പിലാക്കി. ഗർഭിണികളുടെ വാക്സിനേഷനായി മാതൃകവചം, 24 മണിക്കൂറും പ്രവർത്തിക്കുന്ന ഡ്രൈവ് ത്രൂ വാക്സിനേഷൻ എന്നിവയും നടപ്പിലാക്കി.

ട്രൈബൽ വിഭാഗത്തിന് വാക്സിൻ ഉറപ്പാക്കാൻ ജില്ലകളിൽ പ്രത്യേക പ്രവർത്തനങ്ങൾ നടത്തി. ആദിവാസി ഊരുകൾ കേന്ദ്രീകരിച്ച് മൊബൈൽ ടീമുകൾ പ്രത്യേക ദൗത്യത്തിലൂടെയാണ് വാക്സിൻ നൽകിവരുന്നത്. ട്രൈബൽ വകുപ്പ്, കുടുംബശ്രീ, ആശാ വർക്കർമാർ എന്നിവർ ദൗത്യത്തിന്റെ ഭാഗമായി. വിമുഖത കാണിച്ച പലർക്കും അവബോധത്തിലൂടെ വാക്സിൻ നൽകുന്ന പ്രവർത്തനം തുടരുകയാണ്.

## വാക്സിനേഷന്റെ ഗുണഫലങ്ങൾ തെളിയുന്നു

കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റ് ജനസംഖ്യ പ്രകാരം 2,67,09,000 പേർക്കാണ് കേരളത്തിൽ ആദ്യ ഡോസ് വാക്സിൻ നൽകേണ്ടിയിരുന്നത്. എന്നിട്ടും കേരളം സമയബന്ധിതമായി വാക്സിനേഷൻ ലക്ഷ്യം പൂർത്തീകരിക്കുന്നു എന്നത് നമ്മുടെ കൂട്ടായ ്രവർത്തനങ്ങളുടെയും ഇച്ഛാശക്തിയുടെയും വിജയം തന്നെയാണ്. പത്തനംതിട്ട, എറണാകുളം, വയനാട് എന്നീ ജില്ലകളിൽ ആരോഗ്യപ്രവർത്തകർ ഉൾപ്പടെ മിക്കവാറും എല്ലാവരും ആദ്യ ഡോസ് വാക്സിൻ സ്വീകരിച്ചിട്ടുണ്ട്. സ്ത്രീകളാണ് പുരുഷൻമാരെക്കാൾ കൂടുതൽ വാക്സിനെടുത്തത് എന്നതും എടുത്തു പറയേണ്ടതുണ്ട്.

വാക്സിൻ എടുത്താലുള്ള ഗുണഫലങ്ങൾ ശാസ്ത്രീയമായി ഇതിനകം തന്നെ തെളിയിച്ചതാണ്. അണുബാധയിൽ നിന്നും ഗുരുതരമായ അസുഖത്തിൽ നിന്നും സംരക്ഷിക്കുകയും ആശുപത്രി വാസത്തിന്റെയും മരണത്തിന്റെയും സാധ്യത ഗണ്യമായി കുറയ്ക്കുകയും ചെയ്യുന്നുവെന്നതാണ് ഇതിന്റെ ഏറ്റവും വലിയ സവിശേഷത. സംസ്ഥാനത്തെ കോവിഡ് രോഗികളുടെ കണക്ക് നോക്കിയാൽ ഇക്കാര്യം ബോധ്യമാകുന്നതാണ്. നവംബർ 4 മുതൽ നവംബർ 10 വരെയുള്ള കാലയളവിൽ, ശരാശരി 72,634 കേസുകൾ ചികിത്സയിലുണ്ടായിരുന്നതിൽ 1.7 ശതമാനം പേർക്ക് മാത്രമാണ് ഓക്സിജൻ കിടക്കകളും 1.4 ശതമാനം പേർക്ക് മാത്രമാണ് ഐസിയുവും ആവശ്യമായി വന്നത്. നിലവിൽ രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ള രോഗികൾ, ആശുപത്രികൾ, ഫീൽഡ് ആശുപത്രികൾ, ഐസിയു, വെന്റിലേറ്റർ, ഓക്സിജൻ കിടക്കകൾ എന്നിവിടങ്ങളിലെ രോഗികളുടെ എണ്ണം താരതമ്യേന കുറഞ്ഞുവരികയാണ്.

ഈ കണക്കുകൾ വ്യക്തമാക്കുന്നത് കേരളത്തിന്റെ ജാഗ്രതയോടെയുള്ള നീക്കങ്ങൾക്കു ഫലമുണ്ടാകുന്നു എന്ന് തന്നെയാണ്. എന്നാൽ പതിയ ആൾക്കൂട്ടങ്ങളും നിയന്ത്രണ പാലനത്തിൽ ഉദാസീനതയും ഉണ്ടായാൽ നാം വാക്സിനേഷനിലൂടെ നേടിയെടുക്കുന്ന കരുത്ത് ചോർന്നു പോകുമെന്നകാര്യം എല്ലാവരും ഈ ഘട്ടത്തിൽ ഓർക്കേണ്ടതുണ്ട്. വാക്സിൻ എടുത്തു എന്നുകരുതി ജാഗ്രത കൈവിട്ടാൽ വാക്സിൻ എടുത്തവർക്കും രോഗം വന്നേക്കാം. അനുബന്ധ രോഗങ്ങൾ ഉള്ളവരാകട്ടെ കൂടുതൽ മുൻകരുതലുകൾ സ്വീകരിക്കേണ്ടതുണ്ട്.

## ഉറപ്പാക്കാം ആർജിത പ്രതിരോധ ശേഷി


> ഐക്യത്തോടെ മുന്നേറിയാൽ മറ്റു പല മഹാമാരികളെയും മറികടന്നതുപോലെ ഈ കാലത്തെയും നമുക്ക് അതിജീവിക്കാൻ കഴിയും




വാക്സിനേഷനോട് ഒരാളും മുഖം തിരിക്കരുത്. കാരണം കൊറോണ വൈറസ് ശരീരത്തിൽ കടക്കുന്ന സ്ഥിതിയുണ്ടായാൽ നമ്മുടെ ശരീരത്തിലെ രോഗപ്രതിരോധ സംവിധാനങ്ങൾ ഉണർന്നു പ്രവർത്തിക്കണം. അതിനു നമ്മുടെ ശരീരത്തിൽ ശരിയായ അളവിൽ ആന്റിബോഡികൾ കൊറോണ വൈറസിനെതിരെ നിർമിക്കപ്പെടേണ്ടതുണ്ട്. എന്നാൽ മാത്രമേ ശരീരത്തിൽ വൈറസ് പെരുകുന്നത് തടയാൻ കഴിയൂ. കോവിഡ് വാക്സിൻ നൽകുന്നത് വഴി ശരീരത്തിൽ കൊറോണ വൈറസിനെതിരെ ആന്റിബോഡികൾ ഉത്പാദിപ്പിക്കപ്പെടുന്നു. വ്യക്തികളിൽ മാത്രമല്ല, വാക്സിനേഷനിലൂടെ സമൂഹത്തിനെ തന്നെ ഈ വിധത്തിൽ സന്നദ്ധരാക്കുന്നതിലൂടെ ആർജിത പ്രതിരോധ ശേഷി (ഹേർഡ് ഇമ്മ്യൂണിറ്റി) കൈവരിക്കാൻ സാധിക്കും. എന്നാൽ വാക്സിനെടുത്തവർക്കിടയിൽ ചിലർ കോവിഡ് വാക്സിൻ എടുക്കാതെ വിട്ടുനിന്നാൽ വിട്ടുനിന്നാൽ അത് സമൂഹത്തിൽ രോഗവ്യാപനത്തിന് കാരണമാകും. അതുകൊണ്ടുതന്നെ വാക്സിനേഷന് വിമുഖത കാണിക്കാതെ എല്ലാവരും വാക്സിനെടുക്കണം.

കോവിഡിനെതിരെയുള്ള ശക്തമായ പ്രതിരോധത്തിലാണ് നമ്മൾ. ഐക്യത്തോടെ മുന്നേറിയാൽ മറ്റു പല മഹാമാരികളെയും മറികടന്നതുപോലെ ഈ കാലത്തെയും നമുക്ക് അതിജീവിക്കാൻ കഴിയും. അതിനുള്ള മാർഗമായി കണ്ടു വാക്സിനെടുത്ത കേരളത്തിനൊപ്പം അണിചേരുക. ഒപ്പം മാസ്ക് ധരിച്ചും സാനിറ്റൈസർ ഉപയോഗിച്ചും സാമൂഹിക അകലം പാലിച്ചും ജീവന്റെ വിലയുള്ള ജാഗ്രത തുടരുക. ▪




# മലയാളത്തിന്റെ പൂർവകാന്തികൾ

ഭാഷാ മഹാസ്മൃതിയാണ്. ചരിത്രങ്ങൾക്കപ്പുറം ഒരു സമൂഹം ഒരുമിച്ചുച്ചരിച്ചതിന്റെ സംഗീതം ഒഴുകിയൊഴുകിവന്നത്. അതിനാൽ ഇന്നത്തെ ജനതയുടെ ഓർമ്മബലവും ആത്മബലവും ഒരുമയും ഭാഷയിലാണ്. രണ്ടായിരം വർഷത്തിലേറെ ആധാരബലമുള്ള മലയാളഭാഷ കേരളീയന്റെ സാമൂഹികമായ നിലനിൽപിന് ഏകാധാരമാണ്.



പ്രൊഫ. വി. മധുസൂദനൻ നായർ

**പെ**രിയാറും വൈഗയും കാവേരിയും -മൂന്നും ഒരേ മലയിൽനിന്നുറന്ന നദികൾ. പണ്ട്, ഇവ മൊഴിയതിരുകൾ വയ്ക്കാതെ ഒഴുകിയിരുന്നു. ഭാഷാവരമ്പു തിരിച്ചിട്ട പുതിയ നാട്ടുരാജ്യങ്ങളിൽ കാവേരിയും മുല്ലപ്പെരിയാറുമെല്ലാം കണ്ണീർപ്പുഴയായിക്കലങ്ങി വറ്റുന്നു. പുഴപ്പിണക്കവും മൊഴിപ്പിണക്കവും പെരുകിയപ്പോൾ പലരും പിറകോട്ടു നോക്കുന്നതേയില്ല. ചിലപ്പതികാരമെന്ന പഴയ തമിഴകക്കാവ്യം നന്നായൊന്നു ശ്രദ്ധിച്ചാൽ അതിന് തെല്ലൊരു ശാന്തിയുണ്ടായേക്കും.

കാന്തമനെന്ന ചോഴരാജൻ, നാട്ടിൽ മഴയുണ്ടാവാൻ പ്രാർത്ഥിച്ചപ്പോൾ അമരമുനിവനായ അകത്തിയൻ(അഗസ്ത്യൻ) കമണ്ഡലു കമിഴ്ത്തി 'കാവിരിപ്പാവൈ' യെ ഒഴുക്കിവിട്ടത്രേ. തലൈക്കാവേരിയിൽ ഉറവെടുത്ത് ആ നദി കരുനാടകത്തിലൂടെ ചെങ്കുണക്ക് (ചെമ്മുള്ള കുണക്ക്-കിഴക്ക്) ഒഴുകി കാവിരിപ്പൂമ്പട്ടിനത്തിനടുത്ത് ആഴിനീർപ്പരപ്പിൽച്ചെന്നലിയുന്നു. (മണിമേഖല-ചീത്തലൈച്ചാത്തനാർ). മഴയ്ക്കും പുഴയ്ക്കും മൊഴിയ്ക്കും അതിരുകളുണ്ടോ ! ഊറിയതെവിടെയായാലും അവയ്ക്കെവിടെ യുമൊഴുകാം. അരുംതപം ചെയ്ത ചമ്പാപതിയെന്ന തപസ്വിനി കാവേരിനദിയെ 'ആണുവിചുമ്പിൻ ആകായകങ്കൈ'(ആകാശത്തു വിലസുന്ന ഗംഗാമാതാവേ) എന്നു വിളിക്കുന്നതിലുണ്ട് ഇതിന്റെ പെരുംപൊരുൾ. ഇപ്പോൾ ഇടിയുന്ന കരകളിൽ അക്കരയിക്കരെ മുഖം തിരിച്ചുനിന്നുകൊണ്ട് അതിന്റെ പ്രവാഹങ്ങളെ നോക്കിക്കാണാൻ നമുക്ക് നന്നേ പ്രയാസം. ചോഴർതൻ കുലക്കൊടിയായ കാവേരിയുടെ കരയിൽ നിന്ന്

'പുലവർനാവിൽ പൊരുന്തിയ പൂങ്കൊടിയും' 'പൊയ്യാക്കുലക്കൊടി'യുമായ വൈഗാനദിയുടെ തീരത്തെത്തി, അവിടവും കടന്ന്, തിരിച്ചെങ്കുന്നു മലയേറി, മംഗളാദേവിമലയിലെത്തി പെരിയാറൊഴുക്കായി തിരിവഞ്ചിക്കുളമെന്ന വഞ്ചിമാനഗരത്തിൽവന്നു കുടിയിരുന്ന 'പത്തിനിക്കടവുകളായ' കണ്ണകിയിൽ തമിഴകത്തിന്റെ വഴിയും മൊഴിയും മുഴുവൻ തുടിക്കുന്നെന്നു തോന്നുന്നു. ഇതു വെറും തോന്നലോ? കണ്ണകിയുടെ ഗാഥയിലൂടെ മനസ്സോടിച്ചാൽ തന്നെ അത് തെളിയും.

'കുണവായിർ കോട്ടത്ത് അരചുതുറന്തിരുന്ത കൂടക്കോച്ചേരൽ ഇളംകോവടികള് ' ആണ് കണ്ണകിയുടെ കഥ പറഞ്ഞത്. ചിലപ്പതികാരം എന്നകാവ്യത്തിലൂടെ മുൻപേതന്നെ അകംപാട്ടുകളിൽ ഉറഞ്ഞുകിടന്ന ഒരു ഒറ്റമുലച്ചിയുടെ കഥ ഇതിനു പ്രേരണയോ സഹായമോ ആയി വന്നിരിക്കാം. മംഗളാദേവി മലയിറങ്ങി ചേരൻചെങ്കുട്ടുവന്റെയോ ഇളംകോവടികളുടേയോ മുന്നിൽവന്ന് കുറവർ പറഞ്ഞ നേർക്കാഴ്ചക്കഥ ഈ പഴങ്കഥയുടെ പൊലിപ്പുമാകാം. ഇളംകോവടികൾക്കൊപ്പമുണ്ടായിരുന്ന തൺതമിഴ്ക്കവിയായ മതുരൈകൂലവാണികൻ ചീത്തലൈച്ചാത്തനാർ ആ കഥ വിശദീകരിച്ചപ്പോൾ അതിൽ ചരിത്രാംശങ്ങൾ കലർന്നുവെന്നും വരാം. (മധുരയിലെ കൂലവാണികൻ-ധാന്യക്കച്ചവടക്കാരൻ-ചാത്തലൈച്ചാത്തനാർ ഇന്നത്തെ കേരളത്തിലെ ചേർത്തലക്കാരനായിരുന്നു എന്നൊരു നിഗമനമുണ്ട്. ഇദ്ദേഹമാണ് മണിമേഖലാകാവ്യത്തിന്റെ കർത്താവ്).

കണ്ണകിയുടെ കഥയെ ചിലമ്പിന്റെ ഗാഥയാക്കിപ്പാടിയപ്പോൾ ഇളംകോവടികൾ കണ്ണകിയെയും ചിലമ്പിനെയും വലിയൊരു സംസ്കാരത്തിന്റെ പ്രതീകമാക്കിക്കൂടി ഉയർത്തിയില്ലേ? അതിൽ തമിഴകമെന്ന തെൻനാടും തമിഴകത്തിന്റെ മനസ്സും വാഴ്വും മുറയും നെറിയും നെറികേടിനുള്ള വിധിയുമെല്ലാം നിറഞ്ഞില്ലേ? ആ മൂന്നു നദികളിൽ, മൂന്നായിപ്പിരിഞ്ഞെങ്കിലും ഒന്നായ ഒരു പെരിയ സംസ്കാരത്തിന്റെ ഈണവും പ്രാണനും അനുഭവപ്പെടും. ആ പുഴവഴികളിലൂടെ ഒഴുകിയാൽ ഒരേ ഭാഷയുടെ, ഒരേ പഴമയുടെ, ഒരേ പൈതൃകത്തിന്റെ നീരുതന്നെ ഏവർക്കും നുകരാം.

ചിലപ്പതികാരത്തിന്റെ ഭാഷ രണ്ടു സഹസ്രാബ്ദം മുമ്പുള്ള മലനാട്ടുമൊഴി തന്നെയാണ്. അതായത് നമ്മുടെ പൂർവികർ പറയുകയും പാടുകയും ചെയ്ത ഭാഷ. അവരുടെ ചൊല്ലുവഴിയും പാട്ടുവഴിയും വിഴവും ചിറപ്പും വാഴ്ക്കവഴക്കങ്ങളുമെല്ലാം ഇതിനുള്ളിലുണ്ട്. നവകാലാവേശങ്ങളിൽ അധികം മുഴുകുന്ന നമ്മുടെ മറവിയാണ് അവയെ നാം തിരിച്ചറിയാത്തതിനു കാരണം. എന്തിനും മേലേ ഉദാത്തമായൊരു ധർമ്മകാവ്യം തന്നെയാണ് ചിലപ്പതികാരം. പതികത്തിൽ കവി തന്നെ പറയുംപോലെ മൂന്നു സത്യങ്ങളെ ലോകത്തു നിലനിർത്താനുദ്ദേശിച്ചുള്ളതാണിത്. ധർമ്മത്തെ പിഴപ്പിക്കുന്നവർക്ക് ധർമ്മദേവൻതന്നെ അന്തകനായി വരും;പതിവ്രതകളെ മനുഷ്യരും മുനിമാരും ദേവകളും വണങ്ങും, പൂർവജന്മപാപങ്ങൾ പിൻതുടർന്നു വരും ഇവ മൂന്നുമാണാ സത്യങ്ങൾ.

തെക്ക് കന്യാകുമാരിയും വടക്ക് വേങ്കടഗിരിയും കിഴക്കും പടിഞ്ഞാറും കടലും അതിരായുള്ള, ഇവയ്ക്കിടയിൽച്ചേർന്ന മനംകുളിർപ്പിക്കുന്ന തമിഴ്ദേശം. അവിടെ ചെന്തമിഴ്, കൊടുന്തമിഴ് എന്നു രണ്ടു മൊഴിരീതികൾ. അഞ്ചുതിണകൾ. ഈ ദേശത്തിനായി, ഈ ഭാഷയിൽ അറം, പൊരുൾ, ഇമ്പം(ധർമ്മം, അർഥം, കാമം) എന്നിവ മനുഷ്യർക്കും ദേവൻമാർക്കുമിണങ്ങുമാറ് ചേർത്ത കാവ്യം.വടക്ക് വിഷ്ണുവാഴുന്ന വേങ്കടഗിരിയും തെക്ക് കുമരിയും കിഴക്കുപടിഞ്ഞാറുകളിൽ കടലും അതിരായ തമിഴ്നാട്. അതിൽ മേടകളാർന്ന മധുരയിലും പെരുമയുള്ള ഉറയൂരിലും തിരക്കും ആർഭാടവും നിറഞ്ഞ വഞ്ചിനഗരത്തിലും ഇരമ്പിയൊഴുകുന്ന തെളിജലമുള്ള കാവേരിപ്പൂമ്പട്ടണത്തിലും ഒരുപോലെ സുഖം നൽകുന്ന ഇളവേനൽ(വസന്തം) വന്നു ചേർന്നു.

മൂന്നു നാടുകളിലുമുള്ള നാലുനഗരങ്ങൾക്ക് ഒരുപോലെ വസന്തം, മൂന്നു നാടുകൾക്കും ഒരുപോലെ ധർമ്മാർഥകാമങ്ങൾക്കുവേണ്ടിയുള്ള കാവ്യം. ഇതിൽ ദേശങ്ങൾക്ക് ഉച്ചനീചത്വങ്ങൾ കല്പിച്ചിട്ടില്ല. ഉത്തമാധമഭേദമില്ലെന്നർത്ഥം. കിഴക്കേക്കടലിനും പടിഞ്ഞാറേക്കടലിനുമിടയ്ക്കുള്ള ദേശങ്ങൾ ഭാവത്തിൽ ഒന്നുതന്നെ. ചേരചോളപാണ്ഡ്യന്മാർക്ക് അന്യോന്യം യുദ്ധങ്ങൾ ഇടയ്ക്കിടെയുണ്ടായിരുന്നതായി പതിറ്റുപ്പത്തു തുടങ്ങിയ കാവ്യങ്ങളിലൂടെ അറിയാമെങ്കിലും ഈ നാടുകൾ മൂന്നിലും ഒരേ സംസ്കാരത്തിന്റെ നീരാണൊഴുകിയിരുന്നത്. ഒരേ ഭാഷയാണു ച്ചരിച്ചിരുന്നത്. ചോഴനാട്ടുവഴക്കവും പാണ്ടിനാട്ടുവഴക്കവും മലനാട്ടുവഴക്കവും ഉണ്ടായിരുന്നെങ്കിലും. മലനാട്ടുവഴക്കം പിന്നെപ്പിന്നെ മലനാട്ടുകാരന്റെ-മലയാളുന്നവനായ മലയാളന്റെ മൊഴിയായി- മലയാൾമയായി, മലയാഴ്മ മലയാൺമയായി, മലയാളമായി. (ഇടയ്ക്കു ചിലർ മലയായ്മ എന്നും പറഞ്ഞു.

**ഇളംകോവടികൾ കണ്ണകിയെയും ചിലമ്പിനെയും വലിയൊരു സംസ്കാരത്തിൻറെ പ്രതീകമാക്കിക്കൂടി ഉയർത്തിയില്ലേ? അതിൽ തമിഴകമെന്ന തെൻനാടും തമിഴകത്തിൻറെ മനസ്സും വാഴ്വും മുറയും നെറിയും നെറികേടിനുള്ള വിധിയുമെല്ലാം നിറഞ്ഞില്ലേ? ആ മൂന്നു നദികൾ, മൂന്നായിപ്പിരിഞ്ഞെങ്കിലും ഒന്നായ ഒരു പെരിയ സംസ്കാരത്തിൻറെ ഈണവും പ്രാണനും അനുഭവപ്പെടും. ആ പുഴവഴികളിലൂടെ ഒഴുകിയാൽ ഒരേ ഭാഷയുടെ, ഒരേ പഴമയുടെ, ഒരേ പൈതൃകത്തിൻറെ നീരുതന്നെ ഏവർക്കും നുകരാം.**



കൂട്ടാൾ+മ=കൂട്ടാഴ്മ എന്നത് കൂട്ടാൺമയും പിന്നെ കൂട്ടായ്മയും ആയതുപോലെ)മലയാളമെന്നത് മലയ്ക്കും ആഴിയ്ക്കുമിടയ്ക്കുള്ളത് എന്നൊരു നിർമ്മൂലനിരുക്തി ഇടയ്ക്ക് ചിലർ ഉണ്ടാക്കിയിട്ടുണ്ട്. മേലാളൻ, കീഴാളൻ, തൊഴിലാളൻ, മുതലാളൻ, വേളാളൻ,തലയാളൻ തുടങ്ങിയവയെപ്പോലെ തന്ന മലയാളൻ എന്ന പദവും മലയാളന്റെ അഥവാ മലയാളിയുടെ മൊഴി മലയാളം. ജനത്തിനും നാടിനും ഭാഷയ്ക്കും മലയാളം എന്ന പേര് കാലക്രമത്തിൽ അഭേദോപചാരം കൊണ്ട് ഉറച്ചു.

തമിഴ് എന്ന നാമത്തിന് പൂർവകാലത്തുണ്ടായിരുന്ന ദേശവ്യാപ്തി അധികാരക്കോലുകൾക്കനുസരിച്ചൊതുങ്ങിപ്പോയതിനാലാവണം തമിഴിലെ പഞ്ചമഹാകാവ്യങ്ങളിൽപ്പെട്ട ചിലപ്പതികാരവും, മലനാട്ടിന് അന്യമോ അപരിചിതമോ ആയിപ്പോയത്. പുറനാനൂറിലെ പലകാവ്യങ്ങളും ചേരരാജപ്രശസ്തിയാണ്. അവയെഴുതിയത് മലനാട്ടുകാരായ കവികളാണുതാനും. അവരെല്ലാം ഇപ്പോൾ തമിഴ്ക്കവികളായി, ഇപ്പോഴത്തെ തമിഴ്നാടിന്റെ സ്വന്തമായി. അഥവാ നമുക്കവരെ വേണ്ടാതായി. എല്ലാവർക്കുമുള്ള ആ കവികളെ തറവാട്ടുകാർ പുറത്താക്കിയപ്പോൾ, തറവാട്ടിൽ മറ്റൊരു ഭാഗത്ത് അവർ സ്വന്തം പേരു നഷ്ടമാക്കാതെ ശേഷിപ്പിക്കുന്നു.

പാണിനിക്കും പാണിനികൃതമായ അഷ്ടാധ്യായിക്കുമുണ്ടായ ദുര്യോഗം ഇളംകോവടികൾക്കും ചിലപ്പതികാരത്തിനും ഭവിച്ചു. ശാലാതുരീയൻ എന്ന പേർകൊണ്ട പാണിനിക്ക്, പാണിനിയുടെ അഷ്ടാധ്യായിക്കും, ഇന്ന് കാബൂൾ നദി സിന്ദുവിൽച്ചേരുന്നതിനടുത്ത് ശാലാതുരം എന്ന ദേശത്ത് പ്രവേശമില്ല. (പണ്ടിവിടെ പാണിനിയുടെ പ്രതിമ പ്രതിഷ്ഠിക്കപ്പെട്ടിരുന്നുവെന്നും പാണിനീയ വ്യാകരണം

പരമ്പരയാ വ്യാകരണവിദ്യാർത്ഥികൾ അഭ്യസിച്ചിരുന്നുവെന്നും ചൈനീസ് ബുദ്ധഭിക്ഷു ഹ്യൂയൻ സാങ് വിവരിച്ചിട്ടുണ്ട്.) ഇളംകോവടികളെ തൃക്കണാമതിലകത്തോ കൊടുങ്ങല്ലൂരോ, മലനാടായിരുന്ന കേരളത്തിലോ ആരെങ്കിലും പരമ്പരയാ സ്മരിച്ചിരുന്നോ–നിശ്ചയമില്ല. എന്നാലും ചേരൻചെങ്കുട്ടുവൻ പ്രതിഷ്ഠിച്ച പത്തിനീദേവിയായ കണ്ണകി ശ്രീകുറുംബയായി, കൊടുങ്ങല്ലൂരമ്മയായി ഇന്നും ഇവിടെയുണ്ട്. കൊടുങ്ങല്ലൂരമ്മയിലൂടെ മലങ്കുറവരുടെ പാട്ടും കാവുതീണ്ടലും മറ്റും നാമോർക്കുന്നുണ്ട്. മലങ്കുറവക്കൂത്തും വരിപ്പാട്ടും വേലൻവെറിയാട്ടും കാനൽവരിയും കന്ദുകവരിയും ഉലക്കപ്പാട്ടും ഊഞ്ഞാൽപ്പാട്ടും അമ്മാനവരിയും ആച്ചിയർക്കുരവയും അതിലൂടെപ്പോയാൽ നമുക്കു കാണുകയും കേൾക്കുകയും ചെയ്യാം. അവയുടെ വഴിയിലൂടെ നടന്നാൽ രണ്ടായിരത്തോളമാണ്ടിനിപ്പുറത്തെ ഇളംകോവടികളുടെ മുഖം കാണാം. സമദർശനമാർന്ന ആ കണ്ണുകൾ കാണാം. അതിനുള്ളിൽ തമിഴകമനസ്സു മുഴുവൻ കാണാം.

കുറവനും വേലനും വേട്ടുവനും പറയനും പാണനും ഇടയനും അന്തണനും ശ്രമണനും അരചനും മനുഷ്യനെന്ന നിലയിൽ ഭേദമില്ലാതിരുന്ന ഒരു ദേശഹൃദയത്തിനെയാണ് ഇളംകോവടികളിലൂടെ കാണാനാവുക. വേലികളില്ലാത്ത നാട്ടൊരുമകൾ. മഹാവ്രതമാർന്ന ഒരു മനസ്വിനിയുടെ കഥയിലൂടെ പെൺമയുടെ ശക്തിയും സ്നേഹവും ധർമ്മ ജാഗ്രതയും ഉയിർപ്പും സ്ഥാപിക്കുക മാത്രമല്ല, ചിലപ്പതികാരം. അത്യാചാരങ്ങൾക്കുനേരേ പെൺമുലയുടെ കനലായി എരിഞ്ഞുവീഴുമ്പോഴും ഒരുമയുള്ള നാട്ടുജീവിതത്തിന്റെ സ്വച്ഛന്ദതരംഗിണിയായി അത് സഞ്ജീവനം നൽകുകയും ചെയ്യുന്നു.

ചേരവേന്തന്റെ ഇളയവനായ ഇളംകോവടികൾ പാടുമ്പോൾ ചേരമന്നനൊപ്പം തന്നെയാണ് പാണ്ടിമന്നനും ചോഴമന്നനും. വഞ്ചിക്കാണ്ഡത്തിലെ അമ്മാനവരി, കന്ദുകവരി, ഊചൽവരി, വള്ളൈപ്പാട്ട് എന്നിവയിൽ ഇതു കാണാം;മറ്റു രണ്ടു കാണ്ഡങ്ങളിലുമെന്നപോലെ. ചോഴൻ, പാണ്ഡ്യൻ, ചേരൻ ഈ മൂവരേയും അവരുടെ നാടിന്റെ ഐശ്വര്യത്തേയും ധർമ്മപരതയേയും ഒരുപോലെയാണ് വാഴ്ത്തുന്നത്. ആരെയും ഇകഴ്ത്തുന്നില്ല. കോവലനെക്കൊന്ന് കണ്ണകിക്ക് തീരാദുഃഖം വരുത്തി താനുംകെട്ടു മധുരാപുരിയേയും കെടുത്തിയ പാണ്ഡ്യരാജാവിൽപ്പോലും തെല്ലും കളങ്കമാരോപിക്കാതെ, ധർമ്മമുറ തെറ്റിയാലുണ്ടാകുന്ന വിനാശത്തെ മാത്രമെടുത്തുകാട്ടി ആ മന്നന്റെ നാട്ടിനും കൂടെ ജയമാശംസിക്കുന്ന മഹത്വം ഇളംകോവടികൾക്കുണ്ട്. ആ മഹത്വം മലനാടിൻറേതാണ്. ഇനിയുമങ്ങനെയാവണം.

പതികം കൂടാതെ മൂന്നു കാണ്ഡങ്ങളാണ് ചിലപ്പതികാരത്തിന്- പുകാർകാണ്ഡം, മതുരൈക്കാണ്ഡം, വഞ്ചിക്കാണ്ഡം- ഈപേരുകൾ കാട്ടുംപോലെ, ചോളനാട്ടിലും, പാണ്ഡ്യരാജ്യത്തും, വഞ്ചിരാജ്യത്തിലുമാണ് കഥ നടക്കുന്നത്. മൂന്നു നാടുകളുടേയും സംസ്കാരവിശേഷങ്ങളെല്ലാം വർണിതമാണ്. (കാണ്ഡം എന്ന വിഭാഗനാമം വാല്മീകിരാമായണത്തെ ഓർമ്മിപ്പിക്കും. മലയാളനാട്ടിൽ വാല്മീകിയെപ്പിൻതുടർന്നും ഇളംകോവടികളെ പിൻതുടർന്നും കാവ്യങ്ങളിൽ കാണ്ഡവിഭാഗം പിന്നീടുമുണ്ടായിട്ടുണ്ട്.)

അഴകാൽ അമൈന്ത അവനിയ്ക്കു മാലൈ-/പ്പുകഴാൽ അമൈന്ത പുകാർ എന്ന് പുകാർപട്ടണത്തെ വാഴ്ത്തിക്കൊണ്ടവസാനിക്കുന്ന പുകാർകാണ്ഡത്തിന്റെ കട്ടുരയിൽ പാണ്ടിയർ വംശരാജാക്കൻമാരുടെ ധർമ്മനീതിയെ കീർത്തിക്കുന്നു. മതുരൈക്കാണ്ഡത്തിന്റെ കട്ടുരയിൽ പാണ്ടിയർ കുലത്തിന്റെ അറനും മറനും ആറ്റലും (ധർമ്മം, ശക്തി,

ഭരണം) വാഴ്ത്തപ്പെടുന്നു.
വഞ്ചിക്കാണ്ഡസമാപ്തിയിൽ ചെങ്കുട്ടുവന്റെയും ചേരമന്നന്റെയും മാഹാത്മ്യങ്ങളെ പുകഴ്ത്തുന്നു.

'പൊങ്കിരും പരപ്പിർക്കടൽ പിറകോട്ടിക്കളൈപ്പേര്യാറ്റുക്കരൈ പോകിയ ചെങ്കുട്ടുവനോടൊരു പരിചു നോക്കിക്കിടന്ത വഞ്ചിക്കാണ്ടം' എന്നാണ് കവി ഇവിടെ പറയുന്നത്. ചെങ്കുട്ടുവനെയും പാണ്ടിമന്നനെയും ചോളമന്നനെയും സമനിലയിലേ കാണുന്നുള്ളൂ. ഈ സമദർശനം കവിഹൃദയത്തെയും അന്നത്തെ നാടുകളുടെ ദേശാതിർത്തികൾക്കതീതമായ സാംസ്കാരിക വൈഭവൈക്യത്തെയും ഒരുപോലെ

ബോധ്യപ്പെടുത്തും. ചിലപ്പതികാരത്തിലൂടെ സഞ്ചരിക്കുമ്പോൾ നാം ഈ മൂന്നുനാടുകളേയും ഒരുപോലെ സ്നേഹിക്കുന്നു ആ നാടുകളിലെ പ്രകൃതിയെയും മനുഷ്യരെയും തിരിച്ചറിയുന്നു. ഇതും നമ്മുടേതുതന്നെ എന്ന് ഉള്ളിൽപ്പറഞ്ഞുപോവുന്നു. കോയ്മ മൂന്നാണെങ്കിലും പഴമയും വഴക്കവുമൊന്നാണെന്ന നേരറിവ് ഉണർന്നു വരും. മലകലിലും ആയർക്കുടികളിലും തിനപ്പാടങ്ങളിലും കടലോരത്തും പാലനിലത്തിലുമുള്ള മനുഷ്യരുടെയുള്ളിൽ ആയിരമായിരം വർഷങ്ങൾ പഴക്കമുള്ള ഇതിഹാസങ്ങളും പുരാണങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും വൈദികകാലത്തോളം വേരോട്ടമുള്ള അറിവുകളും പലപ്രകാരങ്ങളിൽ നിത്യേന ആവിഷ്കൃതമായിരിക്കുന്നതു കണ്ട് വിസ്മയിക്കും. അന്നത്തെ നിത്യവിനോദങ്ങളിൽപ്പോലും അന്തരിയും ശങ്കരിയും പിടാരിയും ഐയയും ശിവനും കണ്ണനും ബലരാമനും രാമനും അനന്തശായിയും ചാത്തനുമുണ്ടായിരുന്നുവെന്നറിയും. ഇതെല്ലാമിണങ്ങിയിഴുകി വിടർന്ന ഭാഷതന്നെ മലയാളം.

മലയാളത്തിന്റെ പൂർവകാന്തികൾ ഇന്നും മലയാളമൊഴിയിൽ ആത്മാവായിപ്പടർന്നിട്ടുണ്ടെന്ന് ചിലപ്പതികാരം പറഞ്ഞുതരുന്നു. ആയിരമായിരമാണ്ടുകൾ ഉച്ചരിച്ചുച്ചരിച്ചുപോന്ന ജീവിതവികാരങ്ങളുടെ ധ്വനിനിറഞ്ഞ താളവും ഈണവും പൊരുളുമൊരുമിച്ച ആ ഭാഷയുടെ പില്ക്കാലപ്പൊടിപ്പാണ്, എത്രമാറിയാലും ഇന്നത്തെ മലയാളം. ഉദാഹരണങ്ങൾക്കും വിശദീകരണങ്ങൾക്കും വിഷമമില്ല. ആ പഴയ നദികളുടെ ഓരം ചേർന്നിരുന്നാൽ അവിടം തൊട്ടിവിടം വരെയുള്ള ഒഴുക്കുകഥ തെളിഞ്ഞു വരും.

ചിലപ്പതികാരത്തിലൊരുതുടംം ഉള്ളിൽച്ചെന്നാൽ മലയാളിക്ക് സ്വന്തം ഉള്ളറകൾ തുറക്കാതിരിക്കില്ല. നമ്മുടെ വാക്കിന്റെ കഥയെഴുതുമ്പോൾ തൃക്കണാമതിലകപ്പടിയിൽ നിന്നു തുടങ്ങണം. 'നെഞ്ചൈ അള്ളും ചിലപ്പതികാരം' എന്നു ഭാരതിയാർ പാടി. നമുക്ക് 'നെഞ്ചിലുറഞ്ഞ ചിലപ്പതികാരം' എന്നു പാടാൻ നെഞ്ചുറപ്പും നാവുറപ്പും ചിലപ്പതികാരം തന്നെ നൽകും. എന്തുകൊണ്ട് മലയാളഭാഷയുടെ തലസ്ഥാനം കൊടുങ്ങല്ലൂരായിക്കൂടാ എന്ന് അപ്പോൾ തോന്നിയേക്കാം.

ഭാഷാ മഹാസ്മൃതിയാണ്. ചരിത്രങ്ങൾക്കപ്പുറം ഒരു സമൂഹം ഒരുമിച്ചുച്ചരിച്ചതിന്റെ സംഗീതം ഒഴുകിയൊഴുകിവന്നത്. അതിനാൽ ഇന്നത്തെ ജനതയുടെ ഓർമ്മബലവും ആത്മബലവും ഒരുമയും ഭാഷയിലാണ്. രണ്ടായിരം വർഷത്തിലേറെ ആധാരബലമുള്ള മലയാളഭാഷ കേരളീയന്റെ സാമൂഹികമായ നിലനിൽപിന് ഏകാധാരമാണ്. ▪



**തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നാലുമണിക്കൂർകൊണ്ട് എത്തിച്ചേരാൻ കഴിയുന്ന സെമി ഹൈസ്പീഡ് റെയിൽപാതയാണ് സിൽവർലൈൻ പദ്ധതി. സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിലെ രജതരേഖയായി മാറാൻ പോവുന്ന പാത സംബന്ധിച്ച് ഒരു വിധ ആശങ്കകൾക്കും അടിസ്ഥാനമില്ലെന്ന് റെയിൽവേയുടെ ചുമതല വഹിക്കുന്ന മന്ത്രി വി.അബ്ദുറഹ്മാൻ പറയുന്നു**

**വി. അബ്ദുറഹ്മാൻ/**
**ജെ.എൻ.മെർലിൻ**

**സംസ്ഥാനത്തിന്റെ ഗതാഗതമേഖലയിൽ എന്തു മാറ്റമാണ് സിൽവർ ലൈൻ പദ്ധതി യാഥാർഥ്യമാവുമ്പോൾ ഉണ്ടാവുന്നത്?**

നിലവിലെ തീവണ്ടി യാത്രാസൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനുള്ള ബദൽ മാർഗമുണ്ടാക്കുന്നതിനും സംസ്ഥാനത്തെ പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിനുമാണ് സിൽവർലൈൻ ആവിഷ്കരിച്ചിരിക്കുന്നത്. കേരളത്തിന്റെ തെക്കേ അറ്റത്തുനിന്ന് വടക്കേ അറ്റത്തേക്ക് നാലു മണിക്കൂറിനുള്ളിൽ എത്തിച്ചേരാൻ കഴിയുന്ന റെയിൽവേ പദ്ധതിയാണ് സിൽവർലൈൻ. പതിനൊന്ന് സ്റ്റേഷനുകളാണ് സിൽവർലൈൻ പദ്ധതിക്കുള്ളത്. പത്ത് ജില്ലകളിലൂടെ പാത കടന്ന് പോകുന്നു.

ഈ പദ്ധതി യാഥാർത്ഥ്യമാവുന്നതോടെ പ്രതിദിനം റോഡ് ഉപയോഗിക്കുന്ന 46,206 പേർ സിൽവർലൈനിലേക്ക് മാറും. 12,872 വാഹനങ്ങൾ ആദ്യവർഷം റോഡിൽ നിന്ന് ഒഴിവാകുന്നതോടെ സംസ്ഥാനത്തെ ഗതാഗതക്കുരുക്ക് ഗണ്യമായി കുറയും. മാത്രമല്ല, ഇതുവഴി 530 കോടിയുടെ പെട്രോൾ, ഡീസൽ ഇന്ധനമാണ്

# "വിശദമായ പഠനം നടത്തിയേ ഭൂമി ഏറ്റെടുക്കൂ



പ്രതിവർഷം ലാഭിക്കാൻ സാധിക്കുക.

**എത്ര മുതൽമുടക്ക് ഇതിനാവശ്യമായി വരുമെന്നാണ് കണക്കാക്കുന്നത്? ഇത് സംസ്ഥാനത്തിനു താങ്ങാനാവുന്ന ചെലവാണോ?**

സിൽവർലൈൻ പദ്ധതിക്ക് ആകെ പ്രതീക്ഷിക്കുന്ന ചെലവ് 63941 കോടി രൂപയാണ്. തീർച്ചയായും കേരളത്തിനു താങ്ങാനാവുന്ന ചെലവാണിത്. ആകെ വരുന്ന 63941 കോടി രൂപയിൽ 6085 കോടി രൂപ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നികുതി വിഹിതമാണ്. 975 കോടി രൂപ ഇന്ത്യൻ റെയിൽവേയുടെ ഭൂമിയുടെ വിഹിതമാണ്. ബാക്കി വരുന്ന 56,881 കോടി രൂപ അഞ്ചു വർഷം കൊണ്ടാണ് ചെലവാക്കുന്നത്.

എ.ഡി.ബി, എ.ഐ.ഐ.ബി പോലുള്ള സ്ഥാപനങ്ങൾ 20 വർഷം വരെ തിരിച്ചടവുള്ള വായ്പകളാണ് അനുവദിക്കുന്നത്. ജൈക (ജപ്പാൻ ഇന്റർനാഷണൽ കോഓപ്പറേഷൻ ഏജൻസി) പോലുള്ള സ്ഥാപനങ്ങളാകട്ടെ, വായ്പയുടെ തിരിച്ചടവിനു 40 വർഷം വരെ കാലാവധി അനുവദിക്കുന്നുണ്ട്. വളരെ ചെറിയ പലിശയാണ് ഇവർ ഈടാക്കുന്നതും. ജൈക -0.2%, എ.ഡി.ബിയും എ.ഐ.ഐ.ബിയും -1-1.5 % എന്നിങ്ങിനയാണ് പലിശ ഈടാക്കുന്നത്. പദ്ധതിയുടെ ഫിനാൻഷ്യൽ ഇന്റേണൽ റേറ്റ് ഓഫ് റിട്ടേൺ (എഫ്.ഐ.ആർ.ആർ) 8.49% എക്കണോമിക് ഇന്റേണൽ റേറ്റ് ഓഫ് റിട്ടേൺ (ഇ.ഐആർ.ആർ) 24.04% ഉം ആണ്. 14% ത്തിന് മുകളിൽ ഇ.ഐ.ആർ.ആർ ഉള്ള പദ്ധതികൾ മികച്ച പദ്ധതികൾ ആയാണ് വിലയിരുത്തപ്പെടുന്നത്. വിശദ പദ്ധതി റിപ്പോർട്ട് പ്രകാരം, പദ്ധതിയുടെ വായ്പാ തിരിച്ചടവ് പദ്ധതിയുടെ വരുമാനത്തിൽ നിന്നു തന്നെ സാധ്യമാണ്. പശ്ചാത്തലസൗകര്യം വികസിക്കുമ്പോൾ നിക്ഷേപങ്ങൾ ഉണ്ടാകുകയും സാമ്പത്തികവളർച്ചക്ക് ആക്കം കൂടുകയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും. ഇങ്ങനെയുണ്ടാകുന്ന സാമ്പത്തിക വളർച്ചയും പശ്ചാത്തല സൗകര്യവികസനത്തിനായി എടുക്കുന്ന കടത്തെ അതിജീവിക്കാൻ സഹായകമാകും. മൂലധന ചെലവുകൾക്കായും പശ്ചാത്തല സൗകര്യവികസനത്തിനായും

കടമെടുക്കാത്ത ഒരു ഗവൺമെന്റും ലോകത്തുണ്ടാകില്ല.

**മിക്കപ്പോഴും ബൃഹദ് പദ്ധതികൾ പ്രഖ്യാപിക്കുമ്പോൾ ഉയരുന്ന ആദ്യത്തെ പ്രചാരണങ്ങൾ പദ്ധതിയുടെ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ടായിരിക്കും. പദ്ധതിക്കായി സ്ഥലം വിട്ടുനൽകുന്നവരുടെ ആശങ്കകളും പരാതികളും അകറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുക?**

സിൽവർലൈൻ പദ്ധതിയുടെ കാര്യത്തിൽ അത്തരം ആശങ്കകളൊന്നും ആവശ്യമില്ല. വിശദമായ സാമൂഹിക ആഘാത പഠനം നടത്തിയ ശേഷമേ ഭൂമി ഏറ്റെടുക്കൂ. ഭൂമിയും കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള വസ്തുവകകളും നഷ്ടപ്പെടുന്നവരുടെ പരാതികൾ കേൾക്കും. അവരുടെ എല്ലാ ആശങ്കകളും പരിഹരിച്ച ശേഷം മാത്രമേ ഭൂമി ഏറ്റെടുക്കുകയുള്ളു. 2013 ലെ ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാര പുനരധിവാസ നിയമത്തിലെ വകുപ്പുകൾ അനുസരിച്ചായിരിക്കും സ്ഥലം ഏറ്റെടുക്കുക. വികസന പദ്ധതികൾക്കായി ഭൂമി വിട്ടുകൊടുക്കുന്നവർക്ക് ഏറ്റവും അനുകൂലമായ രീതിയിലാണ് 2013 ൽ ഭൂമി ഏറ്റെടുക്കൽ നിയമം പരിഷ്കരിച്ചിട്ടുള്ളത്. ഭൂമി ഏറ്റെടുക്കുന്നതിന് ആകെ 14237 കോടി രൂപയാണ് ചെലവു പ്രതീക്ഷിക്കുന്നത്. അതതു സ്ഥലത്തെ ഭൂമിയുടെ വിലയേക്കാൾ രണ്ടിരട്ടി മുതൽ നാലിരട്ടി വരെ നഷ്ടപരിഹാരം ലഭിക്കും. ഭൂമി ഏറ്റെടുക്കൽ നിയമത്തിൽ പറയുന്ന ഫോർമുല അനുസരിച്ചായിരിക്കും വില നിശ്ചയിക്കുക. ഈ നിയമം നിലവിൽവന്ന ശേഷം ദേശീയ പാതാ വികസനത്തിനായി സ്ഥലം വിട്ടു നൽകിയവർക്ക് ഏറ്റവും തൃപ്തികരമായ രീതിയിലാണ് നഷ്ടപരിഹാരം നൽകിയത്. വികസന വിരുദ്ധർ നടത്തുന്ന പ്രചാരണം കാര്യമാക്കേണ്ടതില്ല. ഈ പദ്ധതി യാഥാർഥ്യമാകുമെന്ന് ഉറപ്പായതോടെ, ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിയുടെ ഉടമകളെ തെറ്റിദ്ധരിപ്പിക്കാനും പദ്ധതിക്കെതിരായ വികാരം വളർത്താനുമാണ് രാഷ്ട്രീയലക്ഷ്യത്തോടെ അവർ ശ്രമിക്കുന്നത്.

**വൻപദ്ധതികൾ സംബന്ധിച്ച് ഉയരുന്ന മറ്റൊരു എതിർപ്പ് പരിസ്ഥിതി സംബന്ധമായിരിക്കും. സിൽവർലൈൻ പദ്ധതി പരിസ്ഥിതി സൗഹൃദപരമാണോ?**

പരിസ്ഥിതി സംരക്ഷിക്കാൻ അനേകം സംവിധാനങ്ങൾ ഈ പദ്ധതിയുടെ ഭാഗമായുണ്ടാകും. സമ്പൂർണ ഹരിത പദ്ധതിയായാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്. ഏതൊരു പദ്ധതിയ്ക്കും നമുക്ക് പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്യേണ്ടി വരും. എന്നാൽ ഏറ്റവും കുറഞ്ഞ രീതിയിൽ പ്രകൃതി വിഭവങ്ങളെ ചൂഷണം ചെയ്യുക എന്നതാണ് സിൽവർലൈനിന്റെ നയം. ഇന്ത്യയിലെ വനനിയമങ്ങൾ അനുശാസിക്കുന്നതു പോലെ, മുറിച്ചു മാറ്റുന്ന മരങ്ങൾക്കു പകരം പത്ത് തൈകൾ വരെ വെച്ചു പിടിപ്പിക്കും. നെൽവയലുകളേയും തണ്ണീർത്തടങ്ങളേയുമൊക്കെ ബാധിക്കാത്ത രീതിയിലാണ് പാത കടന്നു പോകുക. അത്തരം സ്ഥലങ്ങളിൽ തൂണുകളിലൂടെയാണ് പാളം കൊണ്ടു പോകുന്നത്. റെയിലിന്റെ ഇരുവശത്തുമുള്ളവർക്ക് ശബ്ദശല്യമുണ്ടാകുമെന്ന ആശങ്കയും വേണ്ട. ശബ്ദം തടഞ്ഞു വെക്കുന്നതിനുള്ള ആധുനിക സംവിധാനങ്ങളാണ് സിൽവർലൈനിൽ ഉപയോഗിക്കുന്നത്. പാതനിർമിക്കുമ്പോൾ, നിർമാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കാനുള്ള സംവിധാനങ്ങൾ വരെ ഏർപ്പെടുത്തുന്നുണ്ട്. പരിസ്ഥിതിലോല പ്രദേശങ്ങളിലൂടെയോ വന്യജീവി മേഖലകളിലൂടെയോ പാത കടന്നുപോവുന്നില്ല. പുഴകളുടേയും, അരുവികളുടേയും ഒഴുക്കിനെ തടസ്സപ്പെടുത്തുന്നില്ല. കഴിഞ്ഞ 100 വർഷത്തെ പ്രളയ ജല നിരപ്പിന്റെ ഏറ്റവും കൂടിയ ഉയരത്തേക്കാളും ഒരു മീറ്റർ ഉയരത്തിലാണ് പാതയുടെ ഉയരം നിശ്ചയിച്ചിരിക്കുന്നത്. നെൽപ്പാടങ്ങളിലൂടെ പോകുന്ന പാത പാലങ്ങളിലൂടെയായതിനാൽ കൃഷി ഭൂമിയെ ബാധിക്കുന്നില്ല. കേരളത്തിലെ ഭൂപ്രകൃതി ഉൾക്കൊണ്ടാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

**കേരളത്തിന്റെ ഭൂപ്രദേശത്തിനും ഭൂഘടനയ്ക്കും എന്തെങ്കിലും തരത്തിൽ സിൽവർ ലൈൻ വെല്ലുവിളികൾ ഉയർത്തുമോ?**

സിൽവർലൈനിന്റെ എംബാങ്ക്മെന്റ് കേരളത്തെ രണ്ടായി വിഭജിക്കുമെന്നൊക്കെ പറയുന്നത് വെറുതെയാണ്. നിലവിലുള്ള റെയിൽപ്പാതയുടെ എംബാങ്ക്മെന്റ് മൂലം കേരളത്തിൽ അങ്ങനെയൊരു പ്രശ്നമുണ്ടോ? 530 കിലോമീറ്റർ നീളമുള്ള സിൽവർലൈൻ പാതയുടെ 137 കിലോമീറ്റർ ദൂരം തൂണുകളിലൂടെയോ തുരങ്കങ്ങളിലൂടെയോ ആണ്. ഈ ഭാഗങ്ങളിൽ പാതക്ക് കുറുകെ സഞ്ചരിക്കുന്നതിന്



യാതൊരു തടസ്സവുമില്ല. ഗ്രാമീണ റോഡുകളും ചെമ്മൺ റോഡുകളും ഉൾപ്പെടെ നിലവിലുള്ള എല്ലാ റോഡുകളിലും 500 മീറ്റർ ഇടവിട്ട് ഓവർ ബ്രിഡ്ജുകളോ അടിപ്പാതകളോ നിർമ്മിക്കും. പാതയുടെ അപ്പുറമിപ്പുറം കടന്നു പോകാൻ ഒരു പ്രയാസവുമുണ്ടാകില്ല.

**പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടി വരും?**

വീടുകൾ ഉൾപ്പെടെ, 9314 കെട്ടിടങ്ങളാണ് പൊളിക്കുകയോ മാറ്റിസ്ഥാപിക്കുകയോ ചെയ്യേണ്ടി വരിക. ജനവാസം കുറഞ്ഞ മേഖലയിലൂടെയാണ് പാത മിക്കവാറും കടന്നു പോകുന്നത്. ഇപ്പോൾ ഏറ്റെടുക്കാൻ പോകുന്ന ഭൂമിയുടെ അതിർത്തി നിശ്ചയിച്ചു കല്ലിടുന്ന പ്രക്രിയ നടന്നു വരികയാണ്. ഇതോടൊപ്പം നടക്കുന്ന സാമൂഹിക ആഘാത പഠനം കൂടി പൂർത്തിയായതിനു ശേഷമേ ഇക്കാര്യത്തിൽ വ്യക്തമായ ഒരു ചിത്രം ലഭിക്കൂ.

**വൻപദ്ധതികൾക്കു പകരം നിലവിലുള്ള റെയിൽപ്പാതയുടെ വികസനത്തിൽ, പാത ഇരട്ടിപ്പിക്കലിലും മറ്റു അടിസ്ഥാന സൗകര്യവികസനത്തിലും, ശ്രദ്ധിക്കുകയാണ് വേണ്ടതെന്ന് ചില വാദങ്ങൾ ഉയരുന്നുണ്ട്**

സമാന്തരമായി അതേ വളവുകളും തിരിവുകളുമൊക്കെ അടങ്ങിയ പാതയാണ് രണ്ടാമത്തെ വരിയായി ആസൂത്രണം ചെയ്തിട്ടുള്ളത്. അതിനാൽ തന്നെ ഇരട്ടിപ്പിക്കുന്നതുകൊണ്ട് പരമാവധി വേഗം കൈവരിക്കാൻ സാധിക്കില്ലെന്ന് യുക്തിപരമായി ചിന്തിച്ചാൽ മനസ്സിലാകും. സിൽവർലൈനിൽ തിരുവനന്തപുരം മുതൽ തിരൂർ വരെ പ്രത്യേക ഗ്രീൻ ഫീൽഡ് ആസൂത്രണം ചെയ്തിരിക്കുന്നതും ഇതേ കാരണത്താലാണ്.

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള റെയിൽവേ പാതയിൽ 626 വളവുകളാണുള്ളത്. ഈ 626 വളവുകൾ നേരെയാക്കുക എന്നത് കഠിനമായ പ്രവൃത്തിയാണ്. നിലവിലുള്ള റെയിൽവേ പാത ജനസാന്ദ്രതയുള്ള പ്രദേശങ്ങളിലൂടെയാണ് കടന്നു പോകുന്നത്. നഗരപ്രദേശങ്ങളിലൂടെയും മറ്റും കടന്നു പോകുന്ന ഈ പാതയിലെ വളവുകൾ നേരെയാക്കുന്നത് അപ്രായോഗികവുമാണ്.

**മറ്റു റെയിൽവികസന പദ്ധതികളുടെ പുരോഗതി എങ്ങനെ വിലയിരുത്തുന്നു?**

കേരള റെയിൽ ഡവലപ്മെന്റ് കോർപറേഷന്റെ നിർദിഷ്ട നിലമ്പൂർ- നഞ്ചൻകോട്, തലശ്ശേരി -മൈസൂരു പാത യാഥാർഥ്യമാകുന്നതിനുള്ള ചർച്ചകൾ തുടരുകയാണ്. പദ്ധതിക്ക് കർണാടക സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കുന്നതിന് ശ്രമം



**ഇതിനെ എങ്ങയൊണ് കാണുന്നത്?**

നിലവിലുള്ള പാത ഇരട്ടിപ്പിച്ചാൽ തീവണ്ടികളുടെ വേഗം വർധിപ്പിക്കാൻ സാധിക്കുമെന്ന് കരുതുന്നവരുണ്ട്. അതു തെറ്റായ ധാരണയാണ്. 200 കിലോമീറ്റർ പ്രവർത്തനവേഗത വിഭാവനം ചെയ്ത റെയിൽ പദ്ധതിയായതിനാലും തിരുവനന്തപുരം മുതൽ തിരൂർ വരെ അസംഖ്യം കൊടുംവളവുകളും അസമമായ ഭൂപ്രദേശവുമാണ് ഉള്ളതെന്നതിനാലും സമാന്തരമായി പുതിയ അതിവേഗപാത പ്രായോഗികമല്ല. പാത ഇരട്ടിപ്പിക്കുമ്പോഴും നിലവിലെ പാതയ്ക്ക്

നടക്കുന്നുണ്ട്. കർണാടകയിലെ വനപ്രദേശങ്ങളി ലൂടെയാണ് ഈ നിർദിഷ്ട പാതകളുടെ പ്രധാന ഭാഗം കടന്നു പോകുന്നത്. ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം കർണാടക സർക്കാർ പ്രതിനിധികളുമായി ചർച്ച നടത്തിയിരുന്നു. കർണാടക വനമേഖലയെ ഏറ്റവും കുറഞ്ഞ തോതിൽ ബാധിക്കുന്ന രീതിയിൽ നിർദിഷ്ട പാതകളുടെ അലൈൻമെന്റിൽ മാറ്റം വരുത്തിയിട്ടുണ്ട്. പുതിയ അലൈൻമെന്റ് അനുസരിച്ച് രണ്ടു പാതകളും കൽപ്പറ്റയിൽ സംഗമിച്ച് ഒറ്റ പാതയായി മാറും. നേരത്തെ പെരിയ, മാനന്തവാടി കുട്ട വഴിയാണ് മൈസൂർ പാതയുടെ അലൈൻമെന്റ് നിശ്ചയിച്ചിരുന്നത്. കർണാടകയുടെ അതിർത്തിയിൽ വരുന്ന പ്രദേശങ്ങളിൽ ആകാശ സർവേ നടത്തുന്നതിനു അവരുടെ അനുമതിക്കായി കാത്തിരിക്കുകയാണ്. മരവിച്ചു കിടന്നിരുന്ന അങ്കമാലി-ശബരി പദ്ധതി പുനരുജ്ജീവിപ്പിച്ചു. പദ്ധതിയുടെ മുഴുവൻ ചെലവും സംസ്ഥാന സർക്കാർ ഏറ്റെടുക്കാമെന്നു കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പാതയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയാറാക്കുന്നതിനു മുന്നോടിയായി ആകാശ സർവേ പൂർത്തിയാക്കിയിട്ടുണ്ട്. ■



**ഡോ. പി.എസ്. രാധാകൃഷ്ണൻ**
പ്രൊഫസർ, സ്കൂൾ ഓഫ് ലെറ്റേഴ്സ്,
എംജി സർവകലാശാല



# മലയാളം അച്ചടിക്ക് 200 വയസ്സ്

ചിന്തയുടെയും അനുഭവങ്ങളുടെയും സാക്ഷാത്കരണത്തിനായി മനുഷ്യർ എന്നും വ്യത്യസ്തങ്ങളായ പരീക്ഷണങ്ങൾ നടത്തിയിരുന്നു. കളിമണ്ണുകുഴച്ചുണ്ടാക്കുന്ന ചിത്രങ്ങൾ, 'പാപ്പിറസ്' മഷിയിൽ ആലേഖനം ചെയ്ത രേഖകൾ, കല്ലിൽ കൊത്തിയ ശില്പങ്ങൾ തുടങ്ങിയവയിലൂടെ അവർ കാലത്തെ അടയാളപ്പെടുത്തി. അതുകൊണ്ടുതന്നെ ഗുഹാ ഭിത്തികളിൽ ആലേഖനം ചെയ്ത ചിത്രങ്ങൾ പിന്നീട് ചരിത്രത്തിന്റെ തിരുശേഷിപ്പുകളും കാലത്തിന്റെ മുഖരേഖകളുമായി.

മരത്തൊലികളും തുകൽചുരുളുകളും ലോഹത്തകിടുകളുമൊക്കെ ആശയാവിഷ്കാരത്തിനായി മനുഷ്യർ ഉപയോഗിച്ചു. അവയോരോന്നും അതത് കാലങ്ങളിലെ അക്ഷരജ്ഞാനത്തിന്റെ സാക്ഷ്യപത്രങ്ങളായി.

പ്രകൃതിയുമായി പോരാടാനുള്ള ശേഷിയും ജീവിതസാഹചര്യങ്ങൾക്കുമേലുള്ള അതിജീവനക്ഷമതയും പിൻഗാമികളിലേക്ക് പകരുവാനുള്ള പ്രേരണ ആദിമ കാലത്ത് സജീവമായിരുന്നു. അവർ യാഥാർത്ഥ്യമാക്കിയത് അക്ഷര വിദ്യയുടെ 'പ്രാകൃത' മായ ആദ്യപാഠങ്ങളാണ്. പ്രകൃതി ശിക്ഷണത്തിൽ നിന്ന് ആധുനികമായ സാങ്കേതിക വ്യവഹാരങ്ങളിലേക്കുള്ള മാറ്റമാണ് ഇതിന്റെ രണ്ടാംഘട്ടം. കടലാസിലേക്കുള്ള ഗതിമാറ്റം മനുഷ്യന്റെ ജ്ഞാന ബുദ്ധിയുടെ നിർണായകമായ ചരിത്രഘട്ടത്തെയാണ് സാക്ഷ്യപ്പെടുത്തുന്നത്. അത് അച്ചടിയുടെയും പുസ്തകനിർമാണത്തിന്റെയും പാരായണകലയുടെയും കാലമാണ്. വിവരവിദ്യകൾ കടലാസുപകർപ്പുകൾ വഴി വിനിമയം ചെയ്യുന്നതിലൂടെയാണ് വായന സ്ഥാപനവത്ക്കരിക്കപ്പെടുന്നത്.

അച്ചടിയുടെ വ്യാപനവും അതിനുണ്ടായ പരിഷ്കരണങ്ങളും പുസ്തകനിർമ്മാണത്തിന് വിപുലമായ വിപണിയാണ് തുറന്നുകൊടുത്തത്. താളിയോലയിൽനിന്നുള്ള പകർപ്പുകൾക്ക് അച്ചടിയിലൂടെ വ്യാപകമായ സ്വീകാര്യതയുണ്ടായി. താളിയോലകളിൽ ഉറഞ്ഞുപോയ അതിരുകളില്ലാത്ത ജ്ഞാനരൂപങ്ങൾക്ക് തുറവിയേകിയത് അച്ചടിയാണ്. മനുഷ്യസമൂഹത്തിനിടയിലെ വിവേചനങ്ങളെയും നിയമകങ്ങളെയും മറികടക്കുവാനിത് സഹായകവുമായി. അച്ചടിയിലൂടെ പ്രചരിച്ച ആധുനികതയുടെ പ്രതിമാനങ്ങൾക്ക് രാഷ്ട്രീയസ്വരൂപം കൂടിയുണ്ട്. അറിവിനെ അധികാരവുമായി ഇണക്കുവാൻ ഇതിനാവുന്നു. ദേശീയതയെയും പ്രാദേശീയതയേയും ജനകീയ പ്രശ്നമായി നിർവ്വചിക്കുന്നതിൽ ഇവയുടെ പങ്കാളിത്തം എളുതല്ല. മാത്രമല്ല, ഭാഷയുടെ മാനകീകരണം സ്ഥിരീകരിക്കുന്നതിൽ അച്ചടിയുടെ പങ്ക് വലുതാണ് താനും. പത്തൊമ്പതാം ശതകത്തിന്റെ രണ്ടാം പാതിയോടെ അച്ചുകൂടങ്ങൾ അനിവാര്യഘടകങ്ങളായി. മതഗ്രന്ഥങ്ങൾ, ചരിത്രാഖ്യായികകൾ, സാഹിത്യചരിത്രങ്ങൾ, ശാസ്ത്രപുസ്തകങ്ങൾ തുടങ്ങിയവക്ക് ലഭിച്ച ജനസ്വീകാര്യത ഇത് സാധൂകരിക്കുന്നു. സമാന്തരമായി പുസ്തകവിപണി സജീവമാവുകയും ചെയ്തു.

അച്ചടിയുടെ വ്യാപനവും അതിനുണ്ടായ പരിഷ്കരണങ്ങളും പുസ്തകനിർമ്മാണത്തിന് വിപുലമായ വിപണിയാണ് തുറന്നു കൊടുത്തത്.

19 - ാം നൂറ്റാണ്ടിൽ ഉടനീളവും 20-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലുമായി സംഭവിച്ച അച്ചടിയുടെ വ്യാപനം, സാക്ഷരതയുടെ വളർച്ച, പുസ്തക പ്രസാധനം, ഗ്രന്ഥശാലകളുടെ പ്രചാരം എന്നിവ കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ വലിയ സ്വാധീനം ചെലുത്തി. വിദ്യാഭ്യാസത്തിന്റെയും സാക്ഷരതയുടെയും വികാസം സമൂഹത്തിന് അനിവാര്യമാണെന്ന് ഭരണകൂടങ്ങളെ ബോധ്യപ്പെടുത്തിയത് ക്രൈസ്തവമിഷനറി മാരായിരുന്നു. അതിനുള്ള അന്തരീക്ഷവും അവർ സൃഷ്ടിച്ചു. ഇതിന്റെ പ്രതിഫലനം ഏറ്റവും അനുഭവപ്പെട്ടത് തെക്കൻ കേരളത്തിലാണ്. സാക്ഷരതാവർധനവിന്റെ കാര്യത്തിൽ തിരുവിതാംകൂറും കൊച്ചിയുമാണ് മുന്നിട്ടുനിന്നത്. 1901-ൽ 14.9 ശതമാനമായിരുന്ന തിരുവിതാംകൂറിലെ സാക്ഷരതാനിലവാരം. 1951 ആയപ്പോഴേക്കും അത് 54.6 ശതമാനമായി. മലബാറിലാവട്ടെ 11 ശതമാനത്തിൽ നിന്നും 35.2 ശതമാനവും. ഇക്കാലത്ത് ഇതരവിഭാഗങ്ങളെ അപേക്ഷിച്ച് ഈഴവ-ക്രൈസ്തവ സമുദായാംഗങ്ങൾക്കിടയിലാണ് സാക്ഷരതയുടെ വികാസം അധികമായി അനുഭവപ്പെട്ടത്.

തിരുവിതാംകൂർ-കൊച്ചി പ്രദേശങ്ങളിൽ ഈ രണ്ടു സമുദായങ്ങളെ പൊതുവെ സ്വാധീനിച്ച സാമ്പത്തിക



വികാസം വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിയുടെയും അതിനനുകൂലമായ വ്യാവസായിക പ്രവർത്തനങ്ങളുടെയും വളർച്ചയായിരുന്നു. അനുകൂലമായ പ്രതികരണം ഇതരജന വിഭാഗങ്ങൾക്കിടയിൽ ഉണ്ടാക്കിയെടുക്കാൻ ഇതു സഹായകമായി. ആധുനികരീതിയിലുള്ള സാക്ഷരത കൈവരിക്കേണ്ടത് ഒരാവശ്യമായി മാറുകയായിരുന്നു. വാണിജ്യവത്കൃത കൃഷിയെ സാമ്പത്തിക നേട്ടമുള്ളതാക്കുന്നതിനും സാമൂഹികമായ മേൽഗതി നേടുന്നതിനും സാക്ഷരത അനിവാര്യമായി. ഈയർത്ഥത്തിൽ ജനങ്ങളുടെ ഇടയിൽ നിന്നുയരുന്ന ചോദനയാൽ നയിക്കപ്പെടുന്ന പ്രക്രിയയായിട്ടാണ് 19-20 നൂറ്റാണ്ടുകളിലെ അടിസ്ഥാനവിദ്യാഭ്യാസ പ്രചാരത്തെയും സാക്ഷരതാ വർധനവിനെയും പി.കെ.മൈക്കിൾ തരകൻ കാണുന്നത് (മൈക്കിൾ തരകൻ പി.കെ. 2005:23). ഇതോടൊപ്പം സാംസ്കാരിക രംഗത്തുണ്ടായ വൻകുതിപ്പെന്നു പറയാവുന്നത് വായനശാലകളുടെ ആവിർഭാവമാണ്.

1944-ലെ കണക്കനുസരിച്ച് 134 ലൈബ്രറികളാണുണ്ടായിരുന്നത്. 1829 ൽ തന്നെ തിരുവിതാംകൂറിൽ പബ്ലിക് ലൈബ്രറി സ്ഥാപിതമായെന്നോർക്കണം. കേരള ലൈബ്രറി പ്രസ്ഥാനത്തിന് അടിത്തറയേകിയ കേരള ഗ്രന്ഥാലയ സംഘം 1943 ലും അഖില തിരുവിതാംകൂർ ഗ്രന്ഥശാലാ സംഘം 1945ലും രൂപപ്പെട്ടു. ഐക്യതിരുവിതാംകൂർ-കൊച്ചി ഗ്രന്ഥശാലാ സംഘമാവട്ടെ 1949ലും. ജനകീയവും ജനപ്രിയവുമായി ഭാവാന്തരം വന്ന സംസ്കാരത്തോട് പലവിധ ഒത്തുതീർപ്പുകൾക്കും ഗ്രന്ഥശാലാ സംഘം തയ്യാറായെന്നത് ചെറിയ കാര്യമല്ല. അഖില തിരുവിതാംകൂർ ഗ്രന്ഥശാലാസംഘം ഇതര ഗ്രാമീണ താലൂക്ക് വായനശാലകൾക്ക് അംഗത്വത്തിനായി ചില നിബന്ധനകൾ വെച്ചിരുന്നു.

ഭരണം ജനാധിപത്യപരമായി തിരഞ്ഞെടുത്ത കമ്മിറ്റികളിലൂടെയാവണം, സ്ത്രീകളുടെ പ്രാതിനിധ്യം ഉറപ്പാക്കണം, റേഡിയോ പരിപാടികൾ, വയോജന വിദ്യാഭ്യാസപദ്ധതി എന്നിവ വായനശാലകളിൽ നിർബ്ബന്ധമാക്കണം, ലൈബ്രറി നോട്ടീസ് ബോർഡിൽ എല്ലാ പ്രധാന വാർത്തകളും പ്രദർശിപ്പിക്കണം, രണ്ട് വാർത്താപത്രങ്ങൾ, മുന്നാഴ്ചപ്പതിപ്പ്, ഗവ.ഗസെറ്റ് എന്നിവ നിർബ്ബന്ധമാക്കുക തുടങ്ങിയവയെല്ലാം അതിൽ ഉൾപ്പെട്ടിരുന്നു.

ഗ്രന്ഥശാലാപ്രസ്ഥാനവും സാഹിത്യപ്രവർത്തക സഹകരണസംഘവുമായുള്ള ബാന്ധവം വായനയുടെ കമ്പോളത്തെ സജീവമാക്കിയ ഘടകങ്ങളിലൊന്നാണ്. 1945ൽ രൂപം കൊണ്ട സാഹിത്യപ്രവർത്തക സഹകരണ സംഘം പുസ്തകവിൽപനയ്ക്കായി 1949ൽ നാഷണൽ ബുക്ക്സ്റ്റാൾ തുറന്നു. പുസ്തകപ്രസാധനത്തിൽ സംഘത്തിന് തുണയായത്. വായനശാലകൾക്ക് അന്നേക്ക് കൈവന്ന ജനസമ്മതിയാണ്. പ്രസാധനം/ പ്രസാധകൻ, പുസ്തകം/ ആഴ്ചപ്പതിപ്പ്, വായനശാലകൾ എന്നിവ വാണിജ്യാടിസ്ഥാനത്തിൽ പരസ്പരധാരണയോടെ പ്രവർത്തിച്ചു തുടങ്ങിയതും 1950കളോടെയാണ്. വായനയെ സ്ഥാപനമാക്കിത്തീർത്ത ഈ പ്രവണത ഇപ്പോൾ ശക്തിപ്പെട്ടിട്ടേയുള്ളു. മലയാളിയുടെ ലാവണ്യബോധത്തിൽ അടിമുടി മാറ്റമുണ്ടായി. സാഹിത്യചരിത്രങ്ങളിൽ പ്രബലമായിരുന്ന പലധാരണകളും കടപുഴകി. പല പ്രവണതകളും കീഴ്മേലായി. അക്കാദമികതലത്തിൽ പ്രാതിനിധ്യം കിട്ടിയില്ലെങ്കിലും സ്വയം നിർണയശേഷിയുള്ള സാക്ഷരസമൂഹം സംസ്കാരനിർമ്മിതിയിലും ഇടപെട്ടുതുടങ്ങി. സാഹിത്യരചന, പ്രസാധനം, അവയുടെ സ്വീകാരം, പാരായണരീതികൾ, ഗുണനിലവാരം അടിസ്ഥാനപ്പെടുത്തിയുണ്ടായ താരതമ്യങ്ങൾ എന്നിവയും ഇതിന്റെ ഭാഗമായിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ പുസ്തകപ്രസാധനരംഗത്ത് സാരമായ രുചിഭേദം അനുഭവപ്പെട്ടു. ഇതരസാഹിത്യ വിഭാഗങ്ങളെ അപേക്ഷിച്ച് കഥയ്ക്കും നോവലിനും കൈവന്ന മുൻതൂക്കമാണ് ശ്രദ്ധേയമാകുന്നത്. 1901-1910 കാലത്ത് കഥ/ നോവൽ എന്നിവയുടെ എണ്ണം നാലിൽ ഒതുങ്ങി. 1911-20 വരെ പന്ത്രണ്ടും 1920-30 വരെ പതിനെട്ടും 1931-40ൽ 27ഉം കഥകളും നോവലുകളുമായിരുന്നു പ്രസിദ്ധപ്പെടുത്തിയത്. എന്നാൽ 1941-1950 കാലത്ത് 55 നോവലും 88 ചെറുകഥകളുമാണ് പുറത്തിറങ്ങിയത്. ഭാവുകത്വശീലങ്ങളിലും അവയുടെ വിചാരമാതൃകകളിലും വന്നുചേർന്ന വലിയൊരന്തരത്തെയാണിത് സൂചിപ്പിക്കുന്നത്. അച്ചടിയിൽ സംഭവിക്കുന്ന പരിഷ്കാരങ്ങൾ പുസ്തകങ്ങളുടെയും ആനുകാലികങ്ങളുടെയും ഉള്ളടക്കത്തെയും രൂപഘടനയെയും നിരന്തരം പുനർനിർവ്വചിച്ചിട്ടുണ്ട്.



**പിണറായി വിജയൻ**
മുഖ്യമന്ത്രി

ഗുരുവായൂർ
സത്യാഗ്രഹം
നവതി

# " പ്രതിലോമ പ്രവർത്തനങ്ങൾക്കുള്ള താക്കീത്

വൈക്കം സത്യാഗ്രഹത്തിന്റെ ചരിത്രപരമായ തുടർച്ചയാണ് ഗുരുവായൂർ സത്യാഗ്രഹം. ക്ഷേത്രത്തിനടുത്തുള്ള വഴിയിലൂടെ സഞ്ചരിക്കാനുള്ള അവകാശം സ്ഥാപിച്ചെടുക്കാനായിരുന്നു വൈക്കം സത്യാഗ്രഹമെങ്കിൽ, ക്ഷേത്രത്തിൽ കയറി ആരാധിക്കാനുള്ള അവകാശം സ്ഥാപിച്ചെടുക്കാനുള്ളതായിരുന്നു ഗുരുവായൂർ സത്യാഗ്രഹം. ആ അർത്ഥത്തിലാണ് ഗുരുവായൂർ, വൈക്കത്തിന്റെ ചരിത്രപരമായ തുടർച്ചയാവുന്നത്. പലയിടങ്ങളിലായി ഇത്തരം പല സമരങ്ങൾ. തളി, തിരുവാർപ്പ്, ശുചീന്ദ്രം, പാലിയം അങ്ങനെ ചരിത്രത്തിൽ നാഴികക്കല്ലുകളായ എത്രയോ സമരങ്ങൾ. എന്നാൽ, വൈക്കവും ഗുരുവായൂരും വേറിട്ട് ഉയർന്നു നിൽക്കുന്നുണ്ട് ചരിത്രത്തിൽ.

1931 നവംബർ ഒന്നിനു ഗുരുവായൂർ ക്ഷേത്രത്തിൽ ഹിന്ദുമതത്തിലെ എല്ലാവിഭാഗം ജനങ്ങൾക്കും പ്രവേശനം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഗുരുവായൂർ സത്യാഗ്രഹം ആരംഭിക്കുന്നത്. ഗുരുവായൂർ ക്ഷേത്ര പ്രവേശന സത്യാഗ്രഹത്തിനു പ്രചോദനമായത് 1924 ൽ നടന്ന വൈക്കം സത്യാഗ്രഹം അടക്കമുള്ള സമരങ്ങളായിരുന്നു. വൈക്കം ക്ഷേത്രത്തിനടുത്തുള്ള നടവഴിയിൽക്കൂടി സഞ്ചരിക്കുവാനുള്ള സ്വാതന്ത്ര്യം ചില പ്രത്യേക വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്കു മാത്രമേ ഉണ്ടായിരുന്നുള്ളൂ. മഹാഭൂരിപക്ഷത്തിനും ഈ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരുന്നു. ഇതിനെതിരെയാണ് വൈക്കത്ത് സമരം നടന്നത്.

സ്വാതന്ത്ര്യം എന്നത്, സ്വതന്ത്രമായി ചിന്തിക്കാനും ആത്മാഭിമാനത്തോടെ ജീവിക്കാനുമുള്ള അവകാശം കൂടിയാണ് എന്നു വിശ്വസിച്ചിരുന്ന പ്രമുഖ ദേശീയനേതാക്കൾ തന്നെയായിരുന്നു ഇത്തരം സമരങ്ങൾക്കു മുൻകൈയ്യെടുത്തത്. അതുകൊണ്ടുതന്നെ അവരിലൂടെ സ്വാതന്ത്ര്യ സമര ചരിത്രത്തിലും ഈ സത്യഗ്രഹ സമരങ്ങൾ അടയാളപ്പെടുത്തപ്പെട്ടു. വിവേചനങ്ങൾക്കും അടിച്ചമർത്തലുകൾക്കുമെതിരായ സമരങ്ങൾ കൂടി ഉൾപ്പെട്ടതാണ് നമ്മുടെ സ്വാതന്ത്ര്യസമര ചരിത്രം എന്നതുകൊണ്ടു തന്നെ സ്വാതന്ത്ര്യത്തിന്റെ എഴുപത്തഞ്ചാം വർഷത്തിൽ ഈ സത്യാഗ്രഹ സ്മരണ സവിശേഷ പ്രാധാന്യമർഹിക്കുന്നു.

ഗുരുവായൂർ സത്യാഗ്രഹത്തിനു മുൻപ് കേരളത്തിൽ ഉടലെടുത്ത നവോത്ഥാന പുരോഗമന പ്രസ്ഥാനങ്ങൾ ഉയർത്തിവിട്ട ആവേശം സാമൂഹിക തിന്മകൾക്കെതിരായ ചരിത്ര പോരാട്ടമായി മാറി. ക്ഷേത്രത്തിനടുത്തുകൂടി വഴി നടക്കാനുള്ള സ്വാതന്ത്ര്യം വേണമെന്നു വൈക്കം സത്യാഗ്രഹത്തിൽ ആവശ്യമുയർന്നപ്പോൾ വരേണ്യ വർഗ്ഗവും ഭരണകൂടവും എന്തു നിലപാട് സ്വീകരിക്കും എന്നു നോക്കിനിന്നവരല്ല അന്നത്തെ നേതാക്കൾ. ഗുരുവായൂർ ക്ഷേത്രപ്രവേശന സത്യാഗ്രഹത്തിൽ നേതൃത്വം വഹിച്ച കെ കേളപ്പൻ ആരാധനകൾക്കു പ്രാമുഖ്യം നൽകാത്ത വ്യക്തി ജീവിതം നയിക്കുമ്പോഴും ആരാധനാസ്വാതന്ത്ര്യത്തിനുവേണ്ടി പോരാടി.

നവംബർ ഒന്നിനു സത്യഗ്രഹം ആരംഭിക്കുന്നതിനു മുമ്പായി റ്റി എസ് തിരുമുമ്പിന്റെ നേതൃത്വത്തിൽ ഒരു ജാഥ കണ്ണൂരിൽ നിന്നു പ്രയാണമാരംഭിച്ചു. എ കെ ജി ആയിരുന്നു ജാഥയുടെ വോളന്റിയർ ക്യാപ്റ്റൻ. 'അനൈക്യത്തിനും വിഭാഗീയതയ്ക്കുമെതിരായ സമരം സാമ്രാജ്യത്വത്തിനെതിരായ സമരം കൂടിയാണ്' എന്ന് ഇതേക്കുറിച്ച് എ കെ ജി ആത്മകഥയിൽ പറയുന്നുണ്ട്. ജാഥയുടെ വോളന്റിയർ ക്യാപ്റ്റൻ എന്ന നിലയിൽ ആശയപരമായ ആക്രമണങ്ങൾക്കു മാത്രമല്ല എ കെ ജി വിധേയനായത്. ശാരീരികമായ ആക്രമണങ്ങളും ഏറെയുണ്ടായി.

'കണ്ടോത്തെ കുറുവടി' എന്ന പ്രയോഗം പലർക്കും അറിയാവുന്നതാണല്ലോ ?. പയ്യന്നൂരിനടുത്ത് കണ്ടോത്ത് എന്ന സ്ഥലത്ത് സത്യാഗ്രഹത്തിനു മുന്നോടിയായി നടത്തിയ യാത്രയിൽ അദ്ദേഹത്തിനു മർദ്ദനം ഏറ്റിരുന്നു. തൊണ്ണൂറു വർഷങ്ങൾ



കടന്നുപോയെങ്കിലും ഇപ്പോഴും എ കെ ജിയെ തല്ലിയ ആ കുറുവടി കേരള സമൂഹത്തിൽ ചിലരുടെയെങ്കിലും കൈകളിലുണ്ട്. അതുപയോഗിച്ച് അവർ ചില വിഭാഗങ്ങളെ നമ്മുടെ രാജ്യത്തു നിന്നുതന്നെ തുടച്ചുനീക്കാൻ ഒരുമ്പെടുന്നുണ്ട്. അതിനെതിരായ ചെറുത്തുനിൽപ്പുകൾക്കു കരുത്തു പകരുന്നതാവണം ഗുരുവായൂർ സത്യാഗ്രഹത്തിന്റെ ഓർമ്മ.

1931 ഒക്ടോബർ 31 ന് ഗുരുവായൂരിൽ എത്തിച്ചേരുമ്പോൾ ജാഥ വലിയ ജനമുന്നേറ്റമായി മാറി. പിറ്റേന്നു മുതൽ സത്യാഗ്രഹം ആരംഭിച്ചു. കെ കേളപ്പനായിരുന്നു സത്യാഗ്രഹത്തിന്റെ നേതൃത്വം. കേരളീയൻ, മന്നത്ത് പത്മനാഭൻ, എൻ പി ദാമോദരൻ, കെ മാധവൻ തുടങ്ങി നിരവധി നേതാക്കൾ നേതൃനിരയിലുണ്ടായിരുന്നു. സത്യാഗ്രഹം ആരംഭിച്ച ശേഷം എ കെ ജിക്കു വീണ്ടും മർദ്ദനം ഏറ്റിരുന്നു. അതേവർഷം ഡിസംബർ 28 നായിരുന്നു ആ ക്രൂരമായ മർദ്ദനം. അദ്ദേഹത്തിനു ബോധം തിരികെ കിട്ടാൻ തന്നെ മൂന്നു ദിവസം എടുത്തു എന്നാണ് കെ മാധവനടക്കമുള്ളവർ പറഞ്ഞത്.

ഗുരുവായൂർ സത്യാഗ്രഹത്തിലെ മറ്റൊരു പ്രധാനപ്പെട്ട ഏടാണ് സഖാവ് പി കൃഷ്ണപിള്ളയുടെ ഇടപെടൽ. അതിനു മുൻപേ തന്നെ പി കൃഷ്ണപിള്ള ദേശീയ പ്രസ്ഥാനത്തിൽ ശ്രദ്ധേയനായിരുന്നു. കോഴിക്കോട്ടു നടന്ന ഉപ്പുസത്യാഗ്രഹ സമരത്തിൽ പോലീസുകാരുടെ ക്രൂരമർദ്ദനങ്ങൾ ഏറ്റുവാങ്ങിയിട്ടും ദേശീയപ താക നെഞ്ചോടു ചേർത്തു പിടിച്ച ഒരാളായിരുന്നു അദ്ദേഹം. അത്തരം ഒരു ധീരനായ പോരാളിയുടെ വരവ് സത്യാഗഹത്തിന് ആവേശം പകർന്നു. 1931 ഡിസംബർ 21 ന് ബ്രാഹ്മണർക്കു മാത്രം അനുവദനീയമായിരുന്ന ക്ഷേത്രസോപാനത്തിലെ മണിമുഴക്കി കൃഷ്ണപിള്ള ചരിത്രം രചിച്ചു. ക്രൂരമായ മർദ്ദനമാണ് അദ്ദേഹത്തിന് ഏൽക്കേണ്ടി വന്നത്. ആത്മാഭിമാനമുള്ള താൻ മണി അടിക്കുമെന്നും, അതില്ലാത്തവർ തന്റെ പുറത്തടിക്കുമെന്നുമാണ് അടിയേറ്റ നിമിഷങ്ങളിൽപ്പോലും പി കൃഷ്ണപിള്ള പറഞ്ഞത്. അദ്ദേഹത്തിനേറ്റ ക്രൂരമായ മർദ്ദനവും അതിനെതിരെ അദ്ദേഹം മുഴക്കിയ മുദ്രാവാക്യവും ചരിത്രത്തിലെ മറക്കാനാവാത്ത ഏടുകളാണ്.

രാഷ്ട്രീയത്തിൽ മതം ഇടപെടണമോ എന്നതു പലപ്പോഴും ചർച്ചകൾക്കു വഴിമരുന്നിടുന്ന വിഷയമാണ്. പൗരോഹിത്യം ആ ചർച്ച പോലും അംഗീകരിക്കില്ല. ദൈവത്തിനുള്ളതു ദൈവത്തിനും സീസർക്കുള്ളതു സീസർക്കും എന്ന നില പോലും അംഗീകരിക്കില്ല. അതവിടെ നിൽക്കട്ടെ. മതത്തിൽ രാഷ്ട്രീയം ഇടപെടുന്നതിനെതിരായ മുറവിളികൾക്ക് ഏതായാലും അന്തമില്ല. മതത്തിൽ രാഷ്ട്രീയം നടത്തിയ ഇടപെടൽ കൂടുതൽ മെച്ചപ്പെട്ട സമൂഹത്തെ സൃഷ്ടിച്ചു എന്നതു ചരിത്രമാണ്. അതിന്റെ ദൃഷ്ടാന്തമാണ് ഗുരുവായൂർ. അടികൊള്ളാൻ പി കൃഷ്ണപിള്ളയും, എ കെ ജിയുമടക്കമുള്ള രാഷ്ട്രീയനേതാക്കൾ ഉണ്ടായതു കൊണ്ടാണ് ഗുരുവായൂരിലെ നടയിൽ മാനവികത പുലർന്നത്. അതു ചരിത്രമാണ്. മതത്തെ ആധുനികമായ ദർശനങ്ങളോടു കൂടി നവീകരിക്കുന്നതിൽ രാഷ്ട്രീയം വഹിച്ച പങ്ക് ആർക്കും നിഷേധിക്കാനാവില്ല. വഴിനടക്കുന്നതിനും ആരാധന നടത്തുന്നതിനും മനുഷ്യനുള്ള അവകാശങ്ങൾക്കു വേണ്ടി എന്നും ശബ്ദിച്ചിട്ടുള്ളത് രാഷ്ട്രീയക്കാരാണ്. കാരണം സമൂഹത്തിന്റെ നവീകരണമാണ് രാഷ്ട്രീയത്തിന്റെ പ്രധാന ലക്ഷ്യം. ആ ലക്ഷ്യം നിറവേറണമെങ്കിൽ ഭൂരിഭാഗം ജനങ്ങളുടെയും കാഴ്ചപ്പാടിനെ സ്വാധീനിക്കുന്ന മതങ്ങളും നവീകരിക്കപ്പെടണം. ഈ ലക്ഷ്യത്തിനു വേണ്ടിയാണ് രാഷ്ട്രീയം മതത്തിൽ ഇടപെടുന്നത്. കഴിയുന്ന അത്രയും ആളുകളെ ഉൾക്കൊള്ളുന്ന മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ അവരോട് ആവശ്യപ്പെടുന്നത്. അതുകൊണ്ടാണ് ഇന്ത്യയിലെ പ്രമുഖനായ ഒരു കമ്മ്യൂണിസ്റ്റ് നേതാവ് ആരാധനാ സ്വാതന്ത്ര്യത്തിനു വേണ്ടി അമ്പലത്തിനുള്ളിൽ കയറി മണി മുഴക്കാൻ തയ്യാറായത്.

**സത്യാഗ്രഹികളായിരുന്നു ശരിയെന്ന് കാലം തെളിയിച്ചു. പല നൂതനമായ ആശയങ്ങളും സമൂഹത്തിൽ വേരുറപ്പിക്കാൻ കാലങ്ങൾ വേണ്ടി വന്നേക്കും**

1931 ൽ ആരംഭിച്ച സത്യാഗ്രഹം ഉന്നയിച്ച ആവശ്യങ്ങൾ വ്യാപകമായി അംഗീകരിക്കപ്പെടാൻ നീണ്ട പതിനാറു വർഷങ്ങൾ വേണ്ടിവന്നു എന്നതു നാം ഓർമ്മിക്കണം. എങ്കിലും 1932 ൽ പൊന്നാനി താലൂക്കിൽ നടന്ന ഹിതപരിശോധനയിൽ സത്യാഗ്രഹികളുടെ ആവശ്യങ്ങൾക്കു വലിയതോതിലുള്ള ജനപിന്തുണ ലഭിച്ചു. അതോടൊപ്പം ഏത് അനീതിയെയും ജനകീയ സമരങ്ങളിലൂടെ ചെറുത്തു തോൽപ്പിക്കാം എന്ന വിശ്വാസം കേരള സമൂഹത്തിനുണ്ടായി. തുടർന്നുള്ള കാലഘട്ടത്തിൽ കേരളത്തിൽ നടന്ന കർഷകരുടെയും തൊഴിലാളികളുടെയും മുന്നേറ്റത്തിനു കരുത്തു പകരുന്നതിൽ ഗുരുവായൂർ സത്യാഗ്രഹം വളരെ വലിയ പങ്കാണു വഹിച്ചിട്ടുള്ളത്.

സത്യാഗ്രഹികളായിരുന്നു ശരിയെന്ന് കാലം തെളിയിച്ചു. പല നൂതനമായ ആശയങ്ങളും സമൂഹത്തിൽ വേരുറപ്പിക്കാൻ കാലങ്ങൾ വേണ്ടി വന്നേക്കും. പക്ഷെ മൂല്യപരമായി അവ മനുഷ്യവംശത്തെ പുരോഗതിയിലേക്കു



നയിക്കുകയാണ് എങ്കിൽ അവയെ മുറുകെപ്പിടിക്കാൻ നാം തയ്യാറാവണം. ഗുരുവായൂർ സത്യഗ്രഹത്തിന്റെ വിജയം സൂചിപ്പിക്കുന്നതും അതാണ്. അന്നു സത്യഗ്രഹികളിൽ പലർക്കും സ്വന്തം വീട്ടിൽ നിന്നും നാട്ടിൽ നിന്നും എതിർപ്പുകൾ നേരിടേണ്ടിവന്നു. പലർക്കും മർദ്ദനമേറ്റു. പലരും മരണത്തെ മുഖാമുഖം കണ്ടു. പക്ഷെ ഒരിക്കൽ പോലും തങ്ങളുടെ പുരോഗമനപരമായ ആശയങ്ങളിൽ നിന്നും അവർ പിന്നോക്കം പോകാൻ തയ്യാറായില്ല. നീതി ലഭ്യമാകും വരെ പോരാടാൻ അവർ തയ്യാറായിരുന്നു.

ദേശീയ തലത്തിൽ തന്നെ വലിയ ശ്രദ്ധ നേടിയ ഒരു സമരമായിരുന്നു ഗുരുവായൂർ സത്യാഗ്രഹം. അതുകൊണ്ടാണ് 'മനുഷ്യകുലത്തിന്റെ നീതിബോധത്തിനു മുന്നിൽ ഇന്ത്യയെ അപരാധിനിയാക്കാതിരിക്കാൻ ഗുരുവായൂർ ക്ഷേത്രം എല്ലാവർക്കുമായി തുറന്നുകൊടുക്കണമെന്ന്' മഹാകവി രബീന്ദ്രനാഥ ടാഗോർ ആവശ്യപ്പെട്ടത്. ഗാന്ധിജിയുടെ ശ്രദ്ധേയമായ ഇടപെടലുകൾ വൈക്കം സത്യാഗ്രഹത്തിലെന്ന പോലെ ഗുരുവായൂർ സത്യാഗഹത്തിലും ഉണ്ടായി.

ഗുരുവായൂരിൽ ജനങ്ങളെ അഭിസംബോധന ചെയ്തു സംസാരിക്കാനെത്തിയ ഗാന്ധിജിയെ വേദിയിൽ നിന്നും തള്ളിയിട്ട് അപായപ്പെടുത്താൻ പോലും ചില പ്രമാണിമാർ ഗൂഢാലോചന നടത്തി. അദ്ദേഹം കൊല്ലപ്പെട്ട ശേഷവും പലരും ഗാന്ധിജിയെ അങ്ങനെ വീഴ്ത്താനും അതുവഴി സമൂഹത്തിൽ നിന്നും തുടച്ചു നീക്കാനും ശ്രമിക്കുകയാണ്. ഗാന്ധിജിയെ ഒരിക്കൽ അവർ വെടിവെച്ചു വീഴ്ത്തി. പക്ഷെ ആ മൂല്യങ്ങൾ സമൂഹത്തിൽ നിലനിന്നു. അപ്പോഴാണ് അദ്ദേഹം പ്രതിനിധാനം ചെയ്ത മൂല്യങ്ങളെക്കൂടി സമൂഹത്തിൽ നിന്നും പുറത്താക്കാൻ നോക്കുന്നത്. അങ്ങനെ സംഭവിച്ചാൽ മാത്രമേ ഇത്തരം അനാചാരങ്ങളെ വീണ്ടും സമൂഹത്തിലേക്ക് എഴുന്നള്ളിച്ചു കൊണ്ടുവരാനാവൂ. അങ്ങനെ വരുമ്പോൾ എല്ലാ അധികാരങ്ങളും ചില പ്രമാണിമാരിൽ മാത്രം കേന്ദ്രീകരിക്കപ്പെടും. ഭൂരിഭാഗം വരുന്ന സാധാരണക്കാരൻ വിവേചനങ്ങൾക്ക് ഇരയായി മാറും. ഇത്തരം പ്രതിലോമകരമായ പ്രവണതകൾക്കെതിരെയുള്ള താക്കീതു കൂടിയാണ് ഈ നവതി ദിനാചരണം.

1934 ജനുവരി 11 ന് ഗുരുവായൂരിലെ യോഗത്തിൽ ഗാന്ധിജി പ്രസംഗിച്ചു. അയിത്തോച്ചാടനം നടത്തേണ്ടതിന്റെ ആവശ്യകത അദ്ദേഹം വ്യക്തമാക്കി. തനിക്ക് ദൈവത്തെപ്പറ്റി എല്ലാം അറിയാമെന്ന് കരുതുന്നില്ല എന്നു പറഞ്ഞ ഗാന്ധിജി, ഹൃദയം ശുദ്ധീകരിക്കുന്ന പക്ഷം ഈ ലോകത്തെ എല്ലാ മനുഷ്യർക്കും ദൈവത്തെ അറിയുവാൻ സാധിക്കും എന്നു പറഞ്ഞു. എന്താണ് ഈ ഹൃദയശുദ്ധി എന്നും അതേത്തുടർന്ന് അദ്ദേഹം പറയുന്നുണ്ട്. തന്നെ എതിർക്കുന്നവരോടു പോലും തെല്ലും വിദ്വേഷം കാട്ടാതെ, അവരെക്കൂടി തങ്ങളുടെ ആശയങ്ങളോട് അടുപ്പിക്കുവാനുള്ള ഹൃദയശുദ്ധി എല്ലാ സത്യഗ്രഹികളും പുലർത്തണമെന്ന് അദ്ദേഹം പറഞ്ഞു. സഹജീവികളെ വിവേചനത്തോടെ മാത്രം കണ്ട അന്നത്തെ വരേണ്യവർഗത്തിന് ഇല്ലാതെ പോയതും ഈ ഹൃദയശുദ്ധിയാണ്.

അടുത്തു നിൽക്കുന്ന സഹോദരങ്ങളെ കാണാൻ കണ്ണുകളില്ലാത്തവർക്ക് എങ്ങനെയാണ് അരൂപനായ ദൈവത്തെ കാണാനാവുക എന്ന് മഹാകവി ഉള്ളൂർ പറഞ്ഞതു നാം ഓർക്കണം. ആ ബോധ്യം ഇല്ലാത്തതു കൊണ്ടാണ് ഇപ്പോഴും ചിലർ ദൈവത്തിനെ അതിക്രമങ്ങൾക്കും കൊലകൾക്കുമുള്ള മറയാക്കി മാറ്റുന്നത്. അവരുടെ കണ്ണു തുറപ്പിക്കാനുള്ളതു കൂടിയാവണം ചരിത്രത്തിലെ ഇത്തരം സമരങ്ങളുടെ ഓർമ്മ.

# KAS: സിവിൽ

**ഭരണനിർവഹണം കാര്യക്ഷമമാക്കാൻ സാങ്കേതിക മികവും വിഷയനൈപുണ്യവുമുള്ള പുതിയ തലമുറ ഉദ്യോഗസ്ഥരെ രൂപപ്പെടുത്തിയെടുക്കുക എന്ന ലക്ഷ്യവുമായി കെഎഎസ് യാഥാർഥ്യമാകുകയാണ്. പദ്ധതി നിർവഹണം കൂടുതൽ സൃഷ്ടിപരമാക്കുന്നതിനും ഭരണയന്ത്രം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിദഗ്ധ പരിശീലനം ആർജിച്ച പ്രൊഫഷണലുകൾ സർക്കാർ സംവിധാനത്തിന്റെ മധ്യതലത്തിൽ നിയോഗിക്കപ്പെടുന്നു. 50 ഓളം തസ്തികയിലേക്കും സൂപ്പർ ടൈം സ്കെയിലിൽ ഉൾപ്പെട്ട സ്പെഷ്യൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, ഡയറക്ടർ തുടങ്ങിയ പത്ത് ഉന്നത തസ്തികയിലേക്കും സ്ഥാനക്കയറ്റം നേടാനുള്ള അവസരം നിയമനം ലഭിക്കുന്ന ഉദ്യോഗസ്ഥർക്ക് ലഭിക്കുന്നു. കെ.എ.എസ് എന്ന മാറ്റത്തെക്കുറിച്ച് പിഎസ്‌സി ചെയർമാൻ എഴുതുന്നു**



**എം കെ .സക്കീർ**
പിഎസ്‌സി ചെയർമാൻ

ആറര പതിറ്റാണ്ടുകാലത്തെ കാത്തിരിപ്പിനുള്ള അർത്ഥപൂർണ്ണമായ പരിസമാപ്തിയായി കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് യാഥാർഥ്യ മായിരിക്കുകയാണ്. 2019 നവംബർ ഒന്നിന് കേരളപ്പിറവി ദിനത്തിലാണ് കെഎഎസ് ജൂനിയർ ടൈം സ്കെയിൽ ട്രെയിനിയുടെ ആദ്യവിജ്ഞാപനം പിഎസ്‌സി പുറപ്പെടുവിച്ചതെങ്കിൽ രണ്ടു വർഷത്തിനു ശേഷം 2021 ലെ കേരളപ്പിറവി ദിനത്തിൽ 105 പേർക്ക് നിയമന ശുപാർശകൾ കൈമാറാൻ പിഎസ്‌സിക്കു സാധിച്ചിരിക്കുന്നു. സംസ്ഥാന സർക്കാരിന്റെ ഇച്ഛാശക്തിയും പബ്ലിക് സർവീസ് കമ്മീഷന്റെ

# സർവീസിലെ പുതിയ പടവുകൾ





സമയബന്ധിതമായ പ്രവർത്തനവും കേരളത്തിന് ഒരു ചരിത്രനേട്ടം തന്നെ സമ്മാനിച്ചിരിക്കുകയാണ്.

1957 ൽ നിലവിൽ വന്ന ഇ.എം.എസിന്റെ അധ്യക്ഷതയിൽ ഒന്നാം ഭരണപരിഷ്കാര കമ്മീഷനും എം.കെ.വെള്ളോടി അധ്യക്ഷനായുള്ള 1965 ലെ രണ്ടാം ഭരണപരിഷ്കാര കമ്മീഷനും 1997ലെ ഇ.കെ.നായനാർ അധ്യക്ഷനായ മൂന്നാം ഭരണപരിഷ്കാര കമ്മീഷനും കേരളത്തിന് തനതായ ഒരു അഡ്മിനിസ്ട്രേറ്റീവ് സർവീസ് ആവശ്യമാണെന്ന് ചൂണ്ടിക്കാട്ടിയിരുന്നു. ഇതിൽ മൂന്നാം ഭരണപരിഷ്കാര കമ്മീഷനാണ് സെക്രട്ടേറിയറ്റിലടക്കം വരുത്തേണ്ട മാറ്റങ്ങളെപ്പറ്റിയും അതിനനുസൃതമായുള്ള പ്രത്യേക സിവിൽ സർവീസിന്റെ ആവശ്യകതയും എടുത്തുപറഞ്ഞിരുന്നത്. ഉദ്യോഗസ്ഥ ശ്രേണീബന്ധത്തിൽ ശ്രമകരമായ അഴിച്ചുപണി വേണ്ടി വരുമെന്നതുൾപ്പടെ പല കാരണങ്ങളാൽ നിർദേശങ്ങൾ നടപ്പാക്കാൻ സർക്കാരുകൾക്ക് സാധിച്ചിരുന്നില്ല.

എന്നാൽ സിവിൽ സർവ്വീസിന്റെ കാര്യക്ഷമത കാലാനുസൃതമായി മെച്ചപ്പെടുത്തുന്നതിന് മധ്യതല ഉദ്യോഗസ്ഥ ശ്രേണിയിൽ ഊർജ്ജസ്വലരായ പുതിയ തലമുറയുടെ സാന്നിധ്യം അനിവാര്യമാണെന്ന് ഇപ്പോഴത്തെ സർക്കാരിന് ബോധ്യമായി. അങ്ങനെയാണ് സാങ്കേതികവും നിയമപരവുമായ കടമ്പകൾ കടന്ന് കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരിക്കുവാനുള്ള കർമ്മ പരിപാടികൾക്ക് കേരളം തുടക്കമിട്ടത്.

**മൂന്നാം ഭരണപരിഷ്കാര കമ്മീഷനാണ് സെക്രട്ടറിയേറ്റിലടക്കം വരുത്തേണ്ട മാറ്റങ്ങളെപ്പറ്റിയും അതിനനുസൃതമായുള്ള പ്രത്യേക സിവിൽ സർവീസിന്റെ ആവശ്യകതയും എടുത്തു പറഞ്ഞിരുന്നത്. ഉദ്യോഗസ്ഥ ശ്രേണീബന്ധത്തിൽ ശ്രമകരമായ അഴിച്ചുപണി വേണ്ടി വരുമെന്നതുൾപ്പടെ പല കാരണങ്ങളാൽ നിർദേശങ്ങൾ നടപ്പാക്കാൻ സർക്കാരുകൾക്ക് സാധിച്ചിരുന്നില്ല**

## വെല്ലുവിളികൾ നേരിടാൻ തയ്യാറെടുപ്പുകൾ

2017 മുതൽ തന്നെ കെഎഎസ് യാഥാർഥ്യമാക്കുന്നതിന് സർക്കാർ വിശേഷാൽ ചട്ടം രൂപീകരിക്കുവാനുള്ള നടപടികൾക്കു തുടക്കമിട്ടു. ഘടന, യോഗ്യത, സംവരണം തുടങ്ങി സർവ്വമേഖല സംബന്ധിച്ചും പല തലത്തിലുള്ള കൂടിയാലോചനകൾക്കു ശേഷമായിരുന്നു ചട്ടം രൂപീകരിച്ചത്.

കെ.എ.എസിലേക്കുള്ള തെരഞ്ഞെടുപ്പു ചുമതലകൾ സർക്കാർ പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിച്ചതു മുതൽ പി.എസ്.സിയും വലിയ തയ്യാറെടുപ്പുകളാണ് നടത്തിയത്. ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസിന് സമാനമായ ഒരു തെരഞ്ഞെടുപ്പ് നടപടി കേരള പി.എസ്.സിക്ക് ആദ്യമായിട്ടായിരുന്നു. അവ കുറ്റമറ്റതും വിശ്വാസയോഗ്യമാക്കുന്നതിനും അക്കാദമിക തലത്തിലും എക്സിക്യൂട്ടിവ് തലത്തിലും അതീവ സൂക്ഷ്മതയോടെയുള്ള പ്രവർത്തനങ്ങളാണ് ഞങ്ങൾ നടത്തിയത്. സാങ്കേതിക മികവും വിഷയ നൈപുണ്യവും ഭരണനിർവ്വഹണ ശേഷിയുമുള്ള ഒരു ടീമിനെ സർക്കാർ സംവിധാനത്തിന്റെ മധ്യതലത്തിൽ നിയമിക്കണമെങ്കിൽ അതിനുള്ള തെരഞ്ഞെടുപ്പ് രീതികളും സമഗ്രമായിരിക്കണം എന്നതായിരുന്നു ഇക്കാര്യത്തിൽ പിഎസ്സിയുടെ കാഴ്ചപ്പാട്. ഗവേഷണ സ്വഭാവത്തോടെ തന്നെ ഈ വെല്ലുവിളിയെ പി.എസ്.സി. ഏറ്റെടുത്തു. മൂന്ന് സ്ട്രീമുകളിൽ നിന്നും തികച്ചും അനുയോജ്യരായവരെ കണ്ടെത്തുന്നതിന് പരീക്ഷാ രീതികൾ, ചോദ്യഘടന, മുഖാമുഖ രീതികൾ എന്നിവ സംബന്ധിച്ച് ആക്ഷേപരഹിതമായ സമീപനങ്ങളാണ് സ്വീകരിച്ചത്.

## 577,444 അപേക്ഷകർ, 562 പേരുടെ റാങ്ക് ലിസ്റ്റ്, 105 നിയമന ശുപാർശ

ഒന്നാം സ്ട്രീമിൽ (21-32 വയസുള്ള ബിരുദധാരികൾക്കായുള്ള നേരിട്ടുള്ള നിയമനം) 5,47,543 ഉം രണ്ടാം സ്ട്രീമിൽ (സർക്കാർ സർവീസിലെ സ്ഥിരാംഗങ്ങളായ 40 വയസ്സിനുള്ളിലുള്ളവർ) 26,950 ഉം മൂന്നാം സ്ട്രീമിൽ (ഗസറ്റഡ് ഓഫീസർമാരായ 50 വയസ്സ് പരിധിയിലുള്ളവർ) 2951ഉം അപേക്ഷകരാണുണ്ടായത്. ഒക്ടോബർ എട്ടിന് മൂന്ന് സ്ട്രീമുകളിലേക്കും റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചു. സ്ട്രീം ഒന്നിൽ 190, സ്ട്രീം രണ്ടിൽ 185, സ്ട്രീം മൂന്നിൽ 187 എന്നിങ്ങനെ 562 പേർ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടു. ഇതിൽ ഓരോ സ്ട്രീമിൽ നിന്നും 35 പേർ എന്ന കണക്കിൽ 105 പേർക്കാണ് നിയമന ശുപാർശ നൽകിയിരിക്കുന്നത്.

## ഒന്നര വർഷത്തെ പരിശീലനം

നിയമന ശുപാർശ ലഭിച്ചവർക്ക് സർക്കാർ തലത്തിൽ ഒന്നര വർഷത്തെ പരിശീലനമാണ് ലഭിക്കുക. പദ്ധതി നടത്തിപ്പ്, ആസൂത്രണം, ധനവിനിയോഗം, എന്നിവയിൽ ആധികാരിക പരിശീലനമാണ് വിവിധ പ്ലാനിങ് ഡവലപ്പ്മെന്റ് സെന്റർ വഴിയും മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ വഴിയും ലഭിക്കാൻ പോകുന്നത്. ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസിന്റെ ഭാഗമാകാനുള്ള വലിയ അവസരവും ഇവർക്ക് ലഭിക്കും. ഓരോ വർഷവും വിശേഷാൽ ചട്ടത്തിൽ പരാമർശിച്ചിട്ടുള്ള വിവിധ വകുപ്പുകളിലെ രണ്ടാം ഗസറ്റഡ് തസ്തികയിലേക്ക് വരുന്ന ഒഴിവുകളുടെ മൂന്നിലൊന്ന് ഭാഗം കെ.എ.എസിന് മാറ്റിവെക്കും. നിലവിലുള്ള ജീവനക്കാരോടൊപ്പം ഈ പുതിയ ടീമും ചേരുമ്പോൾ ഏറ്റവും താഴെ തട്ടിലുള്ളവർക്ക് വികസന ക്ഷേമപദ്ധതികളുടെ ആനുകൂല്യം യഥാസമയം ലഭിക്കാനും ഭരണനിർവഹണം കൂടുതൽ കാര്യക്ഷമമാക്കാനും സാധിക്കുമെന്ന കാര്യം ഉറപ്പാണ്.

**ഇന്ത്യൻ ഭരണസംവിധാനത്തിൽ നിയമനിർമാണ സഭകൾ രൂപം നൽകുന്ന നയങ്ങൾക്കും നിയമങ്ങൾക്കും അനുസൃതമായി സർക്കാരിന്റെ വിവിധ പദ്ധതികളും പരിപാടികളും നടപ്പാക്കുന്ന സംവിധാനമാണ് സിവിൽ സർവീസ്. ക്ഷേമരാഷ്ട്ര സങ്കൽപ്പം രൂപപ്പെട്ടതോടെ സിവിൽ സർവീസ് വിപുലപ്പെടുകയും ശക്തിപ്പെടുകയും ചെയ്തു**

## എവിടെയൊക്കെ കെ.എ.എസുകാർ

ജൂനിയർ ടൈം സ്കെയിലിൽ ഏറ്റവും ഉയർന്ന ശമ്പളം പറ്റുന്ന ജില്ലാ സപ്ലൈ ഓഫിസർ, ഡെപ്യൂട്ടി കളക്ടർ, മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ് 2, ഡിസ്ട്രിക്ട് എംപ്ലോയ്മെന്റ് ഓഫിസർ, എ.ഡി.എം, തുടങ്ങി നൂറിലേറെ തസ്തികകളിൽ നിന്ന് സീനിയർ ടൈം സ്കെയിൽ തസ്തികകളായ ജോ.ഡയറക്ടർ, മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ് 1, ചീഫ് പ്ലാനിങ് ഓഫീസർ, ഫിനാൻസ് ഓഫീസർ, കോർപ്പറേഷൻ സെക്രട്ടറി തുടങ്ങി അമ്പതോളം തസ്തികകളിലേക്കും സെലക്ഷൻ ടൈം സ്കെയിൽ തസ്തികകളായ ജോയിന്റ് കമ്മീഷണർ, അഡീഷണൽ രജിസ്ട്രാർ, അഡീഷണൽ ലേബർ കമ്മീഷണർ തുടങ്ങി അമ്പതോളം തസ്തികകളിലേക്കും സൂപ്പർ ടൈം സ്കെയിലിൽപ്പെട്ട സ്പെഷ്യൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, ഡയറക്ടർ തുടങ്ങിയ പത്ത് ഉന്നത തസ്തികകളിലേക്കും സ്ഥാനക്കയറ്റം നേടാനുള്ള അവസരമാണ് കെ.എ.എസിന്റെ ഭാഗമാകുന്ന ഉദ്യോഗസ്ഥർക്ക് ലഭിക്കുന്നത്.

## പ്രാധാന്യം വർധിക്കുന്ന സിവിൽ സർവീസ്

ഇന്ത്യൻ ഭരണസംവിധാനത്തിൽ നിയമനിർമാണ സഭകൾ രൂപം നൽകുന്ന നയങ്ങൾക്കും നിയമങ്ങൾക്കും അനുസൃതമായി സർക്കാരിന്റെ വിവിധ പദ്ധതികളും പരിപാടികളും നടപ്പാക്കുന്ന സംവിധാനമാണ് സിവിൽ സർവീസ്. ക്ഷേമരാഷ്ട്ര സങ്കൽപ്പം രൂപപ്പെട്ടതോടെ സിവിൽ സർവീസ് വിപുലപ്പെടുകയും ശക്തിപ്പെടുകയും ചെയ്തു. കരം പിരിവും ക്രമസമാധാനപാലനവും മാത്രമായിരുന്നു ഒരുകാലത്ത് അതിന്റെ ചുമതലയെങ്കിൽ ഇന്ന് സിവിൽ സർവീസ് വ്യാപരിക്കാത്ത മേഖലകളില്ല. സാമൂഹികരംഗത്തെ കേരളമോഡൽ വളർച്ചയ്ക്കു പിന്നിൽ പ്പോലും സിവിൽ സർവീസും അതിലെ ജീവനക്കാരും വഹിച്ച പങ്കും വളരെ വലുതാണ്. ഈ തരത്തിൽ പ്രാധാന്യമേറിയ സിവിൽ സർവീസിനെ ജനകീയവൽക്കരിക്കുന്നതിലും ജീവനക്കാരുടെ കർമശേഷി ഉയർത്തുന്നതിലും അഴിമതി വിമുക്തമാക്കുന്നതിലും സർക്കാരിന്റെ ഇച്ഛാശക്തിയോടെയുള്ള ഇടപെടലുകൾ പ്രാധാന്യം നിറഞ്ഞതാണ്. സംഘടനകൾ ആഗ്രഹിച്ചാൽ മാത്രം ഭരണതലത്തിൽ കാര്യക്ഷമത കൈവരുത്താനാകില്ല. മുന്നണി ഏതായാലും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം അഴിമതി വിമുക്തമായി ലഭിക്കണമെന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമില്ല. അതിന് ചില നിർണായക തീരുമാനങ്ങൾ വേണ്ടിവരും. അതുകൊണ്ടാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരണം ഭരണതലത്തിൽ ഏറ്റവും പ്രസക്തമാകുന്നത്. അതുകൊണ്ടുതന്നെ കെഎഎസ് എന്ന ഉറച്ച ചുവടുവെപ്പിലൂടെ കേരളം സിവിൽ സർവീസ് രംഗത്തും പുതിയ ചരിത്രമെഴുതട്ടെ. ■

# ഇനി പീപ്പിൾസ് റസ്റ്റ് ഹൗസ്

**ജനങ്ങൾക്കായി തുറന്നുകൊടുത്ത പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ് ഹൗസുകളുടെ ഓൺലൈൻ ബുക്കിങ് സംവിധാനം ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ജനകീയമാവുകയാണ്**



**പി എ മുഹമ്മദ് റിയാസ്**
പൊതുമരാമത്ത്,
ടൂറിസം വകുപ്പ് മന്ത്രി

ഉദ്യോഗസ്ഥ സംവിധാനത്തിന് കീഴിൽ മാത്രം ഉപയോഗിച്ചു വന്നിരുന്ന കേരളത്തിലെ റസ്റ്റ് ഹൗസുകൾ വളരെ കുറഞ്ഞ ചെലവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിരിക്കുകയാണ് ഈ സർക്കാർ. ആദ്യഘട്ടമായി ഓൺലൈൻ ബുക്കിങ് ആരംഭിച്ചതിന് ജനങ്ങളിൽ നിന്നും നല്ല പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

കോവിഡ് 19 കാരണം 2020 ഫെബ്രുവരിയിൽ അടച്ചിട്ട റസ്റ്റ് ഹൗസുകൾ 2021 ലെ ഇളവുകൾക്ക് ശേഷമാണ് തുറന്നു പ്രവർത്തിക്കാൻ തീരുമാനിച്ചത്. നവംബർ 1 ന് റസ്റ്റ് ഹൗസുകൾ വീണ്ടും തുറക്കണമെന്നും അതൊരു പുതിയ തുടക്കമായിരിക്കണമെന്നും പൊതുമരാമത്ത് വകുപ്പ് തീരുമാനിച്ചു. എല്ലാവിഭാഗം ജനങ്ങൾക്കും റസ്റ്റ് ഹൗസുകൾ. പീപ്പിൾസ് റസ്റ്റ് ഹൗസ്. അതായിരുന്നു ആശയം. കേരളത്തിലാകെ 155 റസ്റ്റ് ഹൗസുകളും 1151 മുറികളുമാണുള്ളത്. പ്രധാന പാതകളുടെ ഓരത്തും നഗരങ്ങളിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലുമെല്ലാം വകുപ്പിന്റെ റസ്റ്റ് ഹൗസുകളുണ്ട്. ഇത്രയും വലിയൊരു ശൃംഖല കേരളത്തിൽ ഉണ്ടായിട്ടും അത് പൊതുജനങ്ങൾക്ക് പൂർണമായി ഉപയോഗിക്കാൻ കഴിഞ്ഞിരുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഇതിനാണ് ഇപ്പോൾ പരിഹാരമാകുന്നത്.

147 റസ്റ്റ് ഹൗസുകളിലാണ് ഇപ്പോൾ ഓൺലൈൻ ബുക്കിങ് സംവിധാനം നിലവിൽ വന്നിട്ടുള്ളത്. ബാക്കിയുള്ള എട്ട് റസ്റ്റ് ഹൗസുകളിൽ നവീകരണ പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ട്. കേരളപ്പിറവി ദിനം മുതൽ ഓൺലൈൻ ബുക്കിങ് ആരംഭിച്ചു. നവംബർ ഒൻപത് വരെ ആകെ 794 പേർ ഓൺലൈൻ സൗകര്യം ഉപയോഗിച്ച് റസ്റ്റ് ഹൗസുകളിൽ മുറികളെടുത്തിട്ടുണ്ട്. ആകെ 991 പേരാണ് ഈ ദിവസങ്ങളിൽ റസ്റ്റ് ഹൗസുകളിൽ മുറികളെടുത്തിട്ടുള്ളത്. ജനങ്ങൾ ആഗ്രഹിക്കുന്ന മാറ്റമാണ് ഇതെന്ന് തെളിയിക്കുന്നതാണ് ഒൻപത് ദിവസം കൊണ്ട് ഉണ്ടായ ബുക്കിങ്. ഓൺലൈൻ ബുക്കിങ് കൂടുതൽ ഫലപ്രദമാക്കുന്നതിന് ഒരു കേന്ദ്രീകൃത സംവിധാനം ഒരുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.



സിസിടിവി ക്യാമറകൾ ഉൾപ്പെടെ സ്ഥാപിച്ച് ഒരു കേന്ദ്രത്തിൽ നിന്നും എല്ലാം നിയന്ത്രിക്കുന്ന രീതിയാണ് ഉദ്ദേശിക്കുന്നത്.

പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയേറ്റപ്പോൾ തന്നെ റസ്റ്റ് ഹൗസ് നവീകരണത്തെ കുറിച്ച് ആലോചിച്ചിരുന്നു. എല്ലാവിധ സൗകര്യങ്ങളോടും കൂടിയ മികച്ച കേന്ദ്രങ്ങളാക്കി ഓരോ റസ്റ്റ് ഹൗസുകളെയും മാറ്റുക എന്നതായിരുന്നു ലക്ഷ്യം. ഇതിന്റെ ഭാഗമായി ജൂൺ 25 ന് നവീകരണത്തെ സംബന്ധിച്ച് പൊതു ജനങ്ങളോടുകൂടി അഭിപ്രായം ചോദിച്ച് ഫേസ്ബുക്കിൽ പോസ്റ്റിട്ടു. തുടർന്ന് ഫേസ്ബുക്ക്, വാട്സ് ആപ്, ഇ-മെയിൽ എന്നിവ വഴി ആയിരക്കണക്കിന് നിർദ്ദേശങ്ങളാണ് ജനങ്ങൾ സമർപ്പിച്ചത്. റസ്റ്റ് ഹൗസുകൾ നവീകരിച്ച് ജനോപകാരപ്രദമാക്കണമെന്ന് ആളുകൾ ആഗ്രഹിക്കുന്നുണ്ടെന്ന് ഈ നിർദ്ദേശങ്ങളിൽ വ്യക്തമായിരുന്നു. ജനങ്ങൾ സമർപ്പിച്ച നിർദ്ദേശങ്ങളെല്ലാം പ്രത്യേകമായി ക്രോഡീകരിച്ചു. ഉദ്യോഗസ്ഥതല യോഗം ചേർന്ന് നവീകരണത്തിന് വേണ്ട തീരുമാനങ്ങൾ കൈക്കൊണ്ടു. ആദ്യഘട്ടത്തിൽ നിശ്ചിത എണ്ണം റസ്റ്റ് ഹൗസുകൾ തിരഞ്ഞെടുത്ത് മാതൃകാ റസ്റ്റ് ഹൗസുകളാക്കി നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിന്റെ നടപടികൾ സ്വീകരിച്ചുവരികയാണ്.

## ശുചിത്വം സുപ്രധാനം

പൊതുജനങ്ങൾക്ക് മികച്ച നിലവാരത്തിലുള്ള റസ്റ്റ് ഹൗസുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. സഞ്ചാരികൾ, വിദ്യാർത്ഥികൾ, ഉദ്യോഗാർത്ഥികൾ, ദൂരയാത്ര ചെയ്യുന്നവർ, വിവിധ പരിപാടികൾക്കായി എത്തുന്നവർ എന്നിങ്ങനെ എല്ലാവിഭാഗം ജനങ്ങൾക്കും മികച്ച അന്തരീക്ഷത്തിൽ താമസവും ഭക്ഷണവും ഒരുക്കുക എന്നതാണ് ലക്ഷ്യം വെക്കുന്നത്. ശുചിത്വം ഇതിൽ പ്രധാനമാണ്. റസ്റ്റ് ഹൗസിന്റെ അകവും പുറവും ഒരുപോലെ ശുചിത്വം പാലിക്കേണ്ടതും ആകർഷണീയമാക്കേണ്ടതും അനിവാര്യമാണ്. അതിനുവേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിക്കഴിഞ്ഞു. ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തൽ, മികച്ച റസ്റ്റോറന്റ് തുടങ്ങിയവയും നവീകരണത്തിന്റെ ഭാഗമായി ഉദ്ദേശിക്കുന്നുണ്ട്. ആവശ്യത്തിന് സ്ഥല സൗകര്യങ്ങളുള്ള റസ്റ്റ് ഹൗസുകളോട് ചേർന്ന് ദൂരയാത്ര ചെയ്ത് വരുന്നവർക്കായി കംഫർട്ട് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യവും ആലോചനയിലുണ്ട്. ഘട്ടം ഘട്ടമായി നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

അതോടൊപ്പം ഓൺലൈൻ സംവിധാനം കുറെക്കൂടി പരിഷ്കരിക്കേണ്ടതുണ്ട്. ജനങ്ങളിൽ നിന്നും ഇത്തരമൊരു അഭിപ്രായം ഉയർന്നുവന്നിരുന്നു. തുടക്കം എന്ന നിലയിലാണ് ഇപ്പോഴത്തെ വെബ്സൈറ്റ് തയ്യാറാക്കിയിരിക്കുന്നത്. കുറെക്കൂടി ഉപയോഗ സൗഹൃദപരമായി വെബ്സൈറ്റിനെ മാറ്റിത്തീർക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇക്കാര്യം ഫേസ്ബുക്ക് ലൈവിൽ സംസാരിച്ചപ്പോൾ മികച്ച പ്രതികരണമാണ് ലഭിച്ചത്. ഒട്ടേറെ നവീനമായ ആശയങ്ങളും നിർദ്ദേശങ്ങളും ജനങ്ങൾ പങ്കുവെച്ചിട്ടുണ്ട്. അതെല്ലാം പരിശോധിച്ച് ഘട്ടം ഘട്ടമായി മാറ്റങ്ങൾ കൊണ്ടുവരും. കേരളത്തിന്റെ വിനോദസഞ്ചാര മേഖലയ്ക്ക് കൂടി മുതൽക്കൂട്ടായിരിക്കും ഈ ഓൺലൈൻ സംവിധാനം. സഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ മികച്ച സൗകര്യങ്ങളാണ് റസ്റ്റ് ഹൗസുകളിൽ നിന്നും ലഭിക്കുക.

സാങ്കേതികവിദ്യയുടെ കാര്യക്ഷമമായ ഉപയോഗത്തിലൂടെ നൂതനമായ മാറ്റം കൊണ്ടുവരാനാകുമെന്നതിന്റെ തെളിവാണ് പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ. പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികളിൽ ജനങ്ങൾ കാഴ്ചക്കാരല്ല, കാവൽക്കാരാണ് എന്ന നിലപാടോടെ സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. പരാതികൾ വേഗത്തിൽ പരിഹരിക്കാൻ പിഡബ്ല്യുഡി ഫോർ യു ആപ്പ് രൂപീകരിച്ചപ്പോൾ ജനങ്ങൾ ഇരുകയ്യും നീട്ടി സ്വീകരിച്ചു. വകുപ്പിൽ വലിയ മാറ്റം കൊണ്ടുവരാൻ ഇതിലൂടെ സാധിച്ചു. ഇപ്പോൾ റസ്റ്റ് ഹൗസുകളെ പീപ്പിൾസ് റസ്റ്റ് ഹൗസുകളാക്കി മാറ്റാനുള്ള പ്രവർത്തനങ്ങളും ജനങ്ങൾ ഏറ്റെടുത്തിരിക്കുന്നത് സന്തോഷകരമാണ്. ▪



**പി. വത്സലയ്ക്ക് എഴുത്തച്ഛൻ പുരസ്കാരം**

# "മണ്ണിനോടും മനുഷ്യനോടുമുള്ള എന്റെ ബന്ധം ദൃഢമാണ്

**പി വത്സല / ഗോപീകൃഷ്ണൻ ജി.എസ്**

**വയനാടൻ മണ്ണും ആദിവാസികളുടെ ജീവിതവും പോരാട്ടങ്ങളും നിറഞ്ഞ് ജ്വലിക്കുന്ന ആകാശമാണ് പി വത്സലയുടെ കഥാപ്രപഞ്ചം. വയനാടൻ ചൂരിൽ അവർ കഥകൾ പെയ്തു. ചൂഷണവും പട്ടിണിയും പൊറുതി മുട്ടിച്ച കണ്ണീർ നിലങ്ങളുടെ വിലാപത്തേയും ഉഷ്ണക്കാറ്റിനെയും അവർ 'നെല്ലും', 'ചാവേറു'മാക്കി. കാടിന്റെ നിലവിളിയും അധികാരം വിലയ്ക്കു വാങ്ങുന്ന കീഴാളജീവിതവും പിടഞ്ഞൊടുങ്ങുന്ന പെണ്ണിന്റെ പ്രതിഷേധവും ആ ചിന്തകളെ തീ പിടിപ്പിച്ചു. വയനാട്ടിലെ ഇരുട്ടിൽ വത്സലയുടെ സാഹിത്യം തെളിഞ്ഞ തീനാളമായി. യാഥാസ്ഥിതികത്വത്തിൽ നിന്നുള്ള വിമോചനം സ്വപ്നം കണ്ട് അവർ എഴുതിയതെല്ലാം പിന്നീട് മലയാളം ഏറ്റുവാങ്ങി. എന്നും എവിടെയും മനുഷ്യരും അവരുടെ ധർമ്മ സങ്കടങ്ങളും തന്നെയാണ് പി വത്സലയുടെ കഥകളുടെ പ്രമേയം. 17 നോവലും മുന്നൂറിലധികം ചെറുകഥയും ജീവചരിത്രഗ്രന്ഥങ്ങളും ബാലസാഹിത്യകൃതികളും യാത്രാവിവരണങ്ങളു മടങ്ങുന്ന വിപുലമായ ആ തൂലികയ്ക്ക് ഇത്തവണ സംസ്ഥാന സർക്കാരിന്റെ പരമോന്നത സാഹിത്യ ബഹുമതിയായ എഴുത്തച്ഛൻ പുരസ്കാരം ലഭിക്കുകയാണ്.**

### എഴുത്തച്ഛൻ പുരസ്കാരം ലഭിച്ചിരിക്കുകയാണല്ലോ

വളരെ സന്തോഷം. മലയാളത്തേയും മനുഷ്യരേയും സ്നേഹിച്ചതിനുള്ള അംഗീകാരമായാണ് എഴുത്തച്ഛൻ പുരസ്കാരത്തെ കാണുന്നത്. ഞാൻ മലയാളം ഐച്ഛിക വിഷയമായി പഠിച്ചയാളല്ല. ഞാൻ പഠിച്ചത് ഇക്കണോമിക്സാണ്. സെക്കന്റ് ലാംഗ്വേജായാണ് മലയാളം പഠിച്ചത്. വായനയിലൂടെയാണ് ഞാൻ ഭാഷ പഠിച്ചത്. ക്രമേണ അത് എഴുത്തിലേയ്ക്ക് വഴി മാറുകയായിരുന്നു. എനിക്ക് ലഭിച്ച അംഗീകാരം മലയാളഭാഷയ്ക്ക് ലഭിച്ച അംഗീകാരമാണ്.



> കാർഷിക മേഖലയുമായും കർഷകരുമായും എനിക്ക് നല്ല അടുപ്പമുണ്ടായിരുന്നു. പ്രത്യേകിച്ച് വയനാട്ടിലെ നെല്ലിനെക്കുറിച്ചും കൃഷിയെക്കുറിച്ചുമൊക്കെ നന്നായറിഞ്ഞാണ് നെല്ല് എഴുതിയത്

### എഴുത്തിലേയ്ക്ക് വഴിമാറാൻ എന്തായിരുന്നു പ്രേരണയായത്

പ്രധാനമായും പുസ്തക വായന തന്നെ. വീട്ടിൽ എല്ലാവരും നന്നായി വായിക്കുമായിരുന്നു.ചിലരൊക്കെ കഥകളും കവിതകളുമൊക്കെ എഴുതിയിരുന്നു. അമ്മ എട്ടാം ക്ലാസ്സ് വരെയേ പഠിച്ചിട്ടുള്ളൂവെങ്കിലും മരണം വരെയും നന്നായി വായിച്ചിരുന്നു. പക്ഷേ, വായിച്ചതല്ലാതെ അമ്മ എഴുതിയില്ല. അമ്മയാണ് എന്റെ വായനയ്ക്കും എഴുത്തിനും പ്രേരണയായത്. 18 വയസ്സ് മുതൽ ഞാൻ എഴുതുന്നു. എല്ലാ പ്രസിദ്ധീകരണങ്ങളും എന്റെ രചനകൾ സ്വീകരിച്ചു. പിന്നീട് എഴുത്തില്ലാതെ ജീവിതമില്ല എന്നായി.

### എന്താണ് എഴുത്തിന്റെ അടിസ്ഥാനം

അനുഭവങ്ങളാണ് എന്റെ എഴുത്ത്. മണ്ണിനോടും മനുഷ്യരോടുള്ള എന്റെ ബന്ധം ദൃഢമാണ്. ബന്ധുക്കളോടും കർഷകരോടും ഗ്രാമീണരോടുമൊക്കെ എനിക്ക് വലിയ അടുപ്പമാണ്. അവരിൽ നിന്നും കിട്ടുന്ന വിഷയങ്ങൾ മാത്രമേ ഞാൻ എഴുതിയിട്ടുള്ളൂ. കെട്ടിച്ചമച്ച ബന്ധങ്ങൾ ഒരു മേഖലയിലുമില്ല. ജീവിതത്തിൽ കാണുകയും അനുഭവിക്കുകയും ചെയ്തതാണ് ഞാൻ എഴുതിയത്. നിത്യപരിചയമുള്ളവരാണ് എന്റെ കഥാപാത്രങ്ങളായി മാറുന്നത്.

### അപ്പോൾ അടുത്തറിഞ്ഞവരാണോ 'നെല്ല്' ഉൾപ്പടെയുള്ള നോവലിൽ കഥാപാത്രങ്ങളായത്

അതെ. അടുത്തിടപഴകുന്ന വരുടെ അനുഭവങ്ങളുമാണ് എന്റെ എഴുത്ത്. കാർഷിക മേഖലയുമായും കർഷകരുമായും എനിക്ക് നല്ല അടുപ്പമുണ്ടായിരുന്നു. പ്രത്യേകിച്ച് വയനാട്ടിലെ നെല്ലിനെക്കുറിച്ചും കൃഷിയെക്കുറിച്ചു മൊക്കെ നന്നായറിഞ്ഞാണ് നെല്ല് എഴുതിയത്. മൂന്നു വർഷത്തോളം വയനാട്ടിൽ ജീവിച്ചാണ് ആ നോവൽ പൂർത്തിയാക്കിയത്. വയനാടിനോട് എനിക്കുള്ള പ്രത്യേക താല്പര്യവും അതിനു കാരണമായിട്ടുണ്ട്. ആഗ്നേയം, ആൾക്കൂട്ടം കൂമൻ കൊല്ലി തുടങ്ങിയ നോവലുകളും അങ്ങനെയെഴുതിയതാണ്.



### വയനാട്ടിലേക്ക് എങ്ങിനെയാണ് എത്തിയത്

അച്ഛൻ ആദിവാസികളെ കുറിച്ച് പറഞ്ഞ് കേട്ട കഥകൾ കേട്ടപ്പോൾ വയനാട്ടിൽ പോകണമെന്ന് ആഗ്രഹിച്ചു. ക്രമേണ അവരുടെ ജീവിതത്തെകുറിച്ച് അടുത്തറിയണമെന്ന ആഗ്രഹം ശക്തമായി. വെക്കേഷനിൽ വയനാട്ടിൽ പോകുന്നത് പതിവാക്കി. പഴയ കാലാവസ്ഥകളിലെ ആദിവാസി ജീവിതം കൂടുതൽ മനസ്സിലാക്കിയത് അപ്പോഴാണ്. അന്ന് വയനാട്ടിൽ തോട്ടങ്ങൾ കുറവായിരുന്നു. നെൽ കൃഷിയായിരുന്നു കൂടുതലും. ഇന്ന് നെൽ വയലുകൾ കുറഞ്ഞു. തോട്ടങ്ങൾ ധാരാളമായി.ഇന്ന് ആദിവാസികളും ജീവിതശൈലി രോഗങ്ങൾക്ക് അടിപ്പെടുകയാണ്. പഴയ വയനാടല്ല ഇപ്പോൾ.

### കാലത്തിനനുസരിച്ച് എഴുത്തിലും മാറ്റം വന്നു കാണുമല്ലോ

എഴുത്തിൽ പഴയതെന്നോ പുതിയതെന്നോയില്ല. ഓരോരുത്തരുടേയും ചിന്താമണ്ഡലത്തേയും പ്രവൃത്തി മണ്ഡലത്തേയും ആശ്രയിച്ചിരിക്കും തീരുമാനം എന്നാണ് ഞാൻ കരുതുന്നത്. ഓരോരുത്തരുടെയും മാനസിക വ്യാപാരങ്ങളും ലോകത്തിന്റെ ചലനവും എന്നും പുതുമ നിറഞ്ഞതായിരിക്കുമല്ലോ? അത് എഴുത്തിലും പ്രതിഫലിക്കുന്നു. ഓരോ വിഷയങ്ങളോടുള്ള സമീപനമനുസരിച്ച് എഴുത്തുകാർ പ്രതികരിക്കും. അത്തരം മാറ്റങ്ങളോടുള്ള പ്രതികരണം തന്നെയാണ് ഞാനും എഴുത്തിൽ പ്രകടിപ്പിക്കുന്നത്.

### എഴുത്തിൽ ചിലർ സ്ത്രീ പക്ഷപാതം പ്രകടിപ്പിക്കുന്നതും അതുപോലെയാവും അല്ലെ?

എഴുത്തിൽ പെണ്ണും ആണുമില്ല. സ്ത്രീകളുടെ പ്രശ്നങ്ങൾ മാത്രം പറയുന്ന സാഹിത്യം മികച്ചതാണെന്ന അഭിപ്രായവും എനിക്കില്ല. ആണും പെണ്ണും എഴുതേണ്ടത് മനുഷ്യന്റെ പ്രശ്നങ്ങളാണ്.

### ഇത്തരം സാഹിത്യ സമീപനം ഇഷ്ടമില്ലെന്നാണോ

ഇവർ എല്ലാവരും എഴുതുന്നത് ഞാൻ വായിക്കാറുണ്ട്. എനിക്ക് പണ്ടേ ഏറെ ഇഷ്ടം മാധവിക്കുട്ടിയെയാണ്. സ്വന്തം അനുഭവങ്ങൾ മാത്രമേ മരിക്കും വരെ മാധവിക്കുട്ടി എഴുതിയിട്ടുള്ളൂ. അതുകൊണ്ടാകാം മാധവിക്കുട്ടിയോട് ഇഷ്ടക്കൂടുതൽ ഉണ്ടായതും. അതുപോലെ അനുഭവങ്ങളിൽ നിന്നുമാണല്ലോ ഞാനും എഴുതുന്നത്.

### ഇ - വായന സജീവമാകുന്ന കാലത്ത് എഴുത്തിലും എഴുത്തുകാരിലും മാറ്റങ്ങൾ വേണ്ടതല്ലേ

ഓരോരുത്തരുടേയും താല്പര്യമനുസരിച്ചാണ് ഇ-എഴുത്തും ഇ- വായനയുമൊക്കെ. അതെല്ലാം സ്വാഭാവികാനുഭവമായി മാറും എന്ന് ഞാൻ കരുതുന്നില്ല. പുസ്തകങ്ങളുടെയും കടലാസിന്റെയും മണമാണ് ഇപ്പോഴും എനിക്കിഷ്ടം.

### ഒട്ടേറെ പുസ്കാരങ്ങൾ ലഭിച്ചിട്ടുണ്ടല്ലോ ഭാരവാഹിത്വങ്ങളും

തീർച്ചയായും. ഞാൻ സാഹിത്യ അക്കാഡമി പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. എം. മുകുന്ദൻ സാഹിത്യ അക്കാഡമി പ്രസിഡന്റ് സ്ഥാനമൊഴിഞ്ഞപ്പോഴാണ് ഞാൻ പ്രസിഡന്റായത്. വിദേശത്ത് കഴിയുന്ന മലയാളികൾ എഴുതുമെങ്കിലും അതൊന്നും പുസ്തകങ്ങളാക്കപ്പെട്ടിരുന്നില്ല. അവരുടെ കഥകളും കവിതകളുമൊക്കെ ഉൾപ്പെടുന്ന സമാഹാരം പുറത്തിറക്കാനായി എന്നത് നേട്ടമായി കരുതുന്നു. അവരുടെ എഴുത്ത് സമാഹരിക്കപ്പെട്ടതോടെ ഒരുപാട് വിദേശ മലയാളികൾക്ക് എഴുതുവാനുള്ള ആഭിമുഖ്യവും ആത്മവിശ്വാസവും കൂടി.

### എഴുത്തുകാരെ സൃഷ്ടിക്കാൻ ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം സഹായകരമല്ലേ

എഴുത്തുകാരെ സൃഷ്ടിക്കാൻ കഴിയില്ലെങ്കിലും എഴുത്തുകാർക്ക് മികച്ച പ്രോത്സാഹനം നൽകാൻ അക്കാഡമി പോലുള്ള കൂട്ടായ്മകൾ സഹായമാകും എന്ന വിശ്വാസമുണ്ട്. കോഴിക്കോട് കേന്ദ്രമായി രൂപീകൃതമായ സാഹിത്യസമിതി എന്ന കൂട്ടായ്മയ്ക്ക് കഴിഞ്ഞ ഒന്നര ദശാബ്ദത്തിലേറെ നേതൃത്വം നൽകാൻ കഴിയുന്നതും നേട്ടമായി തന്നെയാണ് കാണുന്നത് ▪






ആർ. ശ്രീലക്ഷ്മി ഐഎഎസ്

# 736 പേർക്ക് വയനാട്ടിൽ പുതുജീവിതം



ചക്രക്കസേരയിലാണ് 12 വർഷമായി വയനാട് തൊണ്ടർനാട് പഞ്ചായത്തിലെ അമ്മുവിന്റെ ജീവിതം. ആധാർ കാർഡ് ഉൾപ്പടെ ഔദ്യോഗിക രേഖകളൊന്നും കയ്യിലില്ലാത്ത ജീവിതം. റേഷൻകാർഡ് പോലും ഇല്ലാത്തതിനാൽ സർക്കാരിന്റെ സുരക്ഷാ പെൻഷനുകളോ സാമ്പത്തിക സഹായമോ ലഭിക്കുന്നില്ല. ദുരിതപൂർണമായ ആ ജീവിതത്തിന്റെ വിധികളെ തൊണ്ടർനാട് പഞ്ചായത്തിൽ നവംബർ 9,10,11 തീയതികളിലായി നടന്ന ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ മാറ്റിമറിച്ചു. അമ്മു ഉൾപ്പടെ പട്ടികവർഗ വിഭാഗത്തിൽ പെടുന്ന 736 പേർക്ക് ഡോക്യുമെന്റേഷൻ ക്യാമ്പിലൂടെ ആധാർ, റേഷൻ കാർഡ്, തിരഞ്ഞെടുപ്പ് ഐഡി കാർഡ്, ജനന സർട്ടിഫിക്കറ്റ് ഉൾപ്പെടെ പന്ത്രണ്ടോളം വിവിധ രേഖകൾ ലഭിച്ചു. ചരിത്രപരമായ ആ കാൽവയ്പിനെക്കുറിച്ച് മാനന്തവാടി സബ് കളക്ടർ ആർ.ശ്രീലക്ഷ്മി ഐഎഎസ് എഴുതുന്നു

ഈ വർഷം ജൂലൈയിലാണ് ഞാൻ സബ് കളക്ടറായി ചുമതലയേൽക്കുന്നത്. ഓഫീസിൽ റവന്യൂ സംബന്ധമായ പതിവ് അപേക്ഷകൾക്കും പരാതികൾക്കും അപ്പുറം നീണ്ട ക്യൂ കണ്ട് അന്വേഷിക്കുമ്പോഴാണ് ആധാർ അപേക്ഷാ ഫോം അറ്റസ്റ്റ് ചെയ്യാൻ നിൽക്കുന്നവരാണെന്ന് അറിയുന്നത്. ഗോത്രവിഭാഗക്കാരായ ഇവർക്ക് ആധാർ അപേക്ഷയ്ക്കോ തിരുത്തലിനോ വേണ്ട അവശ്യരേഖകളൊന്നുമില്ലായെന്ന് വ്യക്തമായിരുന്നു. മിക്കവർക്കും മേൽവിലാസം തെളിയിക്കുന്നതിനുള്ള രേഖകളില്ല. അതിന് മറ്റു ഉദ്യോഗസ്ഥരെ സമീപിക്കേണ്ടിയിരുന്നു. ജനനത്തീയതി തെളിയിക്കാനുള്ള രേഖകളില്ലാത്തതിനാൽ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സംഘടിപ്പിക്കാൻ എനിക്ക് പലരെയും പറഞ്ഞുവിടേണ്ടിവന്നു. ഒരു ആധാർ കാർഡ് ലഭിക്കുന്നതിനായി ഗോത്ര വർഗ്ഗക്കാരായ പലർക്കും ദിവസങ്ങളോളം പല ഓഫീസുകളിലും കയറിയിറങ്ങേണ്ട ആ അവസ്ഥ എന്നെ അസ്വസ്ഥയാക്കി. ഒരു ഓഫീസിൽ കയറിയിറങ്ങുക എന്നതിനർത്ഥം അവർക്ക് ഒരു ദിവസത്തെ ജോലി ഉപേക്ഷിക്കേണ്ടിവരിക എന്ന് കൂടിയാണല്ലോ? സർക്കാർ നടപടിക്രമങ്ങൾ സംബന്ധിച്ച അറിവില്ലായ്മ കൂടിയാവുമ്പോൾ പലരും ഇതിനായി മെനക്കെടില്ല. അതിന്റെ ഫലമാകട്ടെ ഔദ്യോഗിക രേഖകളില്ലാതെ അവസാനിക്കുന്ന ജീവിതമാണ്.

2018-ലെയും 2019ലെയും പ്രളയം വയനാട്ടിലെ ഗോത്രജനതയ്ക്കും വലിയ ആഘാതമാണുണ്ടാക്കിയത്. പലർക്കും ആധാർ പോലുള്ള അടിസ്ഥാന



രേഖകളില്ലാത്തത് പ്രളയ ദുരിതാശ്വാസം നൽകുന്ന കാര്യത്തിൽ ജില്ലാധികൃതർക്ക് വെല്ലുവിളിയായി. പ്രളയത്തിലും ഉരുൾപൊട്ടലിലും ഉണ്ടായിരുന്ന രേഖകൾ നഷ്ടപ്പെട്ടത് അടിസ്ഥാന സേവനങ്ങൾ പോലും ലഭിക്കുന്നതിൽ തടസ്സങ്ങളുണ്ടാക്കി.

ഈ കാര്യങ്ങളൊക്കെ പരിഗണിച്ചപ്പോഴാണ് പട്ടികവർഗ വിഭാഗങ്ങൾക്ക് രേഖകൾ ലഭ്യമാക്കാനായി ഒരു സ്പെഷ്യൽ ക്യാമ്പ് എന്ന ആശയം ഉണ്ടായത്. എല്ലാ വകുപ്പുകളേയും ഒരു സ്ഥലത്ത് കൊണ്ടുവരാനായാൽ ഇവർക്ക് തത്സമയം തന്നെ രേഖകൾ നൽകാനാവും. ഈ രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതും അതുപോലെ പ്രധാന മായിരുന്നു. കാരണം പ്രളയ ത്തിനും ഉരുൾപൊട്ട ലിനുമൊക്കെ എപ്പോൾ വേണമെങ്കിലും അടിപ്പെടാവുന്ന അവസ്ഥയിലാണ് പല പട്ടികവർഗ കുടുംബങ്ങളും താമസിക്കുന്നത്. മുൻപ്രളയങ്ങളിൽ പലരുടേയും റേഷൻ കാർഡും ഐഡി കാർഡുമൊക്കെ നഷ്ടപ്പെട്ട അനുഭവവുമുണ്ടല്ലോ. ഡിജിറ്റലൈസ് ചെയ്യുന്നതോടെ രേഖകൾ നഷ്ടപ്പെട്ടാലും തിരിച്ചെടുക്കാം. ഒരു പഞ്ചായത്തിലെ പട്ടികവർഗജനതയുടെ രേഖകളെല്ലാം ഡിജിലോക്കറിൽ അപ്ഡേറ്റ് ചെയ്താൽ ആ പഞ്ചായത്തിനെ ഡിജിറ്റൽ സുരക്ഷിത പഞ്ചായത്തായി പ്രഖ്യാപിക്കാനുമാവും.

ജില്ലാ കളക്ടർ എ.ഗീതയോട് സംസാരിച്ചപ്പോൾ എല്ലാ സഹകരണവും മാർഗനിർദേശവും വാഗ്ദാനം ചെയ്തു. ഐടി മിഷൻ ഡയറക്ടർ സ്നേഹിൽ കുമാർ സിങ്ങ് തുടക്കത്തിൽ ഒരു പൈലറ്റ് പ്രോജക്റ്റായി മൂന്ന് പഞ്ചായത്തുകളിൽ ക്യാമ്പുകൾ സംഘടിപ്പിക്കാൻ നിർദ്ദേശിച്ചു. ഐ.ടി മിഷൻ ഡിപിഎം നിവേദ് എസ്, ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ ജി പ്രമോദ്, ഫിനാൻസ് ഓഫീസർ ദിനേശൻ തുടങ്ങിയവരുടെ മികച്ച പിന്തുണ ലഭിച്ചു. അങ്ങനെ വിവിധ വകുപ്പുകൾ ഒരേ മനസ്സോടെ ഒരുമിച്ചതോടെ തൊണ്ടർനാട് പഞ്ചായത്തിൽ ക്യാമ്പ് നടത്താൻ അരങ്ങൊരുങ്ങി.

ജനപ്രതിനിധികളുടെ സഹകരണത്തോടെ ക്യാമ്പിനെക്കുറിച്ചുള്ള വിവരം എല്ലാവരിലും എത്തിച്ചു. രേഖകൾ സ്വന്തമാക്കേണ്ടതിന്റെ പ്രാധാന്യം അവരെ ബോധ്യപ്പെടുത്തി. ഒടുവിൽ രേഖകൾ നൽകുന്നതിനായി 14 കൗണ്ടറുകളും ഒരു ഹെൽപ്പ് ഡെസ്കും ഡിജിലോക്കർ സ്കാനിങ്ങിനും അപ്ലോഡിങ്ങിനുമായി രണ്ട് കേന്ദ്രങ്ങളും ഒരുക്കി.

736 പേർക്കാണ് ഈ ക്യാമ്പിലൂടെ പുതുജീവിതം ലഭിച്ചത്. 92 പേർക്ക് റേഷൻ കാർഡുകൾ, 220 പുതിയ ആധാർ കാർഡുകൾ, 264 ജനന സർട്ടിഫിക്കറ്റുകൾ, 121 പേർക്ക് ആരോഗ്യ ഇൻഷുറൻസ് എന്നിങ്ങനെ ക്യാമ്പിൽ പങ്കെടുത്തവർക്കെല്ലാം ജീവിത രേഖകൾ സ്വന്തമായി. അങ്ങനെ നിറഞ്ഞ മനസ്സോടെയാണ് ഞാനുൾപ്പെടെ ഉള്ളവർ ക്യാമ്പിൽനിന്ന് മടങ്ങിയത്.



സമൂഹത്തിലെ ഏറ്റവും അവശത അനുഭവിക്കുന്ന ഒരു ജനതയ്ക്കു നൽകിയ സഹായമായല്ല, മറിച്ച് ഒരു ഉദ്യോഗസ്ഥയെന്ന നിലയ്ക്കുള്ള കടമ നിർവഹിക്കുന്നതിലെ ചാരിതാർഥ്യ മായിരുന്നു മനസ്സ് മുഴുവൻ. ഊർജ സ്വലതയോടെ ഈ പ്രത്യേക ക്യാമ്പയിൻ മുന്നോട്ടു കൊണ്ടുപോകു ന്നതിനുള്ള പ്രചോദനമാണ് തൊണ്ടർനാട് നൽകിയിരിക്കുന്നത്. കേരളം മുഴുവൻ പാർശ്വവൽകൃതരായവർക്കു ഇത്തരം ക്യാമ്പയിനുകൾ ഉപകരിക്കട്ടെ. ■



**എല്ലാമേഖലയിലും സ്ത്രീസമത്വം ഉറപ്പാക്കാനാണ് പുരോഗമനപ്രസ്ഥാനങ്ങളും സർക്കാരും ശ്രമിക്കുന്നത്. ആൺകുട്ടികൾക്കൊപ്പമോ അതിനേക്കാൾ ഉപരിയായോ സ്നേഹം കൊടുത്തു പെൺകുട്ടികളെ വളർത്തുന്നവരാണ് മലയാളികൾ. അവർക്കു മുന്നിലാണ് സീരിയലുകൾ യുക്തിക്കു നിരക്കാത്ത കള്ളക്കഥകൾ വിളമ്പുന്നത്**

# മാറണം യുക്തിക്കു നിരക്കാത്ത കള്ളക്കഥകൾ




**ആർ .ശരത്**
2021 ലെ സംസ്ഥാന ടെലിവിഷൻ അവാർഡ് ജൂറി ചെയർമാൻ


പരമ്പരകളിലേയും ടെലിഫിലിമുകളിലെയും പ്രതിഭകളുടെ തട്ടകമായിരുന്നു ഒരുകാലത്ത് ദൂരദർശൻ. ഇന്നത്തെ പലസംവിധായകരുടേയും സാങ്കേതികവിദഗ്ദരുടേയും വളർച്ചയും ഇവിടെനിന്നായിരുന്നു. ദൂരദർശനിൽ പ്രക്ഷേപണം ചെയ്ത വിലപ്പെട്ട സാഹിത്യകൃതികളുടെ ദൃശ്യാവിഷ്കാരം മലയാളത്തിന്റെ സാഹിത്യലോകത്തും അക്കാലത്ത് ചലനം സൃഷ്ടിച്ചു. സ്വന്തം രചനകൾ ദൂരദർശനിൽ പാരമ്പരകളായി വരുന്നത് വലിയ യോഗ്യതയായി കണ്ടതോടെ പല സാഹിത്യകാരന്മാരും പ്രതിഫലം പോലും ഉപേക്ഷിച്ചു. പലരും കഥകളും നോവലുകളും പരമ്പരകളാക്കാൻ സംവിധായകർക്ക് നിരുപാധികം അനുമതി നൽകി. ചലച്ചിത്ര രംഗത്തേക്ക് പ്രവേശിക്കാൻ കഴിയാതിരുന്നവരുടെ അഭയകേന്ദ്രവും മത്സരവേദിയും കൂടിയായിരുന്നു അക്കാലത്ത് ദൂരദർശൻ. അതുകൊണ്ടുതന്നെ നിലവാരമുള്ള പരിപാടികളും കഥകളും നിരന്തരം സംപ്രേഷണം ചെയ്യാൻ ദൂരദർശന് സാധിച്ചു. അതോടെ സ്ത്രീകളും കുട്ടികളുമടക്കമുള്ളവർ ദൂരദർശൻ പരിപാടികളുടെ സ്ഥിരം പ്രേക്ഷകരായി.

ഈ സാഹചര്യത്തിലാണ് കലാമൂല്യവും സാങ്കേതികമികവും സാമൂഹ്യ പ്രതിബദ്ധതയുമുള്ള കലാസൃഷ്ടികളെ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ടെലിവിഷൻ അവാർഡ് ഏർപ്പെടുത്തിയത്. ഉന്നതനിലവാരവും കലാമൂല്യവും സാങ്കേതിക മികവും പുലർത്തുന്ന സൃഷ്ടികൾ ആയിരുന്നു തുടക്കം മുതൽ അവാർഡ് എൻട്രികളായി എത്തിയിരുന്നത്. എല്ലാം ഒന്നിനൊന്നു മികച്ചവ ആയിരുന്നതിനാൽ അതിൽ നിന്നും ഒന്നോ രണ്ടോ സൃഷ്ടികൾക്ക് സമ്മാനം നൽകുകയെന്നത് അക്കാലത്ത് ജൂറി അംഗങ്ങൾക്കും വെല്ലുവിളിയായിരുന്നു. പിന്നീട് മലയാളത്തിലും നിരവധി സ്വകാര്യ ടെലിവിഷൻ ചാനലുകൾ വന്നു. പലരും മികച്ച പരമ്പരകൾ നിർമ്മിച്ചു. ചിലരാകട്ടെ ഈ രംഗത്തെ കണ്ണീർക്കഥകളുടെ കൂടാരമാക്കി. എങ്കിലും ഒരു പതിറ്റാണ്ടു മുൻപ് അവാർഡ് ജൂറിയിൽ അംഗമായിരുന്ന നടി സിതാര എൻട്രികളായി എത്തിയ കഥകൾ കണ്ട ശേഷം പറഞ്ഞത് ''ഈ ടെലിഫിലിമുകൾ പലതും സിനിമയെപ്പോലെ തന്നെ

ഭ്രമിപ്പിക്കുന്നു'' എന്നാണ്. പക്ഷെ നിലവാര തകർച്ചയുടെ അടയാളമായി ടെലിവിഷൻ സീരിയലുകൾ മാറുന്ന ദയനീയതയിലേക്കുള്ള കൂപ്പുകുത്തലിനു ഒരു പതിറ്റാണ്ടിനു ശേഷം ജൂറി ചെയർമാനായ ഞാൻ അടക്കം എല്ലാവരും സാക്ഷിയാവുകയാണ്.

സമൂഹത്തിൽ പുരോഗമനചിന്തയും സമത്വവും സ്നേഹവും സാമൂഹ്യനീതിയും പ്രസരിപ്പിക്കുന്നതിൽ നമ്മുടെ കലയും സാഹിത്യവും പുലർത്തിയ സാമൂഹ്യ പ്രതിബദ്ധതയും സംഭാവനകളും അവിസ്മരണീയമാണ്. അതാണ് കേരളത്തിന്റെ കലാരംഗത്തെ വ്യത്യസ്തമാക്കുന്നതും. പ്രത്യേകിച്ചും നീതിബോധവും പാർശ്വവത്കൃത സമൂഹത്തിനോടുള്ള കടപ്പാടും കാലഘട്ടം ആവശ്യപ്പെടുന്നുണ്ട്. അവയെല്ലാം തമസ്കരിച്ചു കൊണ്ടാണ് സീരിയൽ നിർമ്മാതാക്കളുടെ യാത്ര. സ്ത്രീകളുടേയും കുട്ടികളുടേയും നേർക്കുള്ള അതിക്രമങ്ങൾ ഒരുവശത്ത് വാർത്തകളായി ആഘോഷിക്കുമ്പോൾ മറുവശത്ത് പ്രോഗ്രാം ചാനലുകൾ പലസീരിയലുകളിലും സ്ത്രീകളേയും കുട്ടികളേയും മോശമായി ചിത്രീകരിക്കുന്നതിൽ മത്സരിക്കുകയാണ്. മിക്ക സീരിയലുകളിലും സ്ത്രീ കഥാപാത്രങ്ങളുടെ പ്രധാനജോലി വീടിനുള്ളിൽ വഴക്കുണ്ടാക്കുകയും കണ്ണുനീർ തുടയ്ക്കുകയും വഴിവിട്ടബന്ധങ്ങളുടെ ഇരകളായി മാറുകയുമാണ്. ദൗർഭാഗ്യവശാൽ യാതൊരു ചിന്താശേഷിയുമില്ലാതെ ജീവിക്കുന്നവരാണ് നമ്മുടെ സീരിയലുകളിലെ നാരീമണികൾ. അവർക്ക് സ്വന്തമായി തൊഴിലോ തൊഴിലിടമോ വീടുവിട്ട് എന്തെങ്കിലും പ്രവർത്തനമോ ഇല്ലന്നാണ് കഥകളിലെ വ്യാഖ്യാനം. സ്ത്രീകളിലെ നന്മയെയോ പരിശ്രമങ്ങളെയോ മിക്ക കഥകളിലും കണ്ടെന്നുപോലും നടിക്കാറില്ല.

എല്ലാമേഖലയിലും സ്ത്രീസമത്വം ഉറപ്പാക്കാനാണ് പുരോഗമനപ്രസ്ഥാനങ്ങളും സർക്കാരും ശ്രമിക്കുന്നത്. ആൺകുട്ടികൾക്കൊപ്പമോ അതിനേക്കാൾ ഉപരിയായോ സ്നേഹം കൊടുത്തു പെൺകുട്ടികളെ വളർത്തുന്നവരാണ് മലയാളികൾ. അവർക്കു മുന്നിലാണ് സീരിയലുകളിലും മറ്റും യുക്തിക്കു നിരക്കാത്ത കള്ളക്കഥകൾ വിളമ്പുന്നത്. അവിഹിതവും ഏഷണികളും മാത്രം ഉള്ളതാണ് സ്ത്രീജീവിതമെന്ന കാഴ്ചപ്പാട് അവതരിപ്പിക്കുന്നതും പുരോഗമന കേരളത്തിന്റെ സായം സന്ധ്യകളിലേക്കാണ്. നമ്മുടെ പുരോഗമന ചിന്തകളെ പിന്നോട്ടടിക്കുന്ന ഇതിവൃത്തവും ഉള്ളടക്കവും ഡയലോഗുകളുമാണ് മിക്ക സീരിയലുകളിലും. ഈ വിധത്തിൽ മൂല്യ ശോഷണം എങ്ങിനെ ഈ രംഗത്ത് ഉണ്ടാകുന്നു എന്ന അന്വേഷണം നമ്മളെ എത്തിക്കുന്നതാകട്ടെ രസകരമായ അണിയറ വിശേഷങ്ങളിലേക്കാണ്.

മികച്ച നടീനടൻമാരും സാങ്കേതിക വിദഗ്ധരും സീരിയൽ രംഗത്തു പ്രവർത്തിക്കുന്നുണ്ട്. അവരിൽ പലർക്കും സീരിയലുകൾ ഉയർത്തിവിടുന്ന പൈങ്കിളിവിചാരങ്ങളെക്കുറിച്ചു നല്ല ബോധ്യവുമുണ്ട്. എന്നാൽ പലരും നിസ്സഹായരാണ്. ആസ്വാദന നിലവാരം താഴേക്കുകൊണ്ടുപോവാനുള്ള കടുത്ത മത്സരത്തിൽ തട്ടിക്കൂട്ട് നിലവാരത്തിലേക്ക് ഇവരെല്ലാം ചെന്നുപെട്ടിരിക്കുകയാണ്. വൃദ്ധജനങ്ങളും അമ്മമാരുമൊക്കെ ഇത്തരം ചവറുകഥകളുടെ അടിമകളാണെന്നു ആരൊക്കെയോ തീരുമാനിക്കുന്നു. അവരെ ചെലവുകുറഞ്ഞ സെന്റിമെൻസുകൾ കൊണ്ട് തളച്ചിടാമെന്ന മനഃശാസ്ത്രമാണ് ഇവിടെ മാർക്കറ്റിങ് തന്ത്രമായി മിക്ക ചാനലുകളും പയറ്റുന്നത്.

സീരിയലുകളുടെ മറുവശത്ത് ഏറ്റവും സജീവമായി നിലകൊള്ളുന്നതാണ് നമ്മുടെ സിനിമാ രംഗം. അവിടം നിരന്തര മാറ്റങ്ങൾക്ക് വിധേയമാകുകയാണ്. അതിന്റെ ഗുണഫലങ്ങളും മലയാള സിനിമ സൗഭാഗ്യമായി അനുഭവിക്കുന്നുണ്ട്. എന്നാൽ സിനിമയിലെ പുതിയ പ്രമേയങ്ങളും പരീക്ഷണങ്ങളും സാങ്കേതികമികവും മിനിസ്ക്രീൻ നിർമ്മാതാക്കൾ കണ്ടില്ലെന്ന് നടിക്കുകയാണ്.

വർത്തമാനകാലത്ത് സീരിയലുകളും ടെലിഫിലിമുകളും നിർമ്മിക്കുന്നവർ സാമ്പത്തിക പ്രതിസന്ധി ഉൾപ്പടെയുള്ള പല സമ്മർദ്ദങ്ങളും നേരിടുന്നുണ്ടാകാം. എന്നാൽ ഒരു പുരസ്കാര നിർണ്ണയ സമിതിക്കു മുൻപാകെ അത്തരം ന്യായവാദങ്ങൾ നിരത്തുന്നതിൽ അർത്ഥമില്ല. കാരണം കലാമൂല്യവും സാങ്കേതികമൂല്യവുമുള്ള സൃഷ്ടികൾക്കാണ് നിർദ്ദേശപ്രകാരം ജൂറി പുരസ്കാരം നൽകേണ്ടത്. ഒരേ ലൊക്കേഷനും ഒരേ ക്ലൈമാക്സും മോശമായ ഭാഷാപ്രയോഗവും ഡബ്ബിങ് ആർട്ടിസ്റ്റുകളുടെ കൂട്ടക്കരച്ചിലുമെല്ലാം ആർക്കും മടുപ്പുളവാക്കുന്നതാണെന്ന് പറയാതിരിക്കാനാകില്ല.

അതുകൊണ്ടു തന്നെയാണ് സർക്കാർ ഇക്കുറി മികച്ച സീരിയൽ, രണ്ടാമത്തെ സീരിയൽ, സംവിധായകൻ, കലാസംവിധായകൻ, കഥാകൃത്ത് എന്നിവർക്ക് അവാർഡ് നൽകാതിരുന്നത്. ജൂറിയുടെ തീരുമാനത്തെ സർക്കാർ പൂർണ്ണമായുംപിന്തുണച്ചത് നമ്മുടെ സീരിയൽ രംഗം മെച്ചപ്പെടണമെന്ന ആത്മാർഥമായ ആഗ്രഹത്തിന്മേലാണ്. കലാമൂല്യവും സാമൂഹിക പ്രതിബദ്ധതയുമുള്ള സീരിയലുകൾ നിർമ്മിക്കാൻ ഈ തീരുമാനം വഴിവച്ചേക്കും. സ്ത്രീകളേയും കുട്ടികളേയും ഏറെ ആകർഷിക്കുന്ന ടെലിവിഷൻ പരിപാടികളും പ്രമേയത്തിലും അവതരണത്തിലും സ്വാഭാവികതയും പുതുമയുമുള്ള സീരിയലുകളും നിർമിക്കാൻ ചാനലുകളും അണിയറ പ്രവർത്തകരും ശ്രദ്ധിക്കണമെന്നാണ് സാസ്കാരിക മന്ത്രിയുടെ പക്ഷം. ചാനലുകൾ സ്വയം ഒരു സെൻസർഷിപ്പിന് തയ്യാറാകുകയും മാറ്റത്തിന് മുന്നിട്ടിറങ്ങുകയും വേണമെന്ന് സർക്കാർ തന്നെ നിർദേശിക്കുമ്പോൾ ഇനിയുള്ള നാളുകളിൽ ഈ രംഗം സ്വയം ഒരു ശുദ്ധികലശത്തിനു വിധേയമാകുമെന്ന് പ്രതീക്ഷിക്കാം.

**ആസ്വാദനത്തിന്റെ അളവുകോൽ എന്തുതന്നെയായാലും മാനവരാശിയെ മുന്നോട്ടു നയിക്കാൻ പ്രേരിപ്പിക്കുന്നവയാകണം കലാസൃഷ്ടികൾ**

ആസ്വാദനത്തിന്റെ അളവുകോൽ എന്തുതന്നെയായാലും മാനവരാശിയെ മുന്നോട്ടു നയിക്കാൻ പ്രേരിപ്പിക്കുന്നവയാകണം കലാസൃഷ്ടികൾ. അല്ലാതെ നേരമ്പോക്കിന് വേണ്ടിയും ജീവിതസായാഹ്നം ചെലവഴിക്കുന്നവർക്ക് വേണ്ടിയും മുന്നിൽ സ്വിച്ചിട്ടാൽ ഒച്ചവയ്ക്കുന്ന ഒരു ഉപകരണം മാത്രമാക്കി ടെലിവിഷനെ ചുരുട്ടിക്കെട്ടാൻ ശ്രമിക്കുന്നവർ അറുപതുകളിൽ നിരവധി ടെലിവിഷൻ അവാർഡുകൾ വാരിക്കൂട്ടിയ 96കാരിയായ നടി എഞ്ചില ലാൻബെറി പറഞ്ഞ ഈ വരികൾ ഓർക്കുക.''സ്വപ്നം കാണുന്നതിൽ പോലും നാം പുതുമ ഉറപ്പുവരുത്തണം. കാരണം ജീവിതത്തിന്റെ പ്രതീക്ഷയാണ് സ്വപ്നങ്ങൾ''. ▪

ശാസ്ത്ര
ലോകത്തെ
കേരളീയ പ്രതിഭ
ഡോ.ഇ.കെ.
ജാനകിഅമ്മാളുടെ
125-ാം
ജന്മവാർഷികം

# ജാനകിഅമ്മാൾ എന്ന പൂമരം





**അജിത് വെണ്ണിയൂർ**

2019 ജൂൺ അഞ്ച്. ആഗോള പരിസ്ഥിതിദിനം. സസ്യങ്ങളെയും പ്രകൃതിയെയും ഹൃദയത്തോട് ചേർത്തുപിടിച്ച ഒരു ശാസ്ത്രജ്ഞയുടെ പേര് പുതുതായി വികസിപ്പിച്ചെടുത്ത സങ്കരയിനം പനിനീർചെടിക്ക് നൽകിക്കൊണ്ടാണ് ആ ദിനം യു.കെയിലെ ജോൺ ഇന്നസ് ഹോർട്ടികൾച്ചർ ഇൻസ്റ്റിറ്റ്യൂട്ടും ലണ്ടൻ റോയൽ ഹോർട്ടികൾച്ചർ സൊസൈറ്റിയും ആഘോഷിച്ചത്. അതൊരു മലയാളിയായിരുന്നു.
ഡോ.ഇ.കെ. ജാനകിഅമ്മാൾ. ശാസ്ത്രവിഷയത്തിൽ ഡോക്ടറേറ്റ് നേടിയ ആദ്യ ഭാരതീയ വനിതാശാസ്ത്രജ്ഞ; രാജ്യത്തെ ആദ്യ സസ്യശാസ്ത്രജ്ഞയും.

ഒരു പൂമരം കൂടി ജാനകി അമ്മാളുടെ പേരിലുണ്ട് 'മഗ്നോളിയ കൊബുസ് ജാനകിഅമ്മാൾ. ഇംഗ്ലണ്ടിൽ ഗവേഷണം നടത്തവെ അവർ തന്നെ വികസിപ്പിച്ചെടുത്ത പൂമരത്തിനാണ് 1940-കളിൽ ഡോ. ജാനകിഅമ്മാൾ പ്രവർത്തിച്ചിരുന്ന ജോൺ ഇന്നസ് ഗവേഷണസ്ഥാപനം ആ പേരിട്ടത്.

സസ്യജാലവൈവിധ്യത്തിൽ സർവവിജ്ഞാന കോശമായിരുന്നു ഇടവലത്ത് കക്കാട്ടു ജാനകി എന്ന ഇ.കെ.ജാനകിഅമ്മാൾ. ധാന്യവിളകൾ, പൂന്തോട്ട സസ്യങ്ങൾ, തോട്ടവിളകൾ, ഔഷധസസ്യങ്ങൾ, വന്യ സസ്യജാലങ്ങൾ, ഗോത്ര ഔഷധസസ്യങ്ങൾ എന്നിങ്ങനെ എല്ലാതരം സസ്യങ്ങളും അവരുടെ പഠന ഗവേഷങ്ങളിലുൾപ്പെട്ടു. ഉഷ്ണമേഖലാ സസ്യങ്ങളായിരുന്നു ഇഷ്ടവിഷയമെങ്കിലും ബ്രിട്ടീഷ് സസ്യങ്ങളെക്കുറിച്ച് അവർക്കുണ്ടായിരുന്ന അവഗാഹം യൂറോപ്യൻ ശാസ്ത്രജ്ഞരെപ്പോലും വിസ്മയിപ്പിച്ചു. പ്രശസ്ത സസ്യശാസ്ത്രജ്ഞൻ സി.ഡി. ഡാർളിങ്ടണുമായി ചേർന്ന് അവർ രചിച്ച ഗ്രന്ഥം 'ദ് ക്രോമസോം അറ്റ്ലസ് ഓഫ് കൾട്ടിവേറ്റഡ് പ്ലാന്റ്സ്' ആണ് ഇന്നും ആ വിഷയത്തിൽ ഏറ്റവും ആധികാരികമായ റഫറൻസ് പുസ്തകം

## സസ്യവിജ്ഞാനീയത്തിൽ വൻമുന്നേറ്റങ്ങൾ

അന്യം നിന്നുപോകുന്ന സസ്യവർഗങ്ങളെ സംരക്ഷിക്കാനും മികച്ചയിനങ്ങൾ വികസിപ്പിച്ചെടുക്കാനുമുള്ള ഗവേഷണ-പരീക്ഷണങ്ങൾക്ക് ജീവിതം സമ്പൂർണമായി സമർപ്പിച്ച ശാസ്ത്രജ്ഞയായിരുന്നു ജാനകിഅമ്മാൾ. പുരുഷന്മാരുടെ കുത്തകയായിരുന്ന ശാസ്ത്രഗവേഷണ മേഖലയിൽ അത്യന്തം രൂക്ഷമായ എതിർപ്പുകളെ അതിജീവിച്ചാണ് അവർ പ്രതിഭ തെളിയിച്ചത്. ഭാരതത്തിൽ വംശീയ സസ്യവിജ്ഞാനം എന്ന ശാസ്ത്രശാഖയ്ക്ക് തുടക്കം കുറിച്ചത് ജാനകിഅമ്മാളാണ്. സസ്യപുഷ്പിസസ്യങ്ങളുടെ ക്രോമസോമുകൾ കണ്ടെത്തുന്നതിൽ വിദഗ്ധയായിരുന്നു അവർ. ആയിരക്കണക്കിന് സസ്യങ്ങളിൽ സൂക്ഷ്മദർശിനിയിലൂടെ അവർ നടത്തിയ നിരീക്ഷണത്തിലൂടെ, പരിണാമപ്രക്രിയയിൽ ക്രോമസോമുകളുടെ പങ്കും പ്രാധാന്യവും തിരിച്ചറിഞ്ഞു. കൃത്രിമമായി ക്രോമസോമുകളുടെ എണ്ണം വർധിപ്പിച്ച് ഉത്പാദനക്ഷമത കൂടിയ സസ്യങ്ങളെ

വികസിപ്പെടുക്കുന്നതിന് അത് വഴിയൊരുക്കി. ഭക്ഷ്യക്ഷാമം രൂക്ഷമായിരുന്ന ആ കാലഘട്ടത്തിൽ കാർഷികമേഖലയിൽ വൻ പരിവർത്തനമാണ് അതിലൂടെയുണ്ടായത്.

ഇന്ത്യയിൽ മധുരംകൂടിയ സങ്കരയിനം കരിമ്പ് വികസിപ്പിച്ചെടുത്തതാണ് ജാനകിഅമ്മാളുടെ എടുത്തു പറയത്തക്ക മറ്റൊരു ഗവേഷണനേട്ടം. വ്യത്യസ്ത ജനുസ്സുകളിൽപ്പെട്ട സപുഷ്പിസസ്യങ്ങളുടെ ഒരു സങ്കരയിനം ലോകത്ത് ആദ്യമായി വികസിപ്പിച്ചെടുത്ത ശാസ്ത്രജ്ഞയെന്ന അപൂർവബഹുമതിയും അവർക്ക് സ്വന്തം. ബൊട്ടാണിക്കൽ സർവേ ഓഫ് ഇന്ത്യയുടെ പ്രഥമ വനിതാമേധാവിയായിരുന്നു ജാനകിഅമ്മാൾ. ഇംഗ്ലണ്ടിൽ ഗവേഷകയായിരിക്കെ ആകസ്മികമായി കണ്ടുമുട്ടിയ അന്നത്തെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്രുവിന്റെ ക്ഷണം സ്വീകരിച്ചാണ് 1951 ൽ അവർ ഇന്ത്യയിൽ തിരിച്ചെത്തി ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയായി ചുമതല ഏറ്റെടുത്തത്. 1951 ൽ കോമൺവെൽത്ത് പ്രധാനമന്ത്രിമാരുടെ സമ്മേളനത്തിനെത്തിയ ഇന്ത്യൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ബഹുമാനാർത്ഥം ലണ്ടനിലെ ഇന്ത്യൻ ഹൈകമ്മിഷൻ ഇന്ത്യാ ഹൗസിൽ സംഘടിപ്പിച്ച യോഗത്തിൽ ജാനകിഅമ്മാളെയും ക്ഷണിച്ചിരുന്നു. അതാണ് അവരുടെ ജീവിതത്തിൽ മറ്റൊരു വഴിത്തിരിവായത്.

ബൊട്ടാണിക്കൽ സർവേ ഓഫ് ഇന്ത്യയുടെ പ്രവർത്തനങ്ങൾ ഉടച്ചുവാർത്ത അവർ ഒട്ടേറെ നൂതന സംരംഭങ്ങൾക്ക് രൂപം നൽകി. ഓരോ സർവകലാശാലയോടും ചേർന്ന് പഠനാവശ്യത്തിനുള്ള സസ്യോദ്യാനങ്ങൾ സൃഷ്ടിക്കാനുള്ള പരിശ്രമങ്ങൾക്ക് തുടക്കം കുറിച്ചത് അക്കാലത്താണ്. ആദിവാസികൾ ആരോഗ്യപരിരക്ഷയ്ക്ക് ഉപയോഗിക്കുന്ന ഔഷധസസ്യങ്ങൾ ശേഖരിച്ച് ഗവേഷണം നടത്തുന്നതിന് പ്രോത്സാഹനം നൽകി ഔഷധസസ്യസംരക്ഷണത്തിനുള്ള ഉദ്യമങ്ങൾക്ക് അത് കാരണമായി. മരങ്ങൾ വെട്ടിനശിപ്പിക്കുന്നതുമൂലം വംശനാശം സംഭവിക്കുന്ന സസ്യജാലങ്ങളെക്കുറിച്ചുള്ള അവരുടെ ഗവേഷണം സർക്കാരിന്റെ നയംമാറ്റങ്ങൾക്കും പൊതുഅവബോധം ഉയർത്തുന്നതിനും വഴിയൊരുക്കി. സെൻട്രൽ നാഷണൽ ഹെർബേറിയത്തിന് രൂപം നൽകി. 1954 ൽ കേന്ദ്ര സസ്യശാസ്ത്രഗവേഷണശാല സ്ഥാപിച്ചപ്പോൾ ജാനകി അമ്മാൾ അതിന്റെയും പ്രഥമ ഡയറക്ടർ ആയി.

സൈലന്റ് വാലിയിലെ കുന്തിപ്പുഴയിൽ ജലവൈദ്യുതപദ്ധതി സ്ഥാപിക്കാനുള്ള നീക്കം നടന്നപ്പോഴാണ് കേരളത്തിലെ പുതിയ തലമുറ ഒരുപക്ഷെ ആദ്യമായി ജാനകിഅമ്മാൾ എന്ന മലയാളി ശാസ്ത്രജ്ഞയുടെ പ്രതിഭയും പ്രതിബദ്ധതയും തിരിച്ചറിഞ്ഞത്. എഴുപത്തിയഞ്ചാം വയസ്സിൽ അവർ ആ നിശ്ശബ്ദതാഴ്‌വരയിലുള്ള അപൂർവയിനം സസ്യങ്ങളുടെ കോശപഠനം നടത്തി. വംശനാശഭീഷണി നേരിടുന്ന അനേകം സസ്യജാലങ്ങളെയും അവയെ ആശ്രയിച്ചുജീവിക്കുന്ന ജന്തുക്കളെയും കണ്ടെത്തി. ജാനകിഅമ്മാളുടെ ആ പരിശ്രമമാണ് സൈലന്റ് വാലി പദ്ധതി ഉപേക്ഷിക്കാനും ദേശീയോദ്യാനമായി ആ താഴ്‌വരയെ സംരക്ഷിക്കാനുമുള്ള പോരാട്ടങ്ങൾക്കും പഠനറിപ്പോർട്ടുകൾക്കും ശാസ്ത്രീയാടിത്തറ പാകിയത്.

> **അന്യം നിന്നുപോകുന്ന സസ്യവർഗങ്ങളെ സംരക്ഷിക്കാനും മികച്ചയിനങ്ങൾ വികസിപ്പിച്ചെടുക്കാനുമുള്ള ഗവേഷണ–പരീക്ഷണങ്ങൾക്ക് ജീവിതം സമ്പൂർണമായി സമർപ്പിച്ച ശാസ്ത്രജ്ഞയായിരുന്നു ജാനകിഅമ്മാൾ**

## സമർപ്പിതജീവിതം

1897 നവംബർ 4ന് തലശ്ശേരിയിലാണ് ഇ.കെ.ജാനകി ജനിച്ചത്. മദ്രാസ് പ്രസിഡൻസിയിൽ സബ്ജഡ്ജിയായിരുന്നു അച്ഛൻ ഇ.കെ.കൃഷ്ണൻ. ഏതു ജാതിയിൽപ്പെട്ട സ്ത്രീകൾക്കും ഉന്നതവിദ്യാഭ്യാസം നിഷിദ്ധമായിരുന്ന കാലത്താണ് പിന്നാക്ക സമുദായാംഗമായിരുന്ന ജാനകി സാമൂഹികവിലക്കുകൾ ഭേദിച്ച് ശാസ്ത്രവിദ്യാഭ്യാസത്തിൽ മുന്നേറിയത്. തലശ്ശേരിയിലെ സേക്രഡ്ഹാർട്ട് കോൺവെന്റ്, മദ്രാസിലെ ക്വീൻമേരീസ് കോളേജ്, പ്രസിഡൻസി കോളജ് എന്നിവിടങ്ങളിലായിരുന്നു പഠനം. പഠിക്കുമ്പോൾതന്നെ മദ്രാസുകാരുടെ സ്നേഹഭാജനമായിരുന്നു അവർ. ഇ.കെ.ജാനകി 'ജാനകിഅമ്മാൾ' ആയത് അങ്ങനെയാണ്. 1921ൽ സസ്യശാസ്ത്രത്തിൽ ഓണേഴ്സ് ബിരുദം നേടി. തുടർന്ന് മദ്രാസ് വിമൻസ് ക്രിസ്ത്യൻകോളജിൽ അധ്യാപികയായി. 1928 ൽ ബാർബോർ റിസർച്ച് സ്കോളർഷിപ്പോടെ അമേരിക്കയിലെ മിഷിഗൺ യൂണിവേഴ്സിറ്റിയിൽ ഗവേഷണത്തിന് പ്രവേശനം ലഭിച്ചു. അവിടെ നിന്ന് 1931ൽ ഡോക്ടറേറ്റ് നേടി. അമേരിക്കയിൽ നിന്ന് സസ്യശാസ്ത്രത്തിൽ പിഎച്ച്.ഡി എടുത്ത പ്രഥമ ഭാരതീയ വനിത എന്ന ബഹുമതിക്കും ജാനകി അമ്മാൾ അർഹയായി. പൗരസ്ത്യദേശങ്ങളിൽ ബാർബോർ ഫെല്ലോഷിപ്പ് നേടിയ ആദ്യത്തെ ഗവേഷക എന്ന ബഹുമതിയും ജാനകിഅമ്മാൾക്കുതന്നെ.

മികച്ച അക്കാദമികനേട്ടങ്ങളുമായി ഭാരതത്തിലേക്കു മടങ്ങിവന്ന ജാനകി അമ്മാളിനെ തിരുവനന്തപുരം മഹാരാജാസ് കോളേജിലെ പ്രഥമ ബോട്ടണി പ്രൊഫസർ എന്ന പദവി നല്കി കേരളം സ്വീകരിച്ചു. എന്നാൽ ഗവേഷണത്തിനു യാതൊരു സാധ്യതയുമില്ലാത്ത ആ ജോലി ഉപേക്ഷിച്ച് 1934 ൽ അവർ കോയമ്പത്തൂർ കരിമ്പ് ഗവേഷണകേന്ദ്രത്തിൽ ചേർന്നു. കണ്ണൂരിൽ കരിമ്പു ഗവേഷണ കേന്ദ്രത്തിന്റെ ആധാരശില ജാനകി അമ്മാളിന്റെ ഗവേഷണങ്ങളാണ്. മണിച്ചോളത്തിലെ കോശവിഭജനത്തിലൂടെ ക്യാൻസറിന്റെ കാരണങ്ങളും അവർ പഠനവിധേയമാക്കി. ശതാവരി മുളക്, പേര, കന്നുകാലി തീറ്റക്കുപയോഗിക്കുന്ന തൃണജാതികൾ, കടുക് മുതലായ വ്യാവസായിക പ്രാധാന്യമുള്ള സസ്യങ്ങളിൽ നവജാതസൃഷ്ടി നടത്തി അവർ രൂപപ്പെടുത്തിയ വിളയിനങ്ങൾ ഇന്ന് ഏറെ ജനപ്രിയമാണ്.

ഇന്ത്യൻ അക്കാദമി ഓഫ് സയൻസിന്റെ സ്ഥാപകാംഗങ്ങളിലൊരാളായിരുന്ന ജാനകി അമ്മാളിനെ 1957-ൽ രാജ്യം പദ്മശ്രീ നല്കി ആദരിച്ചു. ഇന്ത്യയിൽ ഏറ്റവും പഴക്കമേറിയ സയൻസ് അക്കാദമിയാണ് നൊബേൽജേതാവ് സി.വി.രാമൻ 1934.ൽ സ്ഥാപിച്ച 'ഇന്ത്യൻ അക്കാദമി ഓഫ് സയൻസസ്. ആ വിശ്വോത്തര സ്ഥാപനത്തിലെ പ്രഥമ സ്ത്രീഫെല്ലോ ആയി തിരഞ്ഞെടുക്കപ്പെട്ടത് ഇ.കെ.ജാനകിഅമ്മാളായിരുന്നു. ഔദ്യോഗികജീവിതത്തിൽ നിന്ന് വിരമിച്ച ശേഷം അവർ മദ്രാസ് സർവകലാശാല സസ്യശാസ്ത്ര വിഭാഗത്തിന്റെ ചെന്നൈക്കടുത്തുള്ള മദുരവയൽ ഗവേഷണശാലയിൽ ഔഷധസസ്യങ്ങളുടെ ഗവേഷണത്തിൽ ശ്രദ്ധകേന്ദ്രീകരിച്ചു. അവിവാഹിതയായിരുന്ന അവർ 1984 ഫെബ്രുവരി ഏഴിന് ചെന്നൈയിൽ നിര്യാതയാവും വരെ ഗവേഷണസപര്യ തുടർന്നു. ▪

# റാണിപുരത്തെ മരതകപ്പച്ച

**വി വി പ്രഭാകരൻ**
മാധ്യമ പ്രവർത്തകൻ

പച്ചയുടെ ചേലചുറ്റി താഴ്‌വരകളുടെ നിത്യ ശാന്തതയിൽ ഉറങ്ങുന്ന മഴക്കാടാണ് റാണിപുരം. കാസർകോട്ടെ വനകാന്തിയുടെ സൗന്ദര്യമറിയാൻ ആഗ്രഹിക്കുന്നവരുടെ പറുദീസ. സഞ്ചാരികൾ അത്യുത്തര കേരളത്തിലെ 'ഊട്ടി'യെന്ന് വിളിക്കുന്ന ഇവിടത്തെ മോഹപ്പച്ചയിൽ മേഘങ്ങൾ മുട്ടിയുരുമ്മുമ്പോൾ സഞ്ചാരികളുടെ മനസ്സിലും ചാറ്റൽ മഴപെയ്യും. ഹൃദയഹാരിയായ താഴ്‌വരയിൽ അപൂർവ പുഷ്പങ്ങളും പാറിപ്പറക്കുന്ന ചിത്രശലഭങ്ങളും മേഞ്ഞു രസിക്കുന്ന കലമാൻ കൂട്ടങ്ങളും ആനകളും ചേരുമ്പോൾ റാണിപുരം ഭൂമിയിലെ ശാദ്വല സൗന്ദര്യത്തിന്റെ പരിച്ഛേദമാക്കുന്നു



സമുദ്രനിരപ്പിൽ നിന്ന് 1050 മീറ്റർ ഉയരത്തിൽ പശ്ചിമഘട്ട മലനിരകളിലാണ് റാണിപുരം. മഞ്ഞും പച്ചപ്പും മേഘങ്ങളും മനോഹരമാക്കുന്ന മഴനിഴൽ പ്രദേശം. വശ്യമനോഹരമാണ് ഇവിടുത്തെ കാഴ്ചകൾ. മുകളിൽ നീലാകാശം. കണ്ണെത്താ ദൂരത്തോളം പല മടക്കുകളിലായി കുന്നുകളും ഭംഗിയുള്ള താഴ്വാരങ്ങളും. ഇവിടത്തെ സവിശേഷതകൾ കേട്ടറിഞ്ഞു എത്തുന്നവർക്ക് ഉള്ളു തണുപ്പിക്കുന്ന കാഴ്ചകളും നുകർന്ന് കുന്നിൻ നെറുകയിലേക്ക് പോകാം. ഗിരിശൃംഗത്തിൽ നിന്നാൽ പാണത്തൂർ ടൗണും കർണാടകയിലെ തലക്കാവേരി വന്യജീവിസങ്കേതത്തിന്റെ മനം കുളിർപ്പിക്കുന്ന കാഴ്ചകളും ആസ്വദിക്കാം.

മരതകപ്പച്ചയണിഞ്ഞ വിശാലമായ താഴ്വരയുടെ മനോജ്ഞ ദൃശ്യവും മേഞ്ഞുനടക്കുന്ന കലമാൻ കൂട്ടങ്ങളും അനേകം വന്യമൃഗങ്ങളും ഭാഗ്യമുണ്ടെങ്കിൽ സഞ്ചാരികളുടെ കൺവെട്ടത്ത് പ്രത്യക്ഷപ്പെടും. പൊന്തക്കാടുകളിൽ നിന്നും പ്രത്യക്ഷപ്പെടുന്ന ആനക്കൂട്ടങ്ങളും കുരങ്ങുകളും റാണിപുരത്തിന്റെ കാനനഭംഗിയ്ക്ക് മാറ്റുകൂട്ടുന്നു. ഉദയാസ്തമയവും മഴയും മഞ്ഞും കുളിരും നിലാവും ചേർന്ന ഋതു ഭേദങ്ങളുടെ നിർവൃതിയിൽ പൂത്തുലഞ്ഞു നിൽക്കാറുണ്ട് സഞ്ചാരികളെയും കാത്ത് എപ്പോഴും ഇവിടത്തെ കാട്ടുചെടികൾ.

വൻമരങ്ങൾ, അപൂർവ ഔഷധ സസ്യങ്ങൾ, ദശപുഷ്പങ്ങൾ, വിവിധയിനം ഓർക്കിഡുകൾ, കാട്ടുപോത്ത്, കരിങ്കുരങ്ങ്, കലമാൻ, സിംഹവാലൻ കുരങ്ങ്, അപൂർവയിനം പക്ഷികൾ എന്നിവയാൽ സമൃദ്ധമായ ഈ വനമേഖല ശലഭനിരീക്ഷകർക്കും മനം നിറയ്ക്കുന്ന കാഴ്ചകളാവും സമ്മാനിക്കുക. ഗരുഡശലഭം മുതൽ ഏറ്റവും ചെറിയ ശലഭമായ കോമൺ ജിസബൽ വരെ ഇവിടത്തെ ജൈവവൈവിധ്യത്തിന്റെ സവിശേഷതയാണ്.

ഒക്ടോബർ മുതൽ മെയ് വരെയാണ് റാണിപുരം യാത്രക്ക് ഉത്തമം. മഞ്ഞുമഴനനഞ്ഞും കാട്ടുചെടികളുമായി കിന്നാരം പറഞ്ഞും ഇവിടെ കാട്ടു മൃഗങ്ങളെ കണ്ടും ട്രക്കിങ് നടത്താം. മഴയുടെ ചാരുത  അനുഭവിക്കാം. ഒപ്പം രണ്ടായിരം വർഷത്തിലേറെ പഴക്കമുള്ള, ബ്രാഹ്മിലിപിയുടെ അപൂർവ്വ ശേഖരമുള്ള ശിലാലിഖിതങ്ങൾ കണ്ടെടുത്ത മണ്ണിൽ സ്വന്തം സാന്നിധ്യമറിയിക്കാം.



## റാണിപുരത്തേക്കുള്ള വഴികൾ

കാസർകോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നിന്നും 45 കിലോമീറ്റർ അകലെയാണ് റാണിപുരം. കാഞ്ഞങ്ങാട്-പാണത്തൂർ സംസ്ഥാന പാതയിലെ പനത്തടി ബസാറിൽ നിന്ന് പത്തുകിലോമീറ്റർ സഞ്ചരിച്ചാൽ റാണിപുരത്തെത്താം. കർണാടകയിൽ നിന്നും മടിക്കേരി-ബാഗമണ്ഡലം-പാണത്തൂർ വഴിയും ഇവിടെ എത്തിച്ചേരാം. കാഞ്ഞങ്ങാട്ടുനിന്നും റാണിപുരത്തേക്ക് സ്വകാര്യ ബസ്സും കെ.എസ്.ആർ.ടി.സി ബസ്സും സർവീസ് നടത്തുന്നുണ്ട്. സഞ്ചാരികൾക്ക് പനത്തടി ബസാറിൽ നിന്ന് ടാക്സിയും ജീപ്പും ലഭ്യമാണ്. വിനോദസഞ്ചാരികൾക്കായി ഇവിടെ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ കീഴിൽ കോട്ടേജ് സൗകര്യം ഒരുക്കിയിരിക്കുന്നു. മുൻകൂട്ടി അറിയിച്ചാൽ ഭക്ഷണവും ലഭ്യമാകും. വിവരങ്ങൾക്ക് 0467-2227755 (ഡി.ടി.പി.സി ഓഫീസ്)



# പറന്നുയർന്ന പക്ഷിക്കൂട്ടം

കോവിഡ് മഹാമാരി ഏറ്റവുമധികം പിടിച്ചുലച്ചത് കുരുന്നുജീവിതങ്ങളെയായിരിക്കും. ക്ലാസ് മുറിയിലെ പഠനവും കളിചിരികളും ഇല്ലാതെ വീട്ടകങ്ങളിൽ ഒതുങ്ങിക്കൂടേണ്ടിവന്ന കാലം. ഇപ്പോൾ ജാഗ്രത കൈവിടാതെയാണെങ്കിലും കേരളത്തിൽ സ്കൂളുകൾ തുറന്നിരിക്കുന്നു. കുട്ടികൾ ഉത്സാഹം വീണ്ടെടുക്കാൻ തുടങ്ങിയിരിക്കുന്നു. എന്നാൽ ദുരിതകാലത്തിന്റെ ജഡതയെ പുതുചിന്തകളും തങ്ങളുടെ ഉത്സാഹത്തിൽ രൂപംകൊണ്ട സർഗാത്മകപ്രവർത്തനങ്ങളുംകൊണ്ട് അതിജീവിച്ച കുറച്ചു കുഞ്ഞുങ്ങളെയും അവർക്കൊപ്പം തണലായിനിന്ന ഒരു വിദ്യാലയത്തെയും അറിയാം. തിരുവനന്തപുരം ജില്ലയിലെ മീനാങ്കൽ ഗവ. ട്രൈബൽ സ്കൂളിലെ നാല് പത്താം ക്ലാസ് വിദ്യാർഥിനികൾ-അസ്ന എസ്, അഭിരാമി എസ്,ഗൗരിപ്രിയ പി.എസ്, എസ്.ദേവിക സന്തോഷ് എന്നിവർ 2020ലെ ലോക്ക് ഡൗൺ കാലത്ത് തുടക്കമിട്ട ചർച്ചാവേദി ഏറെ അനുകരണീയമായ മാതൃകയായി പ്രശംസനേടി. അധ്യാപകരുടെ പിന്തുണയിൽ ഗൂഗിൾ മീറ്റിലൂടെ ഇവർ സംഘടിപ്പിച്ച ചർച്ചാപരിപാടികളിൽ കവികൾ, പ്രഭാഷകർ, മാധ്യമപ്രവർത്തകർ, ശാസ്ത്രഗവേഷകർ തുടങ്ങിയവരൊക്കെ പങ്കാളികളായി. വൈക്കം മുഹമ്മദ് ബഷീറിന്റെ ഭൂമിയുടെ അവകാശികളെക്കുറിച്ച് പറയാൻ അതിഥികളായി എത്തിയത് കവികളായ അൻവർ അലിയും അനിതാ തമ്പിയുമായിരുന്നെങ്കിൽ നമ്മുടെ ഭൂമി എന്ന വിഷയത്തെക്കുറിച്ച് സംസാരിച്ചത് അന്തർദേശീയ പ്രശസ്തനായ ഉഭയജീവിഗവേഷകൻ ഡോ.എസ്.ഡി.ബിജുവാണ്. മലയാളം കമ്പ്യൂട്ടിങ്ങിനെപ്പറ്റി സൈബർ വിദഗ്ധൻ അനിവർ അരവിന്ദ് സംവദിച്ചു. നിരൂപകൻ പി.കെ രാജശേഖരൻ, ശാസ്ത്രജ്ഞൻ ഡോ.ബിജു ലോഞ്ജിനസ്, എഴുത്തുകാരൻ എസ്.ഗോപാലകൃഷ്ണൻ, റേഡിയോ അവതാരക അഞ്ജലി രാജൻ, പത്രപ്രവർത്തകൻ ഇ.എ ആന്റണി തുടങ്ങിയവരൊക്കെ ജൂലൈ മുതൽ നവംബർ വരെയുള്ള ദിവസങ്ങളിലായി ഓൺലൈനിലൂടെ കുട്ടികൾക്കൊപ്പമെത്തി. മീനാങ്കൽ സ്കൂൾ കുട്ടികൾ

മാത്രമല്ല, സംസ്ഥാനത്തിന്റെ പലയിടങ്ങളിൽ നിന്നുള്ള കുട്ടികൾ പങ്കെടുക്കുന്ന രീതിയിലായി പല ചർച്ചാവേദികളും. പത്താം ക്ലാസ് പരീക്ഷയ്ക്ക് തയ്യാറെടുക്കേണ്ടതിനാൽ കൂടിച്ചേരലുകൾ അവസാനിപ്പിക്കേണ്ടിവന്നു. നാൽവർ സംഘത്തിൽ എല്ലാവരും എ പ്ലസ് നേടി വിജയിക്കുകയും ചെയ്തു.

കൂട്ടായ്മയുടെ സാർഥകമായ സമാപനം എന്ന രീതിയിൽ കുട്ടികൾ ഏറ്റെടുത്തത് അന്തോൺ ചെഖോവിന്റെ പ്രശസ്തമായ ബെറ്റ് എന്ന കഥ 'പള്' എന്ന പേരിൽ പുസ്തകരൂപത്തിലും ഓഡിയോബുക്ക് രൂപത്തിലും അവതരിപ്പിച്ചുകൊണ്ടാണ്. ബെറ്റിന്റെ പന്തയം എന്ന അർഥത്തിലുള്ള കാസർകോഡൻ നാട്ടുമൊഴിയാണ് 'പള്'. വിവിധ സ്കൂളുകളിലെ കുട്ടികളെക്കൊണ്ട് 'പള്' വായിപ്പിച്ച് ശബ്ദരേഖയാക്കിക്കൊണ്ടിരിക്കുകയാണ് ഇപ്പോൾ ഇവർ.

**ഇനി അഭിരാമി എഴുതട്ടെ...**

## അഭിരാമി.എസ്



എല്ലാവരുടെയും ജീവിതത്തിലെ മറക്കാനാവാത്ത അനുഭവമാണ് സ്കൂൾ ജീവിതം
കൊറോണക്കാലത്തിനു മുമ്പ് എനിക്കും എന്റെ കൂട്ടുകാർക്കും ഉണ്ടായിരുന്നു അങ്ങനെയൊരു മനോഹരകാലം. അഗസ്ത്യമലയുടെ താഴ്വാരത്തിലെ ഒരു ചെറിയ ഗ്രാമപ്രദേശമാണ് മീനാങ്കൽ. പരിമിതികളൊക്കെയുണ്ടെങ്കിലും അവിടുത്തെ ട്രൈബൽ സ്കൂളിൽ കൂട്ടുകാർക്കും അധ്യാപകർക്കും ഒപ്പമുള്ള ഓരോ നിമിഷവും വിലപ്പെട്ടതായിരുന്നു.

എന്നാൽ കൊറോണക്കാലം ഒരു ജയിൽവാസം ആയി ആണ് അനുഭവപ്പെട്ടത്. 14 ദിവസത്തിനുള്ളിൽ തീരുമെന്നു പ്രതീക്ഷിച്ച ലോക്ക്ഡൗൺ കാലം നീണ്ടുപോയപ്പോൾ നഷ്ടപ്പെടുന്ന ചിലതുണ്ട് എന്നു തിരിച്ചറിയുകയായിരുന്നു. പാറിപ്പറന്നിരുന്ന പക്ഷികളെ കൂട്ടിലടച്ച പ്രതീതി. സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ പണ്ട് നടത്തിയിരുന്ന പ്രതിവാര ചർച്ചാവേദിയും വായനയെയും എഴുത്തിനെയും പ്രോത്സാഹിപ്പിക്കുന്ന പ്രിയപ്പെട്ട അധ്യാപകർക്കൊപ്പമുള്ള ഉച്ചഭക്ഷണനേരത്തെ ചർച്ചകളുമൊക്കെ വീണ്ടും ഓർമകളിൽ മാധുര്യം നിറച്ചത് ആ വൈകുന്നേരങ്ങളിലായിരുന്നു.



കൊറോണയും ക്വാറന്റീനും ലോക്ക്ഡൗണും മാസ്കും ഒക്കെ നിത്യജീവിതത്തിലേക്കു കടന്നുവരുന്നതിന് എത്രയോ മുമ്പ് മാസ്കും ജയിൽജീവിതവും ശീലമായ ഒരാൾ വീട്ടിലുണ്ടായിരുന്നു. അമ്മ. ഞങ്ങൾ കുട്ടികളുടെ സ്വഭാവത്തിൽ വരുന്ന മാറ്റം തിരിച്ചറിയാൻ അതുകൊണ്ടാകും അമ്മയ്ക്ക് പെട്ടെന്നു കഴിഞ്ഞു.

ക്ലാസ് ടീച്ചറായിരുന്ന മായ ടീച്ചറാണ് ഗൂഗിൾ മീറ്റിൽ പാരന്റ്സ് മീറ്റിംഗ് നടത്താൻ പോകുന്നു എന്നു പറഞ്ഞത്. കൂട്ടുകാരുമായി സംവദിക്കാൻ ആ പ്ലാറ്റ്ഫോം ഉപയോഗിക്കാമല്ലോ എന്ന ചിന്ത ഉണ്ടായി.

ഉച്ചഭക്ഷണനേരത്തെ ചർച്ചകളുടെ മാതൃകയിൽ തുടങ്ങിയാലോ? സാമൂഹിക ശാസ്ത്ര അധ്യാപകനായിരുന്ന ഉദയൻ സാറിനോട് ഇക്കാര്യം പറഞ്ഞപ്പോൾ ഡബിൾ ഓക്കെ. പിന്നെല്ലാം പെട്ടെന്നായിരുന്നു. ദേവിക, ഗൗരിപ്രിയ, അസ്ന എന്നിവർ ഒപ്പം ചേർന്നപ്പോൾ പറക്കാൻ ഒരാകാശം കിട്ടിയ സന്തോഷം. എങ്ങനെ ചർച്ചകൾ നടത്താം എന്നായി ഞങ്ങളുടെ ചിന്ത. ട്രയൽ മീറ്റിംഗുകൾ നടത്തി. അതിൽ ഞങ്ങൾക്കൊപ്പം മനോജ് സാറും പങ്കുചേർന്നു. 2020 ജൂലൈ മാസത്തിൽ ആദ്യ ചർച്ച. കുട്ടികളുടെ ചർച്ചാവേദി മീനാങ്കൽ എന്ന വേദിക്ക് ലോക്ക് ഡൗൺ അനുഭവങ്ങൾ പറഞ്ഞുകൊണ്ട് ഞങ്ങളുടെ അസ്ന തന്നെയാണ് തുടക്കമിട്ടത് അത് ഒന്നര മണിക്കൂർ നീണ്ടു. പ്രിയപ്പെട്ട അധ്യാപകർ, കൂട്ടുകാർ ഒക്കെ അരികിലെത്തിയ പ്രതീതി. നിറം നഷ്ടപ്പെട്ട, വിരസത നിറഞ്ഞ ദിനങ്ങൾക്ക് നിറങ്ങളും സ്വപ്നങ്ങളും പകർന്ന പോലെ.

പത്താം ക്ലാസിലായതിനാൽ പഠിക്കാൻ ഒരുപാട് ഉണ്ടായിരുന്നു. പക്ഷേ സ്കൂൾ അവധിയായതിനാൽ സമയം ഒരുപാട് ബാക്കിയും. പഠനത്തിന്റെ ഇടവേളകളിൽ കഴിഞ്ഞ ചർച്ചയെക്കുറിച്ചുള്ള റിവ്യൂ മീറ്റിങ്ങുകൾ നടത്തി. അതിൽ ഞങ്ങളുടെ അമ്മമാരും പങ്കുചേർന്നു. ആ റിവ്യൂ മീറ്റിങ്ങുകളിൽ നിന്ന് അടുത്ത പ്രോഗ്രാം എങ്ങനെ മെച്ചപ്പെടുത്താം എന്ന ആലോചനകൾ. സംഘാടക സമിതി രൂപീകരിച്ചു. അടുത്ത ചർച്ചകൾക്കു വേണ്ടിയുള്ള വിഷയങ്ങൾ ആലോചിച്ചു. പലതവണ ട്രയൽ മീറ്റിങ്ങുകൾ സംഘടിപ്പിച്ചു. മറ്റു കുട്ടികളെക്കൂടി ചർച്ചകളിൽ പങ്കെടുപ്പിച്ചാലോ എന്ന ആലോചനയുണ്ടായി. ഒത്തിരി പരിപാടികൾ സംഘടിപ്പിച്ചു. പ്രശസ്തരായ എഴുത്തുകാരും പത്രപ്രവർത്തകരുമൊക്കെ ഗൂഗിൾ മീറ്റിലൂടെ ഞങ്ങളോടു സംസാരിച്ചു. പല ജില്ലകളിൽ നിന്നുള്ള കുട്ടികൾ പങ്കെടുത്തു. 2020 നവംബറിൽ ചർച്ചകൾ നിർത്തിവച്ചു. അവസാന പ്രവർത്തനമെന്ന രീതിയിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. പ്രശസ്ത എഴുത്തുകാരൻ അന്തോൺ ചെഖോവിന്റെ 'ദ ബെറ്റ്' എന്ന കഥ പള് എന്ന പേരിൽ വി.ആർ.സന്തോഷ് സാർ ഞങ്ങൾക്കു വേണ്ടി വിവർത്തനം ചെയ്തു. ബ്ലോഗിൽ ഈ കഥ വായിക്കാം (https-://kcmeenankal.blogs pot.com) മഹാമാരിക്കാലത്ത് ഏറെ പ്രസക്തമായ ഈ കഥ നിരവധിപേരുടെ ശബ്ദത്തിൽ ഓഡിയോ ബുക്ക് പോഡ്കാസ്റ്റ് ചെയ്യുന്നുമുണ്ട്. ഇപ്പോൾ ആലോചിക്കുമ്പോൾ ഈ കൊറോണക്കാലത്തെ അതിജീവിക്കാൻ ചർച്ചാവേദിയുടെ പ്രവർത്തനങ്ങൾ എന്തുമാത്രം സഹായകമായി എന്നു മനസ്സിലാവുന്നു.



സംസ്ഥാന സർക്കാരിന്റെ കീഴിലെ വിവിധ സ്ഥാപനങ്ങൾ പരിചയപ്പെടുത്തുന്ന പംക്തി

## രജതജൂബിലി നിറവിൽ

# സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്

**ലോകവിജ്ഞാനം സാധാരണജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ 1961–ൽ സ്ഥാപിതമായ സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് വജ്രജൂബിലിയുടെ തിളക്കത്തിലാണ്. മലയാളത്തിൽ ഒരു വിജ്ഞാനകോശം നിർമിക്കുക എന്നത് 1957–ലെ ഇഎംഎസ് ഗവൺമെന്റിന്റെ പ്രഖ്യാപിത പദ്ധതികളിൽ ഒന്നായിരുന്നുവെങ്കിലും പിന്നീടുവന്ന പട്ടം താണുപിള്ള ഗവൺമെന്റാണ് 1961–ൽ ഇൻസ്റ്റിറ്റ്യൂട്ടിന് തുടക്കമിട്ടത്. വിജ്ഞാനവ്യാപനത്തിന്റെ ആറു ദശാബ്ദങ്ങൾ പിന്നിടുന്ന ഘട്ടത്തിൽ സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളെ കുറിച്ച്**

## ചരിത്രം

പ്രൊഫ. എൻ. ഗോപാലപിള്ള ചീഫ് എഡിറ്ററായുള്ള ആദ്യ പത്രാധിപസമിതിയിൽ എം.പി. അപ്പൻ, എൻ. ശേഖരപിള്ള, എബ്രഹാം ജോസഫ്, എ. മുഹമ്മദ് എന്നിവരായിരുന്നു അംഗങ്ങൾ. 1968–ൽ പ്രൊഫ. ഗോപാലപിള്ള നിര്യാതനായി. തുടർന്ന് 1969–ൽ ഡോ. കെ.എം. ജോർജ് ചീഫ് എഡിറ്ററായി ചുമതലയേറ്റശേഷം സർവവിജ്ഞാനകോശത്തിന്റെ ഘടന സംബന്ധിച്ച അന്തിമരൂപം നിശ്ചയിച്ചു.

ശാസ്ത്രം, ചരിത്രം, സാഹിത്യം, സാമൂഹികശാസ്ത്രം തുടങ്ങി സമസ്തവിഷയങ്ങളും ഉൾപ്പെടുന്ന വിജ്ഞാന കോശസഞ്ചയം എന്ന നിലയിലാണ് പ്രസിദ്ധീകരണം തീരുമാനിച്ചത്. 20 വാല്യങ്ങളിലായി ഏകദേശം മുപ്പതിനായിരം ശീർഷകങ്ങളിൽ ഈ പരമ്പര പൂർത്തിയാക്കുക എന്ന പദ്ധതിയും തീരുമാനമായി.

1976–ൽ ഇൻസ്റ്റിറ്റ്യൂട്ട് ഒരു സ്വയംഭരണസ്ഥാപന മായി രൂപപ്പെട്ടു. മുഖ്യമന്ത്രി ചെയർമാനും സാംസ്കാരിക വകുപ്പ് മന്ത്രി വൈസ് ചെയർമാനു മായ ഭരണസമിതി യാണ് പ്രവർത്തന ങ്ങൾക്ക് നേതൃത്വം നൽകുന്നത്.

## പ്രവർത്തനം

സർവവിജ്ഞാന കോശം 20 വാല്യങ്ങളിലായി പ്രസിദ്ധീകരിക്കുന്നതിനോടൊപ്പം വിവിധ വിഷയങ്ങളിലുള്ള വിഷയാധിഷ്ഠിത വിജ്ഞാനകോശങ്ങളുടെ പ്രസിദ്ധീകരണവും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിൽ ഉണ്ട്.

20 വാല്യങ്ങളിൽ പൂർത്തിയാക്കാനുള്ള സർവവിജ്ഞാനകോശം 17 വാല്യങ്ങൾ പ്രസിദ്ധീകരിച്ചുകഴിഞ്ഞു. 18–ാം വാല്യം അന്തിമഘട്ടത്തിലാണ്. 19, 20 വാല്യങ്ങൾ രണ്ടുവർഷംകൊണ്ടു പൂർത്തിയാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

1985–ൽ ആരംഭിച്ച വിശ്വസാഹിത്യവിജ്ഞാനകോശം എന്ന ഗ്രന്ഥസഞ്ചയം പത്തുവാല്യങ്ങളിലായി ഇതിനോടകം പൂർത്തീകരിച്ചു. പരിസ്ഥിതി, പരിണാമം, ജ്യോതിശ്ശാസ്ത്രം എന്നീ വിഷയങ്ങളിൽ ഏകവാല്യവിജ്ഞാനകോശങ്ങളും വാർഷികവിജ്ഞാനകോശം, സാസ്കാരികം എന്നിവയും ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ശ്രദ്ധേയമായ ഗ്രന്ഥങ്ങളാണ്. 2021 ൽ നിയമവിജ്ഞാനകോശം പ്രസിദ്ധീകരിച്ചു.



**ഡോ. എ.ആർ. രാജൻ**
**ഡയറക്ടർ**

> ഈ വജ്രജൂബിലി വർഷത്തിൽ ഒട്ടേറെ പദ്ധതികൾക്ക് ഞങ്ങൾ തുടക്കമിടുകയാണ്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ ഓൺലൈൻ അധിഷ്ഠിതമായി പുനസംഘടിപ്പിക്കാൻ തുടക്കം കുറിച്ചിട്ടുണ്ട്. പ്രതിമാസം ഒരു ഓൺലൈൻ ലഘുവിജ്ഞാനകോശവും ഓരോ വർഷവും അതിന്റെ പൂർണ പതിപ്പും പ്രസിദ്ധീകരിക്കും. സ്വാതന്ത്ര്യത്തിന്റെ 75–ാം വാർഷികത്തിന്റെ ഭാഗമായി സ്വാതന്ത്ര്യസമര ചരിത്രം സംബന്ധിച്ച ഒരു ഏകവാല്യ വിജ്ഞാനകോശവും സർക്കാരിന്റെ സമം എന്ന സാംസ്കാരിക പരിപാടിയുടെ ഭാഗമായി സ്ത്രീ മുന്നേറ്റങ്ങൾ സംബന്ധിച്ച വിജ്ഞാനകോശവും പ്രസിദ്ധീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ജില്ലകൾതോറും വിജ്ഞാന സദസ്സുകൾ, വിദ്യാർഥികൾക്കും അധ്യാപകർക്കുമുള്ള രചനാമത്സരങ്ങൾ, വൈജ്ഞാനിക പ്രതിഭകളെ ആദരിക്കൽ തുടങ്ങി വൈവിധ്യമാർന്ന പരിപാടികളുമുണ്ടാകും

## പുതുസംരംഭങ്ങൾ

കേരളത്തെ സംബന്ധിക്കുന്ന ഒരു സമഗ്രവിജ്ഞാനകേന്ദ്രം എന്ന നിലയിലേക്ക് ഇൻസ്റ്റിറ്റ്യൂട്ട് പരിവർത്തനം ചെയ്യപ്പെടുകയാണ്. വൈജ്ഞാനിക മേഖലയിലെ പുതിയ ചലനങ്ങൾ സമയബന്ധിതമായി ജനങ്ങളിൽ എത്തിക്കുന്ന ഓൺലൈൻ പ്രസിദ്ധീകരണങ്ങളാണ് വിഭാവനം ചെയ്യുന്നത്. ഇത് ഡിജിറ്റൽരൂപത്തിലും അല്ലാതെയും ലഭ്യമാക്കും. വെബ്സൈറ്റ്:. http://www.keralaculture.org/malayalam/sarvavijnanakosam/173 വിലാസം -GPO Ln, Pulimoodu, Thiruvananthapuram, Kerala 695001 ▪



# പുതിയ പ്രവാസം പുത്തൻ സുരക്ഷ



പ്രദീപ് കുമാർ

**മഹാമാരിയുടെ കാലത്ത് പ്രവാസികൾക്ക് സാന്ത്വനസ്പർശമേകുന്ന പുതിയ തൊഴിൽ സംരംഭക വായ്പാ പദ്ധതികളിലൂടെ മാതൃകയാവുകയാണ് സർക്കാർ**

നാടും മേടും കടലും കടന്ന്, വിശ്വപൗരനായ മലയാളി പുറംലോകത്ത് നിന്നും എത്തിക്കുന്ന സമ്പാദ്യം കൂടിയാണ് കേരളത്തിലെ ഉയർന്ന ജീവിത നിലവാരത്തിന്റെ അടിത്തറ. എന്നാൽ, കോവിഡ് മഹാമാരിയുടെ കാലത്ത് മിക്ക രാജ്യങ്ങളിലും പ്രവാസികൾ നേരിട്ടത്  ജീവിതത്തിലും തൊഴിലിലും കടുത്ത പ്രതിസന്ധിയെ ആയിരുന്നു. യാത്രാ സഹായവും ആശ്വാസ പദ്ധതികളും ഒരുക്കി നമ്മുടെ സർക്കാർ അപ്പോഴും പ്രവാസികളുടെ കരം പിടിച്ചു. വിവിധ രാജ്യങ്ങളിലെ ആരോഗ്യപ്രവർത്തകരുടെ സുരക്ഷിതത്വം മുതൽ ലേബർ ക്യാമ്പുകളിൽ വൈദ്യസഹായം

എത്തിക്കാൻ വരെ സജീവമായി ഇടപെട്ടു.

ആഗ്രഹിച്ചവരെ ജന്മനാടിന്റെ സുരക്ഷിതത്വത്തിൽ എത്തിക്കാൻ മാത്രമല്ല, ആരോഗ്യരക്ഷാ സംവിധാനങ്ങൾ ഒരുക്കിയും ലോക് ഡൗൺ കാരണം തിരികെ പോകാൻ കഴിയാത്തവർക്ക് സാമ്പത്തിക സഹായം നൽകിയും തുടക്കം മുതലേ നോർക്കയിലൂടെ സർക്കാർ പ്രവാസികൾക്ക് ആത്മവിശ്വാസം പകർന്നു. ക്ഷേമ പുനരധിവാസ പ്രവർത്തനത്തിന് പദ്ധതികൾ തയ്യാറാക്കി. പതിനഞ്ചേ മുക്കാൽ ലക്ഷത്തോളം കേരളീയർക്കാണ് ഇതിനകം പുറംദേശങ്ങളിൽ തൊഴിൽ നഷ്ടപ്പെട്ടത്. അവർക്കു കൈത്താങ്ങൊരുക്കാൻ സംരംഭക സഹായം, സ്കിൽബാങ്ക്, സാന്ത്വന, ബിസിനസ് കൗൺസിലിങ് തുടങ്ങിയ പദ്ധതികൾ യാഥാർത്ഥ്യമാക്കി രാജ്യത്തിനു തന്നെ മാതൃക തീർക്കുകയാണ് കേരളം.

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 2021 ഒക്ടോബർ വരെ 17,51,852 പ്രവാസിമലയാളികളാണ് കോവിഡ് 19 ജാഗ്രതാ പോർട്ടൽ പ്രകാരം തിരികെ എത്തിയിട്ടുള്ളത്. എന്നാൽ എയർപോർട്ട് അതോറിറ്റി ലഭ്യമാക്കുന്ന വിവരങ്ങൾ പ്രകാരം മെയ് 2020 മുതൽ ഒക്ടോബർ 2021 വരെയുള്ള കാലയളവിൽ കേരളത്തിലെ എയർപോർട്ടുകൾ വഴി 39,55,230 പേർ വിദേശങ്ങളിലേക്ക് യാത്ര ചെയ്തിട്ടുണ്ട്. തിരിച്ചുപോകാൻ ആഗ്രഹിച്ചവരിൽ ഭൂരിഭാഗം പേരും തിരിച്ചുപോയിട്ടുണ്ട് എന്ന് ഈ കണക്കുകൾ പ്രകാരം കരുതാവുന്നതാണ്.

തിരിച്ചെത്തിയ പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും തൊഴിൽ സംരംഭക പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും 2021 – 22 ലെ ബഡ്ജറ്റിൽ സർക്കാർ 50 കോടിരൂപയാണ് വകയിരുത്തിയിട്ടുള്ളത്. കുടുംബശ്രീ വഴി രണ്ട് ലക്ഷം രൂപ പലിശരഹിത സംരംഭകത്വവായ്പ നൽകി സാമ്പത്തിക സ്വാശ്രയത്വം നൽകുന്ന 'പ്രവാസി ഭദ്രത-പേൾ', സഹകരണ സ്ഥാപനങ്ങൾ പ്രവാസി കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്നിവ മുഖേന അഞ്ച് ലക്ഷം രൂപ വരെ സ്വയംതൊഴിൽ വായ്പ നൽകുന്ന 'പ്രവാസി ഭദ്രത-മൈക്രോ', സ്വയംതൊഴിൽ പദ്ധതികൾക്കായി KSIDC മുഖാന്തിരം 25 ലക്ഷം രൂപ മുതൽരണ്ട് കോടി രൂപ വരെ 8.25 ശതമാനം മുതൽ 8.75 ശതമാനം വരെ പലിശ നിരക്കിൽ വായ്പ നൽകുന്ന 'പ്രവാസി ഭദ്രത-മെഗാ' എന്നിങ്ങനെ തൊഴിൽ സംരംഭകത്വ പദ്ധതികൾ 'പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതി'യിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.

## നേടാം വായ്പകൾ, തുടങ്ങാം സംരംഭങ്ങൾ

കോവിഡ് മഹാമാരിയെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ടവരിലേറെയും വിദേശത്ത് അവിദഗ്ധ മേഖലകളിൽ കുറഞ്ഞ വരുമാനത്തിൽ ജോലി ചെയ്തിരുന്നവരാണ്. ഇവരുൾപ്പെടുന്ന പ്രവാസി സമൂഹത്തിന്റെ അറിവും കഴിവും അധ്വാനവും സമ്പാദ്യശീലവുമാണ് വിവിധ പദ്ധതികളിലൂടെ നവകേരളത്തിനായി നാം ഉപയോഗപ്പെടുത്തുന്നത്.

**പ്രവാസി സമൂഹത്തിന്റെ അറിവും കഴിവും അധ്വാനവും സമ്പാദ്യശീലവുമാണ് വിവിധ പദ്ധതികളിലൂടെ നവകേരളത്തിനായി നാം ഉപയോഗപ്പെടുത്തുന്നത്**

അതുകൊണ്ടുതന്നെയാണ് നാട്ടിൽ തിരികെ എത്തിയവർക്ക് രണ്ടു ലക്ഷം രൂപ മുതൽമുടക്കുള്ള മൈക്രോ സംരംഭങ്ങൾ മുതൽ വൻകിട സംരംഭങ്ങൾ ആരംഭിക്കാൻ വരെ സർക്കാർ സഹായവും പരിശീലനവും നൽകിവരുന്നത്. കുടുംബശ്രീയിലൂടെ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കാൻ രണ്ട് ലക്ഷം രൂപ വരെ പലിശരഹിത വായ്പയും സംരംഭകത്വ പരിശീലനമുൾപ്പെടെയുള്ള പിന്തുണയുമാണ് പ്രവാസി ഭദ്രത നാനോ എന്റർപ്രൈസ് അസിസ്റ്റന്റ് പദ്ധതി (പേൾ – പ്രവാസി എന്റർപ്രണർഷിപ്പ് ഓഗ്മെന്റേഷൻ ആൻഡ് റീഫോർമേഷൻ ഓഫ് ലൈവ്ലിഹുഡ്) മുഖേന ലഭിക്കുന്നത്.

സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കാൻ രണ്ട് മുതൽ അഞ്ചു ലക്ഷം രൂപ വരെ പലിശരഹിത വായ്പയും സംരംഭകത്വ പരിശീലനമുൾപ്പെടെയുള്ള പിന്തുണയുമാണ് ഓരോ പ്രവാസിക്കും പേൾ പദ്ധതിയിലൂടെ സർക്കാർ നൽകുന്നത്. കുടുംബ ശ്രീയുടെ ഭാഗമായി പുതുതായി രൂപം കൊള്ളുന്ന യുവതീ ഗ്രൂപ്പിലെ അംഗങ്ങൾ, അവരോ അവരുടെ കുടുംബാംഗങ്ങളോ തൊഴിൽരഹിതരായ പ്രവാസികളാണെങ്കിൽ ഈ പദ്ധതിയിലൂടെ സംരംഭങ്ങൾ ആരംഭിക്കാനുന്നതിനുള്ള സാമ്പത്തിക സഹായം ലഭിക്കും. തൊഴിൽരഹിതരായ പ്രവാസികളുടെ അരക്ഷിതാവസ്ഥ ലഘൂകരിക്കുക, തൊഴിൽരഹിതരായി നാട്ടിൽ തിരികെയെത്തിയ പ്രവാസികൾക്ക് വരുമാനദായക പ്രവർത്തനങ്ങൾ നടത്താൻ പലിശരഹിത വായ്പ ലഭ്യമാക്കുക, സംരംഭം തുടങ്ങുന്നതിനാവശ്യമായ നൈപുണ്യ പരിശീലനം ലഭ്യമാക്കുക. തൊഴിൽരഹിതരായ പ്രവാസികൾക്ക് സ്ഥിരവരുമാനം ലഭിക്കുന്നതിലൂടെ സാമ്പത്തിക സ്വാശ്രയത്വം ഉറപ്പുവരുത്തുക തുടങ്ങിയ ലക്ഷ്യങ്ങളാണ് പ്രവാസി ഭദ്രത-നാനോയ്ക്കുള്ളത്.

## ബാങ്ക് വായ്പകൾക്ക് 15 ശതമാനം മൂലധന സബ്സിഡി

നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ്' (NDPREM) എന്ന സ്വയം സംരംഭക പദ്ധതിയും കോവിഡിന്റെ പശ്ചാത്തലത്തിൽ വിപുലീകരിച്ചു കഴിഞ്ഞു. 30 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് 15 ശതമാനം മൂലധന സബ്സിഡിയാണ് ഈ പദ്ധതി പ്രകാരം ഓരോ പ്രവാസിക്കും ലഭിക്കുന്നത്.

കെ.എസ്.ഐ.ഡി.സിയുമായി ചേർന്ന് 25 ലക്ഷം മുതൽ രണ്ട് കോടി രൂപ വരെ സംരംഭങ്ങൾക്കായി വായ്പ നൽകുന്ന പ്രവാസി ഭദ്രതാ പദ്ധതിയും സഹകരണ സ്ഥാപനങ്ങൾ ,പ്രവാസി കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, കെ എസ് എഫ് ഇ, കുടുംബശ്രീ എന്നിവയുടെ സഹകരണത്തോടെയുള്ള പ്രവാസി ഭദ്രത മൈക്രോ സ്കീമുമെല്ലാം വലിയ ആശ്വാസമാണ് പുറം ലോകത്തുനിന്നും നാട്ടിലെത്തിയവർക്കു നൽകി വരുന്നത്. പരിശീലനമുൾപ്പെടെയുള്ള പിന്തുണ കൂടിയാണ് ഓരോ സംരംഭകത്വ പദ്ധതിയിലും



സർക്കാരിന്റെ കരുതൽ.

പുറം ലോകത്തേക്കു തിരിച്ചു പറക്കാൻ ആഗ്രഹിക്കുന്ന പ്രവാസികൾക്കായി 'നോർക്ക സ്കിൽ റിപ്പോസിറ്ററി പദ്ധതി' എന്ന പേരിൽ ഏകജാല സംവിധാനവും തൊഴിൽ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനായി 'സ്കിൽ അപ്ഗ്രഡേഷൻ & റീഇന്റഗ്രേഷൻ പദ്ധതി'യും പ്രവാസികളുടെ പുരോഗതി ഉറപ്പുവരുത്തി മുന്നേറുകയാണ്. ഇവയ്ക്കൊപ്പം, കോവിഡ് രണ്ടാം തരംഗത്തിൽ സ്വദേശത്തെത്തിയ പ്രവാസി പെൻഷൻകാർക്കു ധന സഹായവും സർക്കാർ രേഖകൾക്ക് അപേക്ഷിക്കുന്ന പ്രവാസികൾക്ക് 15 ദിവസത്തിനകം ലഭ്യമാക്കലും സംസ്ഥാന സർക്കാർ ഉറപ്പു വരുത്തുന്നു.

## മാറുന്ന പ്രവാസത്തിനും വഴികാട്ടുന്ന കേരളം

ആഗോള തൊഴിൽ മേഖലയിലുണ്ടായ മാറ്റങ്ങളേയും സാധ്യതകളേയും അഭിസംബോധന ചെയ്തുകൊണ്ടാണ് കോവിഡാനന്തരം വിദേശത്തു തൊഴിൽ തേടിപോകുന്നവർക്കായി കേരളം വഴികാട്ടുന്നത്. നിലവിലുള്ള വിദേശ റിക്രൂട്ടിങ് സംവിധാനം പുതിയകാലത്തിനു ചേരും വിധം നാം നവീകരിച്ചു കഴിഞ്ഞു. തൊഴിൽ തേടി മറ്റു രാജ്യങ്ങളിലേക്ക് പോകുന്നവർക്ക് പരമാവധി സൗകര്യം ഒരുക്കാനും അവർ പ്രശ്നങ്ങൾ നേരിട്ടാൽ അതിനുള്ള പരിഹാര മാർഗങ്ങൾ ചർച്ച ചെയ്യാനും ഓവർസീസ് എംപ്ലോയേഴ്സ് കോൺഫറൻസ് എന്ന പേരിൽ ഒരു രാജ്യാന്തര സമ്മേളനം തന്നെ കേരളം വിളിച്ചു ചേർത്തു. അതിലെ കരുത്തുകൂടി ഉൾക്കൊണ്ടാണ് ഇനി കേരളത്തിലെ യുവത്വം തൊഴിൽ വിപണിയിൽ മാറ്റുരയ്ക്കുന്നത്.

യുവത്വത്തിന്റെ വിദേശ തൊഴിൽ സങ്കൽപ്പങ്ങൾക്ക് തിളക്കം പകർന്നും മഹാമാരി ഒഴിയുന്നതിനൊപ്പം പുതിയ സാധ്യതകൾ കണ്ടെത്തിയും സമഗ്രമായ പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതിന് 2,000 കോടി രൂപയുടെ വിശദമായ പദ്ധതി രേഖ കേന്ദ്രസർക്കാരിന് സമർപ്പിച്ചും കേരളം പ്രവാസികൾക്ക് സംരക്ഷണ കവചമൊരുക്കുകയാണ്

യുവത്വത്തിന്റെ വിദേശ തൊഴിൽ സങ്കൽപ്പങ്ങൾക്ക് തിളക്കം പകർന്നും മഹാമാരി ഒഴിയുന്നതിനൊപ്പം പുതിയ സാധ്യതകൾ കണ്ടെത്തിയും സമഗ്രമായ പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതിന് 2,000 കോടി രൂപയുടെ വിശദമായ പദ്ധതി രേഖ കേന്ദ്രസർക്കാരിന് സമർപ്പിച്ചും കേരളം പ്രവാസികൾക്ക് സംരക്ഷണ കവചമൊരുക്കുകയാണ്. വളർച്ചയുടെ പുതിയ ചക്രവാളങ്ങൾ തേടി അവർ പറക്കുമ്പോൾ കേരളത്തിന് മുന്നിൽ വിരിയുന്നത് പ്രതീക്ഷയുടെ പുതിയ ആകാശവും പുതിയ ഭൂമിയും മാത്രമല്ല, മാറിയ കാലത്തെ പ്രവാസത്തിന്റെ പുതുരൂപം കൂടിയാണ്.

ഓർമ്മ



# ശ്രീകണ്ഠേശ്വരം ജി പത്മനാഭപിള്ള

## (1864 നവംബർ 27– 1946 ജൂലൈ 16)

സുഖം എന്ന പദത്തിന്റെ അർത്ഥം എന്റെ നിഘണ്ടുവിൽ കൊടുത്തിട്ടുണ്ടെന്നു വരികിലും പരമാർത്ഥത്തിൽ അതെങ്ങനെയിരിക്കുമെന്നു ഞാൻ ഇതുവരെ അറിഞ്ഞിട്ടുള്ളവനല്ല.

1930 ഒക്ടോബർ 30നു ശബ്ദതാരാവലിയുടെ രണ്ടാം പതിപ്പിനു ശ്രീകണ്ഠേശ്വരം എഴുതിയ മുഖവുരയിൽനിന്ന്

സുഖം എന്തെന്നറിയാതെ ഒരു ജീവിതം മലയാളത്തിനായി, അതിന്റെ പദസമ്പത്തിനായി സമർപ്പിച്ചതിന്റെ അനശ്വരസ്മരണയാണ് ശബ്ദതാരാവലി. ഈ മഹാനിഘണ്ടു ഇന്ന് മലയാളഭാഷയുടെ എക്കാലത്തെയും വലിയ ഈടിരിപ്പുകളിലൊന്നാണ്. കൊല്ലവർഷം 1072 മുതൽ 1106 വരെ സുദീർഘമായ 34 വർഷങ്ങൾ നിഘണ്ടുനിർമ്മാണത്തിനായി ചെലവാക്കിയതായി മുഖവുരയിൽ അദ്ദേഹം പറയുന്നു. (1897ൽ ആരംഭിച്ച് 1923ൽ ആദ്യപതിപ്പ് പുറത്തിറങ്ങി. 1930ൽ രണ്ടാം പതിപ്പും) എന്നാൽ അദ്ദേഹത്തിന്റെ വാക്കുകളിൽ അതിനുശേഷവും ഹൃദയത്തിനു തൃപ്തിവരാതെ നിഘണ്ടു പരിഷ്കരണത്തിൽ മുഴുകുകയായിരുന്നു. 1938ൽ മൂന്നാം പതിപ്പും 1940ൽ ഒരു അനുബന്ധവും പ്രസിദ്ധീകരിച്ചു. ഏറെക്കുറെ ഒരു ജന്മം മുഴുവൻ കവർന്നെടുത്ത ത്യാഗഭരിതമായ രചനാസംരംഭമാണ് അതെന്ന് ഇന്നു നാം തിരിച്ചറിയുന്നു.

തിരുവനന്തപുരം ശ്രീകണ്ഠേശ്വരം വാറുവിളാകത്ത് വീട്ടിലാണ് പത്മനാഭപിള്ളയുടെ ജനനം. മലയാളത്തിലെ ആദ്യഭാഷാചരിത്രകാരനായ പി.ഗോവിന്ദപ്പിള്ള മാതൃസഹോദരനാണ്. കുറച്ചുനാൾ അഭിഭാഷകനായും സർക്കാർ ജോലിക്കാരനായുമൊക്കെ തൊഴിലാക്കിയെങ്കിലും അദ്ദേഹത്തിന്റെ മനസ്സ് എന്നും വാക്കുകൾക്ക് പിന്നാലെയായിരുന്നു. പദശേഖരണക്കമ്പം 1904ൽ കീശാനിഘണ്ടു എന്ന ചെറുനിഘണ്ടു പ്രസിദ്ധീകരിക്കുന്നതിലെത്തിച്ചു. എന്നാൽ ബൃഹദ്നിഘണ്ടുവിന് പ്രസാധകരെ കിട്ടാതെ വന്നപ്പോൾ സഞ്ചികകളായാണ് ഒന്നും രണ്ടും പതിപ്പുകൾ പ്രസിദ്ധീകരിച്ചത്.

എന്താണ് ശബ്ദതാരാവലിയെ വേറിട്ടുനിർത്തുന്നത്. വാക്കുകളുടെ അർത്ഥവും പ്രയോഗസവിശേഷതകളും വിവരിച്ചുപോകുന്നതിനപ്പുറം ഒരു ജീവചരിത്രകോശത്തിന്റെയും സംസ്കാരചരിത്രനിഘണ്ടുവിന്റെയും സ്വഭാവമാണതെന്ന് നിരൂപകനായ ഡോ.കെ.എസ്. രവികുമാർ നിരീക്ഷിക്കുന്നു.

ഇന്നിപ്പോൾ നിഘണ്ടുക്കൾ ധാരാളം. എന്നാൽ ശബ്ദതാരാവലിയെ അതിജീവിക്കുന്ന ഒന്ന് പിന്നീട് ഉണ്ടായില്ല. അതെപ്പറ്റി ശ്രീകണ്ഠേശ്വരം ഓർമ്മപ്പെടുത്തുന്നത്, നിഘണ്ടുരചന സൗഭികസമ്പ്രദായമല്ല (ചെപ്പടിവിദ്യ) എന്ന് പറഞ്ഞുകൊണ്ടാണ്.

ന്യൂഡൽഹിയിൽ നടക്കുന്ന ഇൻഡ്യാ അന്തർദേശീയ വ്യാപാരമേളയിലെ
(നവംബർ 14 – 27) കേരള പവലിയന്റെ ദൃശ്യങ്ങൾ








KERALA

Date of Publication: 01.11.2021
RNI No.2014/58028 Price: 12.00




Printed and Published by S.Harikishore IAS, Director, Information Public Relations Department
on behalf of Government of Kerala and Printed at Orange Printers Pvt.Ltd, Thiruvananthapuram-1, Kerala.
Published from Information Public Relations Department, Govt.of Kerala, Government Secretariat, Thiruvananthapuram-695001
Editor: S.Harikishore IAS